No. 234

MARCH 2012

KERALA PRIVATE

# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

AKPCTA

54th STATE CONFERENCE

THRISSUR

എ.കെ.പി.സി.ടി.എ

54-ാം സംസ്ഥാന

സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ

Save Universities
Strengthen Higher Education

KERALA PRIVATE
# COLLEGE TEACHER

*a monthly journal of the all kerala private college teachers' association*

No. 234 March 2012

EDITORIAL BOARD

*Chief Editor*
Dr. S. Jayaraj kumar
*Managing Editor*
Dr. G. S. Suresh
*Assistant Editor*
Dr. M.S.Vasanthakumar

*Members*
P. Mammed
Dr. V. Rajendran Nair
Dr. K. P. Sukumaran Nair
Dr. Lekha Narendran
Dr. K. Sreevalsan
Dr. Mathew J. Muttath
A.G. Oleena
Dr. K.Biju kumar
Promod Vallachal
Dr. J. S. Sudhier
M.D. Ratheesh kumar
Dr. C. Unnikrishnan
Dr. N.Gopa kumar
Dr. Soju

AKPCTA State Committee Office
Mathurbhoomi Road, Vanchiyoor
Thiruvananthapuram-35
Phone: 0471- 2463494
Fax: 0471-2468984
Mobile:09495425219
e-mail:akpctatvm@gmail.com
www.akpcta.org




234

# inside

**Financing of Higher Education in the Twelth Five Year Plan**
*Dr. Rajan Varughese*

**Women Family Organisation**
*Dr. Asha E. Thomas*

തൃാഗമെന്നതേ നേട്ടം
*ഡോ. സി. ഉണ്ണികൃഷ്ണൻ*

ആണവനിലയവും
കൂടംകുളത്തെ പാവപ്പെട്ടവരും
*ഡോ. എം. എസ്. വസന്തകുമാർ*

കനലെരിയുമ്പോൾ
*എസ്. അജയഘോഷ്*

- General Secretary's Page
- Economic Focus
- ജില്ലാ വാർത്തകൾ
- ശാസ്ത്രജാലകം
- വനിതാവേദി
- സർവ്വീസ് പംക്തി
- സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ
- സമരപഥങ്ങൾ
- പുസ്തകലോകം
- സർക്കാർ ഉത്തരവ്

*View expressed by individuals in the journal are of their own and need not necessarily be taken as policy of the association.*

Chief Editor's Desk



# പുതിയ കമ്മീഷനും സി ബി സി എസ് എസും

കേരളത്തിലെ ആർട്സ് ആൻറ് സയൻസ് കോളജുകളിൽ കഴിഞ്ഞ എൽ.ഡി .എഫ് സർക്കാർ നടപ്പിലാക്കിയ പുതിയ പാഠ്യപദ്ധതിയായ ക്രെഡിററ് ആൻറ് സെമസ്ററർ സമ്പ്രദായവും ഗ്രേഡിംഗും കേരളത്തിൽ വന്ന ഭരണ മാററത്തിൻെറ പശ്ചാത്തലത്തിൽ കടുത്ത വിവാദങ്ങൾക്ക് വഴിവച്ചിരിക്കുകയാണ്. മഹാഭൂരിപക്ഷംവരുന്ന ഇടത്തരക്കാരും പാവപ്പെട്ടവരും കൂലിപ്പണിക്കരുമായ ജനങ്ങളുടെ മക്കൾക്ക് ഉന്നതവിദ്യാഭ്യാസത്തിനായി അവസരം ലഭിക്കുന്നത് ഈ സ്ഥാപനങ്ങളിൽ മാത്രമാണ്. അതുകൊണ്ടുതന്നെ ഉന്നതവിദ്യാഭ്യാസരംഗത്തെ ഗുണമേന്മയ്ക്കായുള്ള ഒരു ജനാധിപത്യ സർക്കാരിൻെറ മുൻഗണനാ രംഗത്തെ ഗുണമേന്മയ്ക്കായുള്ള പട്ടികയിൽ ആദ്യം വരേണ്ടത് ഈ മേഖലയാണ് എന്നതാണ് നമ്മുടെ സംഘടന വച്ചു പുലർത്തുന്ന കാഴ്ചപ്പാട്. അതു കൊണ്ടാണ് കഴിഞ്ഞ ഇടതുപക്ഷ സർക്കാർ നടപ്പിലാക്കിയ ഡിഗ്രിതല പരിഷ്കാരത്തെ സർവ്വാത്മനാ സ്വാഗതം ചെയ്യുകയും അത് വിജയയിപ്പിക്കുന്നതിനായി കിണഞ്ഞ് പരിശ്രമിക്കുകയും ചെയ്തത്. ഡിഗ്രിതല വിദ്യാഭ്യാസം ഇന്ന് കൂടുതൽ ആകർഷണീയവും അക്കാദമികമായി മെച്ചപ്പെട്ടതുമായിരിക്കുന്നു. ഡിഗ്രിപഠനത്തിനായി കോളജുകളിലെത്തുന്ന കുട്ടികളുടെ എണ്ണം കാര്യമായി വർദ്ധിച്ചിരിക്കുകയുമാണ്. അഡ്മിഷനിലെ സുതാര്യമായ ഏകജാലക സംവിധാനവും മെരിററിൻെറയും സാമ്പത്തിക പിന്നോക്കാവസ്ഥയുടെയും അടിസ്ഥാനത്തിൽ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസ സ്കോളർഷിപ്പ് നല്കുവാനുള്ള പദ്ധതിയും ഗുണമേന്മവർദ്ധിക്കുന്ന ഇതര പദ്ധതികളും കോളജുകളിൽ ഉന്നത വിദ്യാഭ്യാസത്തിനായെത്തുന്ന വിദ്യാർത്ഥികൾക്ക് സഹായകമായിട്ടുണ്ട്. പൊതുവേ ആർട്സ് ആൻറ് സയൻസ് കോളജുകളിലെ വിദ്യാഭ്യാസം കുറെകൂടി സാമൂഹ്യശ്രദ്ധ കൈവരിക്കുന്നതിനിടയാക്കിയിട്ടുണ്ട്.

എന്നാൽ, പുതിയ പാഠ്യപദ്ധതിയെ തുടക്കത്തിലെ തന്നെ വിമർശിച്ചു പോന്നവർ ഉപരിപ്ലവമായ ചില ആരോപണങ്ങളും പരിമിതികളും ചൂണ്ടിക്കാണിച്ചു കൊണ്ട് രാഷ്ട്രീയമായ ഉദ്ദേശ്യത്തോടെ നിസ്സഹകരിക്കുന്ന നിലപാടാണ് സ്വീകരിച്ചു പോന്നത്. കേരളത്തിൽ ഒരു ഭരണമാററം വന്നപ്പോൾ അതിൻെറ മറവിൽ തല്പര കക്ഷികൾ ഈ ആരോപണങ്ങളെ പെരുപ്പിച്ച് കാണിച്ച് പദ്ധതിയെ തന്നെ അട്ടിമറിക്കുവാൻ കോപ്പുകൂട്ടുകയാണ്. അതിൻെറ ഭാഗമായിട്ടാണ് ഉന്നതവിദ്യാഭ്യാസ കൗൺസിലിൻെറ ഇടപെടലിലൂടെ ഒരു കമ്മിഷനെ വയ്ക്കുവാൻ തീരുമാനിച്ചിട്ടുള്ളത്. നിയുക്തമായ കമ്മീഷൻെറ അദ്ധ്യക്ഷയായി പ്രൊഫ. ഹൃദയകുമാരിയെയാണ് അവർ കണ്ടെത്തിയത്. അതിൻെറ അംഗങ്ങളാകട്ടെ തികച്ചും രാഷ്ട്രീയമായ കാഴ്ചപ്പാടോടെ ഈ പദ്ധതിയെ ആദ്യം മുതൽ തന്നെ എതിർത്തു പോന്നവരും. ഒരു പദ്ധതി നടപ്പിലാക്കി ആദ്യത്തെ ബാച്ച് വിദ്യാർത്ഥികൾ പുറത്തിറങ്ങുന്നതിനു മുമ്പാണ് ഇത്തരം നടപടി എന്നോർക്കേണ്ടതുണ്ട്. പതിററാണ്ടുകളായി തുടർന്നു വന്നിരുന്ന ഒരു പഠന വ്യവസ്ഥയെ മാററിക്കൊണ്ട് പുതുതായി ഒരു വ്യവസ്ഥ നിലവിൽ വരുമ്പോൾ ചില കുറവുകളും ആശങ്കകളും പരിമിതികളുമൊക്കെ ഉണ്ടാകുക സ്വാഭാവികമാണ്. നിലവിലിരിക്കുന്ന സാമൂഹ്യ രാഷ്ട്രീയ വ്യവസ്ഥയുടെ ഒരു ചെറുരൂപമാണ് നമുക്ക് ക്യാമ്പസുകളിൽ ദർശിക്കാൻ കഴിയുക. ഉന്നത വിദ്യാഭ്യാസ രംഗത്തെ എല്ലാ പ്രതിസന്ധികൾക്കും ഒററമൂലിയാണ് ഈ പരിഷ്കാരമെന്ന് ആരും കരുതുന്നുമില്ല. പരിമിതികളും അപാകതകളും കണ്ടാൽ അവ പരിഹരിക്കുന്നതിനുള്ള തുറന്ന ചർച്ചയും ആത്മാർത്ഥമായ ശ്രമവുമാണ് വേണ്ടത്. അല്ലാതെ ആ വ്യവസ്ഥയെ പാടെ ഇല്ലാതാക്കുകയല്ല വേണ്ടത്. നിലവിൽ വന്ന കമ്മിഷൻെറ

ടേംസ് ഓഫ് റഫൻസ് ആയി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നല്കിയിരിക്കുന്നത് ഈ പദ്ധതിയെ അപ്പാടെ മററാനല്ല മറിച്ച് അപാകതകൾ പരിഹരിക്കുവാനാണെന്ന് വ്യക്തമാക്കുന്നു. അത് സ്വാഗതാർഹമാണ് എന്നാൽ പരീക്ഷാ നടത്തിപ്പ്, മൂല്യപരിശോധന, ഗ്രേഡിംഗ് എന്നിവയിൽ സമാനതയുണ്ടാക്കുവാനും സിലബസിൽ സമാനതയുണ്ടാക്കുവാനുമുള്ള നിർദ്ദേശങ്ങളാണ് കമ്മിഷനിൽ നിന്നും പ്രതീക്ഷിക്കുന്നതെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. ഗ്രേഡിംഗിലെ സമാനത സംബന്ധിച്ച് വിശദമായ പഠനം നടത്തി നമ്മുടെ സംഘടന തന്നെ ഉന്നത വിദ്യാഭ്യാസ കൗൺസിലിന് വിശദമായ റിപ്പോർട്ട് നല്കുകയുണ്ടായി. മൂല്യപരിശോധനയിലും പരീക്ഷാ നടത്തിപ്പിലുമെല്ലാം കഴിയുന്നത്ര മേഖലകളിൽ സമാനതയുണ്ടാക്കാനുള്ള ശ്രമം ഇപ്പോൾ തന്നെ നിലവിലുള്ളതാണ്. എന്നാൽ, സിലബസ്സ് സംബന്ധിച്ച് സമാനതയുണ്ടാകണമെന്ന കാഴ്ചപ്പാട് സർവ്വകലാശാലകളുടെ ഉദ്ദേശ്യലക്ഷ്യങ്ങളെ തന്നെ ചോദ്യം ചെയ്യുന്ന ഒന്നാണ്. കേരളത്തിലെ സർവകലാശാലകൾ വ്യത്യസ്തമായ സാഹചര്യങ്ങളിലും അക്കാഡമിക അന്തരീക്ഷത്തിലും പ്രവർത്തിക്കുന്നവയാണ്. അവയ്ക്കെല്ലാം സമാനമായ സിലബസ്സ് ഉണ്ടാക്കണമെന്ന ആവശ്യം സർവകലാശാലകളുടെ അക്കാഡമിക് ആട്ടോണമിയ്ക്കെതിരാണ്. അതുകൊണ്ട് സിലബസ്സ് ഏകീകരണത്തിനായി ഒരു കമ്മീഷനെ നിർദ്ദേശിക്കുന്നത് തികച്ചും അശാസ്ത്രീയവും എതിർക്കപ്പെടേണ്ടതുമാണ്.

സി.ബി.സി.എസ്.എസിൻെറ വിമർശകർ മുന്നോട്ടു വയ്ക്കുന വാദഗതികൾ തികച്ചും ദുർബലവും ഉപരിപ്ലവവുമായ ചില വികാരങ്ങൾ മാത്രമാണ്. അവയ്ക്ക് പരിഹാരം കാണാൻ ഒരു കമ്മീഷനെ വയ്ക്കേണ്ട ആവശ്യമുണ്ടോ എന്നതാണ് പരിശോധിക്കേണ്ടത്. വേണ്ടത്ര മുന്നൊരുക്കങ്ങളില്ലാതെയാണ് പരിഷ്കാരം നടപ്പിലാക്കിയതെന്നാണ് ഒരു വിമർശനം. ഇത് വസ്തുതകൾക്ക് വിരുദ്ധമായതാണെന്നതിന് നിലവിലുള്ള അദ്ധ്യാപക സമൂഹം തന്നെയാണ് സാക്ഷികൾ. ഒരു വർഷക്കാലത്തിലേറെ നടത്തിയ പഠനങ്ങളും ശില്പശാലകളും പരിശീലനങ്ങളും കോളജ് അദ്ധ്യാപകർ മറക്കാറായിട്ടില്ല. കേരളത്തിൻെറയെന്നല്ല ഒരു സമൂഹത്തിലും ഒരു പുത്തൻ പരിഷ്കാരം ഉന്നത വിദ്യാഭ്യാസ രംഗത്ത് നടപ്പിലാക്കുന്നതിനായി ഇത്രയേറെ അദ്ധ്യാപക പങ്കാളിത്തവും ചർച്ചയും ദീർഘമായ പരിശീലനങ്ങളും നടന്നു കാണില്ല. സിലബസ്സ് പലതും അശാസ്ത്രീയാണെന്നതും ഉള്ളടക്കത്തിൽ അധികരിക്കപ്പെടുത്തുന്നതുമാണ് മറെറാരാരോപണം. സിലബസ്സ് എന്നത് എക്കാലത്തും മാറിമാറി വരുന്ന അദ്ധ്യാപക വിദ്യാർത്ഥി സമൂഹത്തിൻെറയും കാലഘട്ടത്തിൻെറയും ആവശ്യകതയനുസിരിച്ച് മാററത്തിന് വിധേയമാക്കേണ്ടതാണ്. അത് നടത്താൻ നിലവിലുള്ള ബോർഡ്സ് ഓഫ് സ്ററഡീസിനാണ് ഉത്തരവാദിത്തമുള്ളത്. കാലാകാലങ്ങളിൽ അതിനുള്ള ശ്രമം നടത്തുന്നതിന് അവർക്ക് കഴിയുന്നുമുണ്ട്. ഒരു സിലബസ്സ് പ്രയോഗത്തിൽ വരുമ്പോഴാണ് അതിലെ അപ്രായോഗിക വശങ്ങളും പരിമിതികളും ബോധ്യപ്പെട്ടുവരുന്നത്. അത് യഥാസമയം മാററുന്നതിന് തടസ്സങ്ങളൊന്നുമില്ലെന്നിരിക്കെ അതിനായി ഒരു കമ്മീഷൻെറ ആവശ്യകത ബോധ്യപ്പെടുന്ന ഒന്നല്ല. ഓപ്പൺ കോഴ്സുകളുടെയും തുടർമൂല്യനിർണ്ണയത്തിൻെറയും കാര്യത്തിലാണ് മറെറാരാരോപണം നിലനില്ക്കുന്നത്. ഓപ്പൺ കോഴ്സുകളെ സംബന്ധിച്ച പ്രശ്നങ്ങൾ ഇതിനിടെ സർവകലാശാലകളിൽ പരിഹരിച്ചു കഴിഞ്ഞിരിക്കയാണ്. പരീക്ഷയുടെ എണ്ണത്തിൽ വന്ന വർദ്ധനയും അതിൻെറ ഭാഗമായി യഥാസമയം പരീക്ഷകൾ നടക്കാതെ കോഴ്സുകൾ ലാഗ് ചെയ്യുന്നുവെന്ന വാദവും മുൻകാലങ്ങളിലും നിലനിന്നു പോരുന്ന പ്രശ്നമാണ്. ഇത് പരിഹരിക്കുവാൻ കേരളത്തിലെ പല യൂണിവേഴ്സിററികളും സാങ്കേതികമായി സൗകര്യങ്ങൾ നേടിക്കഴിഞ്ഞിരിക്കയാണ്. സർവകലാശാലാതലത്തിൽ ഭരണ പ്രക്രിയ കാര്യക്ഷമമാക്കിക്കൊണ്ടും ഓപ്പൺ സർവകലാശാല യാഥാർത്ഥ്യമാക്കിക്കൊണ്ടും മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാനാകൂ. ഈ സാഹചര്യത്തിൽ പുതിയ കമ്മിഷൻ എന്നത് ദുരുപദിഷ്ടവും അനാവശ്യവുമാണെന്നതാണ് വാസ്തവം.

**ഐഫക്ടോയുടെ നേതൃത്വത്തിൽ 6-ാം ശമ്പള കുടിശ്ശിഖ അനുവദിക്കുന്നതിനായിട്ടുള്ള രണ്ടാം ഘട്ട പ്രക്ഷോഭത്തിൻെറ ഭാഗമായി 2012 മാർച്ച് 14 മുതൽ 16 വരെ ഡൽഹിയിൽ നടക്കുന്ന അറസ്ററുവരിക്കൽ സമരം വൻ വിജയമാക്കുക.**

# 54-ാം സംസ്ഥാന സമ്മേളനം വിജയിപ്പിക്കുക

**ഡോ.വി.രാജേന്ദ്രൻനായർ**
ജനറൽ സെക്രട്ടറി
എ.കെ.പി.സി.ടി.എ



എ. കെ. പി. സി. ടി എ യുടെ 54-ാം സംസ്ഥാന സമ്മേളനം 2012 മാർച്ച് 9,10,11 തിയതികളിൽ തൃശൂർ ബ്രഹ്മസ്വം മഠം ഹാളിൽ വച്ച് നടത്തുവാൻ തീരുമാനിച്ചിരിക്കുയാണ്. സമ്മേളനത്തിന്റെ വിജയകരമായ നടത്തിപ്പിനായി വിപുലമായ ഒരു സ്വാഗത സംഘം സഹോദര സംഘടനകളുടെയും ബഹുജനപ്രസ്ഥാനങ്ങളുടെയും സഹായത്തോടെ പ്രവർത്തിച്ചു വരുന്നു. വിദ്യാഭ്യാസ- രാഷ്ട്രീയ- സാമൂഹിക സാംസ്കാരിക രംഗങ്ങളിലെ സമകാലീന പ്രശ്നങ്ങളെ അധികരിച്ചുള്ള സെമിനാറുകളും ശില്പശാലകളും അനുബന്ധ പരിപാടികളായി ജില്ലയിലെ വിവിധ കോളജുകളിൽ നടക്കുകയാണ്.

ഗൗരവതരമായ പ്രശ്നങ്ങൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഉയർന്നു വന്നിട്ടുള്ള സന്ദർഭത്തിലാണ് സംഘടനയുടെ സമ്മേളനം ചേരുന്നത്. കഴിഞ്ഞ പ്രവർത്തന വർഷത്തെ സംഘടനയുടെ പ്രവർത്തനവും സമരപ്രക്ഷോഭങ്ങളും വിശകലനം ചെയ്യുന്നതിനും നേട്ട-കോട്ടങ്ങളെ സംബന്ധിച്ച് സ്വയം വിമർശനപരമായി പരിശോധിച്ചു കൊണ്ട് ഭാവിപ്രവർത്തനങ്ങൾക്ക് രൂപം നല്കുന്നതിന് സമാഹകരമാകുന്ന ചർച്ചകൾ നടത്തുന്നതിനുമാണ് നാം സമ്മേളനത്തിലൂടെ മുഖ്യമായും ലക്ഷ്യമിടുന്നത്. കേന്ദ്ര സർക്കാർ ഉന്നത വിദ്യാഭ്യാസ മേഖലയെ കൂടുതൽ കേന്ദ്രീകരണത്തിലേക്കു നയിക്കുകയും സ്വകാര്യ കച്ചവട ശക്തികൾക്ക് പ്രയോജനകരമാകുന്ന നിയമ പരിഷ്കാരങ്ങൾക്ക് വേഗത കൂട്ടുകയും ചെയ്യുകയാണ്. സംസ്ഥാനത്താകട്ടെ പുതിയതായി അധികാരത്തിൽ വന്ന യു ഡി എഫ് സർക്കാർ കേന്ദ്ര സർക്കാരിന്റെ നവലിബറൽ നയങ്ങൾ പിന്തുടർന്നു കൊണ്ട് സർവകലാശാലകളുടെ ജനാധിപത്യ സ്വഭാവവും സ്വയംഭരണാവകാശവും ഇല്ലാതാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയാണ്. സർവകലാശാലകളെ സ്വന്തം കൈപ്പിടിയിലൊതുക്കുവാനായി ജനാധിപത്യ മര്യാദകളെല്ലാം തകിടം മറിച്ചു കൊണ്ട് തെരഞ്ഞെടുക്കപ്പെട്ട ഭരണ സമിതികളെ പിരിച്ചു വിട്ട് തങ്ങളുടെ ആശ്രിതരെ നാമനിർദ്ദേശം ചെയ്ത് ഭൂരിപക്ഷമുണ്ടാക്കിയിരിക്കയുമാണ്. സർവകലാശാലകളിൽ ഭരണാധികാരം പിടിച്ചെടുത്ത ശേഷം അവർ നടത്തുന്ന നടപടികൾ അങ്ങേയററം അപഹാസ്യവും സ്വജനപക്ഷപാതപരവും രാഷ്ട്രീയമായ പകപോക്കലിനു വേണ്ടിയുള്ളതുമാണ്. പരീക്ഷാസമ്പ്രദായമാകെ അവതാളത്തിലാകുകയും സർവകലാശാലകളുടെ ദൈംദിന ഭരണം തന്നെ തകരാറിലാകുകയും ചെയ്യുന്ന അവസ്ഥ ഏതാണ്ടെല്ലാ സർവകലാശാലകളിലുമുണ്ടായിരിക്കയാണ്. അഴിമതിയും കെടുകാര്യസ്ഥതയുമാണ് ഇന്ന് സർവകലാശാലകളെ ഭരിക്കുന്നത്. നമ്മുടെ കൂട്ടായ ശ്രമത്തിലൂടെയും കഠിനാധ്വാനത്തിലൂടെയും ഉയർത്തിക്കൊണ്ടു വന്ന ഡിഗ്രിതല പഠന പരിഷ്കാരത്തെ അട്ടിമറിയ്ക്കുവാനുള്ള ശ്രമങ്ങൾ നടത്തുകയാണ്. കഴിഞ്ഞു അഞ്ചു വർഷക്കാലം കൊണ്ട് ഈ രംഗത്തു നേടിയ നേട്ടങ്ങൾക്കുനേരെ ഏതാനും മാസത്തെ ഭരണം കഴിഞ്ഞപ്പോൾ തന്നെ യു.ഡി.എഫ് സർക്കാർ കനത്ത പ്രഹരമാണേല്പിച്ചിട്ടുള്ളത്. അതുകൊണ്ടാണ് *സർവകലാശാലകളെ രക്ഷിക്കൂ, ഉന്നത വിദ്യാഭ്യാസം സംരക്ഷിക്കൂ* എന്ന മുദ്രാവാക്യം നമ്മുടെ സംസ്ഥാന സമ്മേളനത്തിന്റെ ഭാഗമായി ഉയർത്തിയിട്ടുള്ളത്.

യു ജി സി ശമ്പള കുടിശ്ശിക ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നമ്മുടെ പ്ര

ക്ഷോഭം ദേശീയ തലത്തിൽ AIFUCTO- യുടെ നേതൃത്വത്തിൽ നടന്നു വരികയാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ നമ്മുടെ ന്യായമായ ഈ അവകാശം അംഗീകരിച്ചു കൊണ്ട് ഗ്രാൻറ് അനുവദിക്കുവാനും ശമ്പള കുടിശ്ശിക അനുവദിക്കുവാനും തയ്യാറാകുന്നില്ല. കൂടുതൽ ശക്തമായ പ്രക്ഷോഭമുണ്ടായാലെ അത് നമ്മുക്ക് നേടിയെടുക്കാനാകൂ. പ്രൊഫസർഷിപ്പ്, PhD അഡ്വാൻസ് ഇൻക്രിമെൻറ്, ലീവ് സറണ്ടർ, തടഞ്ഞു വെച്ചിരിക്കുന്ന പ്ലേസ്മെൻറ്/ പ്രൊമോഷൻ തുടങ്ങിയ വിഷയങ്ങളിൽ സർക്കാർ തലത്തിൽ നിരവധി തവണ ചർച്ച ചെയ്തുവെങ്കിലും അന്തിമതീരുമാനം കൈക്കൊള്ളാതെ നീട്ടിക്കൊണ്ടു പോകുകയാണ്.

നമ്മുടെ സംഘടനാ പ്രവർത്തനത്തെയും അദ്ധ്യാപകരെന്ന നിലയിലുള്ള ആവിഷ്കാര സ്വാതന്ത്ര്യത്തെയും സാമൂഹ്യപ്രതിബന്ധതയെയും നിയന്ത്രിക്കുന്ന നിരവധി നടപടികൾ മാനേജുമെൻറുകളുടെ ഭാഗത്തു നിന്നും ഉണ്ടായിക്കൊണ്ടിരിക്കുയുമാണ്. ഈ പ്രശ്നങ്ങളെയെല്ലാം വിശദമായ ചർച്ചയ്ക്ക് വിധേയമാക്കിക്കൊണ്ട് സംഘടനയുടെ പ്രക്ഷോഭത്തിൻെറ കരുത്ത് വർദ്ധിപ്പിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ഉണ്ടാകുകയും വേണം. അതിനായി സമ്മേളനത്തിൽ അധ്യാപക പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും സംഘശക്തി ഉണർത്തുന്നതിനും വേണ്ടി നാം ഓരോരുത്തരും പരിശ്രമിക്കേണ്ടതാണ്.

അഭിവാദ്യങ്ങൾ........


## യൂണിവേഴ്സിറ്റികളെ രക്ഷിക്കൂ
## ഉന്നതവിദ്യാഭ്യാസം സംരക്ഷിക്കൂ

അഭിവാദ്യങ്ങൾ

എ.കെ.പി.സി.ടി.എ
54-ാം സംസ്ഥാന
സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ


വി.ടി.എം. എൻ.എസ്.എസ്.കോളജ്
ധനുവച്ചപുരം



# Financing of Higher Education in the Twelth Five Year Plan

## The Public- Private Partnershp mode

**Dr. Rajan Varughese**
*Pro Vice Chancellor MG University*



The Planning Commission of India has published the draft approach paper for the Twelfth FYP (2012-2017).In the draft ,the section under Education and Skill Development details the goals and strategies envisaged in the Plan for education in general and higher education in particular. The draft document highlights the growing youth aspirations and massive expansion of schooling which according to the planners is creating a huge demand for higher education. Higher education is also essential to build a workforce capable of underpinning a modern, competitive economy. As a consequence, enrollment in higher education would have to be significantly increased in a demand driven manner during the Twelfth Plan. The process of broadening access, making higher education inclusive, and promoting excellence initiated during the Eleventh Plan must be consolidated and expanded further during the Twelfth Plan.

Several reforms in the regulatory framework are currently underway such as, a proper accreditation structure, quick redressal of disputes through educational tribunals and prevention of malpractices and establishment of a national level apex body, that is, National Commission on Higher Education and Research (NCHER) to ensure autonomy of institutions and enhancement of standards and provision for entry of foreign education providers. However, the crucial issue of making large investments required in higher education would have to be addressed squarely by mobilizing resources from Government and also from private sources.

**Plan of Action in 12th Five Year Plan**

*1) Shift of Focus to Quality*

The Plan envisages a strategic shift from mere expansion to improvement in quality higher education. For this, the focus is not only on larger enrollment, but also on the quality of expansion. During the Twelfth Plan period, an additional enrollment of 10 million is targeted in higher education equivalent to 3 million additional seats for each age group entering the higher education system. This will led to an increase the GER bringing it broadly in line with the global average.

The Plan speaks of a holistic and balanced expansion approach to target under-represented sections of society. Thrust is on consolidating and improving the capacity and quality of the existing institutions.

New institutions are to be set up to bridge regional imbalances and disparities across disciplines and to address special economic, social and technological needs of the country. Further, traditional education should be supplemented with skill based studies and institutional differentiation are sought to be encouraged so that institutions grow along their own growth trajectories without being clones of each other. Open and distance education methods are envisaged to augment capacity optimally. In addition, it also speaks of the concept of Meta University aimed at collaborative and multi-disciplinary learning that redefines knowledge-creation and knowledge-sharing in the twenty-first century.

**2) More Resources and Better Utilization**

The urgent need to step up both public and private investment in higher education (including technical) and increase in the efficiency of its utilization is also emphasized in the Plan. About 18.0 per cent of all government education spending or about 1.12 per centage of GDP is spent on higher education today. This may have to be raised to 25.0 per cent and 1.5 per cent respectively. It is also estimated that an increase of 0.38 per cent of GDP means an additional allocation of about Rs.25,000 crore to higher education for the Centre and the States taken together.

State Universities and their affiliated colleges that account for more than 90.0 per cent of the enrollment, it is argued that suffer from severe fund constraints and poor governance leading to poor quality. Strategic Central-funding based on State Higher Education plans is supposed to stimulate more state funding linked to academic and governance reforms which may include norm-based funding for State Universities and colleges. Allocation of operating budget henceforth will be based on objective norms and new investments based on competitive grants and performance contracts. Institutions are be encouraged to raise their own funds through various legitimate means. Reasonable tuition fees in higher education is to be supplemented with appropriate publicly-funded financial aid. The scale and reach of scholarship schemes and student loans are to be enhanced. Government guarantees for student loans is considered under the Plan. The central principle is that no student who is eligible to be admitted is deprived of higher education for financial reasons.

***3) Enhancing Employability***


The Plan calls for a clear focus on improving the empioyability of graduates. It says that Indian higher education which is organized into 'General" and 'Professional' streams. General education which is an excellent foundation for successful knowledge based careers, often fails to equip graduates with necessary work skills due to its poor quality. On the other hand, professional education is often expensive, lengthy and usually imparted in narrowly specialized private institutions, with little emphasis on liberal arts, which is essential for the development of intelligent able minded citizens. For both 'General' and 'Professional' education streams, integrated curriculum with greater flexibility in choice of subjects and innovative pedagogic practices are envisaged to improve the quality and hence employability. Graduates, it is argued that, it require the skills beyond the basics of reading, writing and arithmetic (the '3Rs'). Skills such as critical thinking, communication, collaboration and creativity (the 4Cs')are now important in more and more jobs. Accordingly, there is need to focus on the '4Cs'. Special emphasis on verbal and written communication skills, especially in English would go a long way in improving the employability of the large and growing mass of disempowered youth.

The Vocational Education and Training sector in the country, it is small and this limited capacity is under-utilised due to poor quality and lack of social status. The need to develop a large

sector offering short-cycle qualifications in the form of associate degrees catering to intermediate skills in the higher education space within the National Vocational Education Qualifications Framework is emphasized in the Plan. Emergence of this sector it is argued that would ensure vertical mobility for the pass-outs from the vocational sector and integrate them with the mainstream higher education.

*4) Encouraging Private Participation*

Private sector growth in higher education (including technical) are to be facilitated and innovative Public-Private Partnerships (PPP) are to be explored and developed in the Twelfth Plan. Private higher education accounts for about four-fifths f enrollment in professional higher education and one-third overall. This growth trend is likely to continue in the Twelfth Plan. Currently, this growth is restricted to specific areas and there are concerns about quality and use of unfair practices. The need for a clear policy to manage private education and a statutory and transparent framework. The 'not-for-profit' tag in higher education sector is going to be, perhaps, be re-examined in a more pragmatic manner so as to ensure quality without losing focus on expansion and equity. It is argued that deserving private institutions are to be benefitted with access to public funds in the form of loans, financial aid for



students and competitive funding for research.

**Financing the Higher Education in the 11th & 12th FYP:**

**The PPP Mode of financing**

The 11th Plan is a blue print for the implementation of divisive practices through inclusive slogans. "Towards Faster and More Inclusive Growth", is the motto of he XI Plan. The objective of the Plan, as per the Planning Commission, is twofold. It seeks to put the economy on a sustainable growth trajectory with a growth rate of approximately 10% by the end of the Plan period. It also seeks to reduce disparities across regions and communities. This is sought to be achieved by ensuring access to basic physical infrastructure as well as health and education services to all. The Plan document recognizes that better health and education are necessary preconditions for sustained long-term growth. The strategy for the realization of the goal would involve greater public investment in health and education on the one hand and pursuing the reforms agenda with greater vigor on the other.

The XI Plan in higher and technical education provides the most telling illustration of the new strategy. The Prime Minister has repeatedly called the Eleventh Plan a National Education Plan. The plan proposes to make the highest ever public investment in education, including higher education. The Prime Minister has put it on record that the Plan allocation for education would be stepped up from 7.7% of Gross Budgetary Support (GBS) for the Plan in the 10th Plan, to over 19% in the 11th Plan. In nominal terms, there would be a five-fold increase in spending on education in the 11th Plan as compared with the 10th Plan. This would be an unprecedented increase in financial support for education in India, if it actually materializes. The allocation for Higher and Technical Education (HTE)

has been raised 9 fold from Rs.9600 crore in the 10th Plan to Rs.84963. Of this, Rs.30,682 crores has been set apart for new initiatives which include the following : 16 Central Universities, 14 world class central universities, 370 colleges in lower GER districts, 8 IITs, 7 IIMs, 10 NITs, 20 IIITs, 5 IISER, 2 SPAs and 50 centres for training and research in frontier areas. The Planning Commission has estimated that a total of Rs.2,52,260 crores would be required for the implementation of the above schemes, indicating a resource gap of 2.22 lakh crores. In addition to the above, the Planning Commission has further estimated that an investment of 1 lakh crore would be required for setting up 200 more universities during the 11th plan, which would raise the resource gap to 3.22 lakh crore. In other words, of the total requirements for new initiatives in THE, only 8% would be contributed by the public sector. The remaining 92% will have to be contributed by the private sector.

Against the background, the Planning Commission wants to provide 'necessary enabling framework to attract private investment and Public Private Partnership (PPP) in THE sector'. The Planning Commission apparently seeks to reconcile business with charity. PPP is touted as the appropriate strategy for its implementation. Despite repeated protestations about the need for the enlightened not-for-profit private participation in THE, what the Planning Commission actually seeks to facilitate is not only de-facto commercialization of THE institutions, but also privatization of public assets in existing as well as new institutions. The new initiatives has special significance against the background of the increased allocation for HTE under the 11th Plan. It is becoming increasingly clear now that the nine fold increase in allocation for HTE is only intended to attract private entrepreneurs into HTE by placing before them the lure of public funds. The fact that only a small portion of the projected investment would come from public sources makes it clear that the public control over the private investment under PPP would be minimal. It is quite likely that the small public share will be swallowed up by the private sector provider who would bring in an overwhelmingly large portion of the total investment. The myth around not-for-profit PPP is being deliberately created to create a policy frame that will distinguish PPP mode from self-financing mode, so that the legal embargo against profiteering through self-financing institutions will not be applicable to commercial educational activities undertaken through PPP mode.

## Resource availability in the Twelfth FYP

A provisional assessment of resource availability for the Centre has been made by the Working Group on Centers Resources. It envisages a Gross Budgetary Support (GBS) for the Plan increasing from 4.92% of GDP in 2011-12 to 5.75% of GDP by the end of Twelfth Plan period. The increase in GBS as a percentage of GDP over a five year period is only 0.83 percent of GDP. The limited increase projected in the Central GBS implies strict prioritization of expenditure and dependence on the private sector for financing of plan.


**The reasons for the limited scope to increase GBS are the following.**

a) The net Tax Revenue for the Centre is expected to increase from 7.40 % of GDP in 2011-12 to 8.91% in 2016-17, an increase of 1.51% points.

b) Non-Tax Revenues are expected to fall from 1.40 % of GDP in 2011.12 to 0.88 % of GDP in 2016-17(largely because of the absence of prospects of large revenues as from spectrum proceeds)

c) The contribution of Non Debt Capital Receipts (mainly disinvestment proceeds) as a ratio of GDP is also expected to fall, partly because the scope for disinvestment is now limited if the govt. equity cannot be diluted below 51%.

The rationale of PPP mode of financing is built into the pattern of Twelfth Plan from its very inception.



# Women
# Family Organisation

**Dr. Asha E. Thomas**
*St. Paul's College, Kalamassery*

*Won First Prize in the literary competition conducted in connection with AKPCTA State Vanitha Convention*

## Introduction

Indian women play a major role in family circle. If the basic unit is strong, healthy and intact, society will have a sustainable development. India as nation can realize its full potential only when women can realize their full potential. When we look back we find that in ancient India there were eminent women philosophers like Gargi and Maitreyi who were given respectable position and who participated in many discussions at par with men. In our freedom movement also, the contribution of women is no less than that of men. It all happened at a time when the educated women constituted less than two percent of the total. After Independence also women as members of the Constituent Assembly participated in the task of drafting a constitution for India. It is a matter of pride that Indian constitution from its very inception has given the right to vote to women, making India one among the few countries to have done so.Today the number of women in India far outnumbers the total population of many countries and it is likely to expect the Indian woman to be a socially strong and empowered class. But in reality it is not so. It is regrettable that even today social evils like dowry, child marriages, female feticides and female infanticide continue to exist in our society. Despite of the efforts to raise the social status of women, India still ranks 118 among 177 nations to gender equity according to the Human Development Index for 2008.

Efforts have been taken towards empowering her ever since independence. The real challenge is to ensure that women are involved in the decision making process at home and in the society. This paper is written with the core theme *"Empowered Women-Empowered Nation"*.

## Women in India-Past and Present

According to various studies, women in ancient India enjoyed more or less equal status and rights with men. They were married at the mature age and also free to choose their husbands. On the other hand during the medieval period, the Indian woman's position in the society deteriorated. Traditions such as Sati, Jauhar and the Devadasis were followed which were later banned. During the British rule many reformers like Raja Ram Mohan Roy, Ishwar Chandra Vidyasagar fought for the social and economic upliftment of women.

Constitution of republic India included universal franchise, guarantees of equality, justice and non-discrimination. It was expected that guaranteed fundamental, social and economic rights will be accessed by everyone who wanted. It was also expected that the state would take leadership in promoting social and economic rights. In First Five Year plan there were many social welfare


programmes for women especially addressing the low literacy rate. In successive Five Year plans education of girl child and maternal health received special attention. Apart from the constitutional requirements, a large number of laws have been enacted to protect her. The women specific legislations include: Immoral Traffic (Prevention)Act 1956,The Dowry Prohibition Act 1961,The Commission of Sati (prevention) Act 2005.Besides these there are more than forty women-related legislations.

However the existence *of gender based discrimination* in the society which was enforced by religious, social and cultural norms created a *dark age* for Indian women. Gender discrimination is the violation of the right to life of women and deprives them of the civil, political and economic liberty both within the family and in the society around her. Violence against her adversely affected her personality by making her insecure, male depended and in many cases having no identity of herself.

Emerging Indian women has made notable contributions to the development of our country. They have achieved great laurels for the nation in various fields like sports, art, literature e.t.c. Personalities like Sonia Gandhi, Arundhati Roy, Sushama Swaraj and Prathibha Patil,P.T Usha,M.S Subbulakshmi,Aishwarya Rai,Sania Mirza,Karnam Malleshwari,Kiran Desai are some of the living icons in the country who have excelled in various fields. Efforts have been taken by both government and non government sectors in imparting education to women, giving them better health care, providing them with various means of livelihood and opportunities to participate in decision making at home and in society. The Women Reservation bill 2010,is another major step ,aimed at giving more political space to women and also to ensure their active participation in the development process.

Empowerment of Rural Women

India is an agrarian country and women constitute more than 65% of the agricultural work force. Around 45% self-employed farmers are women and about 60% of informal sector work force depending on agriculture is women. Rural women have been putting in unfathomable, intolerable and inadequately paid drudgery to earn for their families and to provide food security to the country's 1.14 billion people. The plight of most rural women has been pathetic since they have to work on their skimpy land to raise crops, take care of their children and family and also work as labourers on other farms since the income from their own farm is very less. Formulated agricultural policies also failed to build capacity among small farmers to grow more and respond to market needs, in which ultimate sufferers were women farmers and their



children. It was only after mid of 1990s that most rural women slowly found opportunity to access credit through the efforts of various *NGOs* and the concept of *Self-Help-Groups* (SHGs). Today more than 90% of SHGs constitute women borrowers and the repayment rate is almost 95% among these women clients inspite of their hardships and commitments to their children for food, health and education. Still, they face difficulty in receiving long term loans.

Rural development of the country depends to greater extend on the empowerment of rural women. Women-farmers should be enabled to have hassle-free access to credit, healthcare, sanitation, education, technology and public distribution system. Planned mechanization and assistance for marketing rural products can bring about a drastic change in the



lives of rural women.

### Growing Financial Independence of Urban Women

In a recent survey conducted by market research firm IMRB, it was found that income level of Urban Indian working women has doubled in the last decade. This increase has also led to doubling of average urban household income. As per the survey, the urban Indian woman who earned Rs 4,492 per month in 2001 was taking home as much as Rs 9,457 as of 2010. The rise in her income is directly reflected in the average monthly household income of urban going up from Rs 8,242 to Rs 16,509 in 2010.

On the other hand labour ministry of India is grappling with a surprising fact. As per a recent survey unemployment levels are the highest for young educated women in Indian urban area. Young women with secondary or higher secondary education in urban India have an unemployment rate of more than 70% compared to 51% for young males with similar education levels. These figures are based on the survey conducted using most conservative yardstick and indicates employment over the last one year.

Gender equity and social development in a country are inseparably interlinked. Reducing the disparity in nutritional, literacy, educational levels and job opportunities available between the sexes is essential for realisation of the country's full potentials.

Another question which needs to be answered is *"Why are Urban Women So Stressed out"?* In a recent survey conducted by a global research firm Nielsen, covering 6,500 women across 21 developed and developing countries revealed that women in India are more stressed out .Of the respondents in India, 87% said they felt stressed most of the time, while U.S it is only 53%.Can we quote the reason as Juggling roles given to her at home and at work? Or Is it because, traditional expectations of women are still conveyed in subtle but consistent ways? According to Hema Ravichandar, human resources advisor and formerly the global head of HR at IT firm Infosys: "Regressive mindsets in society and the workplace; a culture that rewards performance based on effort, with the number of hours spent rather than result; rigid work policies which do not factor in the need to spend extra time at home during critical phases like childbirth, adoption, etc., are unique to India."This also could explain why the role of women at top management levels is very minimal even today.

Our social mores, especially in the lower middle class give superior status to households where women don't work. In.many cases family with rising income decides to keep women at home. In short, if the attitude towards women, both in work place and in society at large is not changing, women will either opt out of the work force or faced with endless stress. This will result in a sharp blow to the country's demographic dividend.

### Participation and Representation of women in politics and administration

If we look at the current position of women in Indian democracy from an outsider's perspective, it is the most politically empowered country of the world for women. President of India, president of the ruling coalition of the Central Government, Speaker of Lok Sabha and chief ministers of National Capital Territory and the most populous Indian states are women. But in reality there is only 10.8 % of women representation in the Lok Sabha and 10.3 % in Rajya Sabha, India ranks 98 in the world, according to the data releases by the Inter-Parliamentary Union. The world's largest democracy has now only 59 women

representatives out of 545 members in Lok Sabha.

Women in India constitute nearly half the population of the country but they are poorly represented in the various governance and decision making bodies. The position depicted through the 14 general elections reflects a low representation of women in Parliament, State legislatures, in political parties and other decision-making bodies. Women's participation in mainstream political activity has important implications for the broader arena of governance in any country.

Administration and politics which originated with the formation of organised societies are generally dominated by men folk. Women, even in the matriarchal societies could hardly play a dominant role in it. But that does not indicate that women had no interest in his field. The fact is that organised society being a patriarchal one, did not encourage women's participation in that sphere. However, there are instances of intelligent and courageous women, who formally took the reins of government to their own hands or acted as good administrators. Among them there are few names like Kiran Bedi,Vandana Siva,Medha Patkar,Brinda Karat who could make a mark through their outstanding performance and who needs special reference. Kiran Bedi, has been India's first and highest woman ranking officer who joined the Indian Police Service in 1972. Her expertise includes more than 35 years of creative and reformative policing and prison management. Vandana Shiva has devoted her life for fighting for the rights of ordinary people in India. Her fierce intelligence and her disarmingly friendly, accessible manner have made her a valuable advocate for people all over the developing world.

The role played by Medha Patkar as a social activist in India brought lights in to the life of many. Narmada Bachao Andolan (NBA) initiated by Medha Patkar can be quoted as a remarkable move by her as a social activist. NBA has been effective in its multiple strategy at the executive, legislative and judicial level, campaigning against the destruction and displacement caused by large dams and for the rights of the affected people like farmers, labourers, fishermen and others.

## Towards Progress, Prosperity and Inclusive Growth

Indian women play a major role in a family, which is the basic unit of the society. If the basic unit is strong, healthy and intact, the society will have sustainable development. The status of modern women in India is definitely a sort of paradox. In one part she might be at the peak of ladder of success but on the other hand she may not receive any support from her own family members.

Even though we say our country is developed, the women community is still facing many problems including dowry, gender inequality and domestic violence. As a woman in India, I find that the outlook of the society is changing a lot in terms of acceptance of many roles of women as professionals, as politicians, as bread-earners in family and above all as an independent individual. In many situations they proved themselves even better suited than men.

Educating women and empowering her will play an important role in the development of the country and in poverty eradication. Domestic violence and social discrimination should be wiped off by the collective efforts of social organizations, media and the government. Our policies should be designed with a focus on women's needs and also with a long run perspective in this direction. Effective measures should be taken to enhance her *economic independence.*

For a chariot to move both the wheels should be strong and if one is weak it cannot move forward effectively. ***Chariot of our country can move forward only if, both men and women are strong and that they can move ahead jointly.***

I conclude by stating the lines of an African Women:


*I have only one request*
*I do not ask for money*
*Although I have need of it,*
*I do not ask for meat*
*I have only one request,*
*And all I ask is*
*That you remove*
*The road block from my path*



# ത്യാഗമെന്നതേ നേട്ടം

## ഡോ. സുകുമാർ അഴീക്കോടിനെ അനുസ്മരിക്കുമ്പോൾ

ഡാ.സി. ഉണ്ണികൃഷ്ണൻ
*ദേവസ്വംബോർഡ് കോളജ്, ശാസ്താംകോട്ട*



'ഗുരു' എന്ന ശബ്ദത്തിന്റെ സാങ്കേതികപ്പൊരുൾ എന്തുമാകട്ടെ, അത് കാലങ്ങളായി പ്രതിനിധാനം ചെയ്യുന്ന സാരവത്തായ ഒരു ബോധമുണ്ട്. ആദർശനിഷ്ഠമായ ഒരു തലം ആ സംജ്ഞയ്ക്കുണ്ട്. മാതൃകാപരമായ ഒരു പാഠം അതിലുൾച്ചേർന്നിട്ടുണ്ട്. ആർജ്ജവത്തോടൊപ്പം പരിത്യാഗത്തിന്റെ ഒരു ഉൾക്കരുത്ത് അത് വഹിക്കുന്നുണ്ട് . അറിവും അനുഭവവും മാത്രമല്ല ആദാനത്തിന്റെ ഒരു തൂവെളിച്ചം അത് പ്രസരിപ്പിക്കുന്നുണ്ട്. ഇത്തരത്തിൽ ഗുരു എന്ന വാക്കിന്റെ അർത്ഥതലങ്ങൾ ഏറ്റുവാങ്ങാൻ കഴിയുന്നവരുടെ എണ്ണം പരിമിതപ്പെടുന്നു എന്ന ഉൾക്കണ്ഠ എങ്ങും വ്യാപരിക്കുമ്പോഴാണ്. ഗുരു എന്നതിന് ഏറെ അർത്ഥകല്പനകളുണ്ടെന്ന് വാക്കുകൊണ്ടും കർമ്മം കൊണ്ടും നമ്മെ പഠിപ്പിച്ച സുകുമാർ അഴീക്കോടിന്റെ വേർപാട്

'ത്യാഗമെന്നതേനേട്ടം :
താഴ്മതാനഭ്യുന്നതി

യോഗവിത്തേവം ജയിക്കുന്നതിതെൻ ഗുരുനാഥൻ'- എന്ന് ഗാന്ധിജിയെപ്പറ്റി മഹാകവി വള്ളത്തോൾക്കുറിച്ചുവെച്ചവാക്കുകൾ ഗാന്ധിശിഷ്യനായ അഴീക്കോട് മാഷിനും ഇണങ്ങുന്നതാണ്. കാലത്തിന്റെ മാറ്റത്തെത്തിരിച്ചറിഞ്ഞുകൊണ്ടുതന്നെ ഗാന്ധിയൻ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞിരുന്നു. മൂല്യമുള്ള ഒരു കോൺഗ്രസുകാരനായി ജീവിക്കാനാഗ്രഹിക്കുന്നെടുത്താണ് അദ്ദേഹത്തിന്റെ സാമൂഹ്യമനുഷ്യൻ പിറക്കുന്നത്. ഇരുപതാംവയസ്സിൽ വാർധാ ആശ്രമത്തിൽച്ചെന്ന് ഗാന്ധിജി എന്ന തന്റെ ആദർശപുരുഷനെദർശിക്കുന്നെടുത്താണ് ആപ്രേരണ ദൃഢമാകുന്നത്. മൗനവ്രതത്തിലാണ്ട ഗുരുവിന്റെ മുന്നിൽ മനസ്സിന്റെ എല്ലാ വിശുദ്ധതലങ്ങളും തുറന്നേറ്റുവാങ്ങിയ ആ ആദർശത്തിന്റെ ഗരിമ ജീവിതാന്ത്യംവരെ കാത്തുസൂക്ഷിക്കാൻ അദ്ദേഹം ശ്രമിച്ചു. പക്ഷേ തന്റെ ആദർശത്തിലെ കോൺഗ്രസ് മൂല്യരാഹിത്യത്തിന്റെ പടുകുഴിയിലേക്ക് വീണുപോകുന്നത് ഒട്ടൊരുക്ഷോഭത്തോടെ അദ്ദേഹം തിരിച്ചറിയുന്നുണ്ട്.

'മരിക്കുംവരെ കോൺഗ്രസുകാരനാകാൻ ആഗ്രഹിച്ച ആളാണ് ഞാൻ.',എന്നാൽ എനിക്കുമുമ്പേ കോൺഗ്രസ് മരിച്ചു. അതോടെ ഞാൻ കോൺഗ്രസ്സ് വിട്ടു'. എന്ന് നിർഭയം വിളിച്ചുപറയാൻ അദ്ദേഹം തയാറായി

ഭയരഹിതമായി ജീവിക്കാനും അഭയമാർന്ന ഒരു സമൂഹത്തെ രൂപപ്പെടുത്താനും അദ്ദേഹം നടത്തിയ പോരാട്ടങ്ങൾ കേരളീയന്റെ സന്നിഹിത ചരിത്ര പാഠങ്ങളാണ്. ഭയമാണ് നമ്മുടെ എല്ലാ സ്വാതന്ത്ര്യത്തേയും അപഹരിക്കുന്നതെന്ന് അദ്ദേഹം വിശ്വസിച്ചിരുന്നു . അത് ജീവിതത്തിന്റെ മുന്നേറ്റങ്ങളെ തടയുകയും വിശ്വാസത്തെ മുറിവേൽപ്പിക്കുകയും . ചിന്താപരമായ കഴിവുകളെ വന്ധ്യംകരിക്കു

കയും ചെയ്യുമെന്ന് അദ്ദേഹം എടുത്തുപറഞ്ഞിട്ടുണ്ട്. ഗാന്ധിയൻ മൂല്യങ്ങളും, സംസ്കൃതപഠനത്തിലൂടെ ആർജ്ജിച്ച ഉൾക്കരുത്തും, വാഗ്ഭടാനന്ദന്റെ നിർഭയമായ ആശയവൈപുല്യവും ഉൾച്ചേർക്കുന്നെടുത്താണ് ഭയരഹിത സമൂഹത്തെക്കുറിച്ചുള്ള ഉൾക്കടമായ ഒരു ദർശനം അദ്ദേഹം രൂപപ്പെടുത്തിയത്. പന്തീരായിരത്തിലധികം വേദികളിൽ അദ്ദേഹം നടത്തിയ പ്രബോധനങ്ങളിൽ ഈ നിർഭയത നിതരാം വെളിപ്പെട്ടുരിന്നു. ആശയങ്ങളുടെ ആഴത്തിലല്ല, അത് പ്രസരിപ്പിച്ച വൈകാരികമായ ഉത്തേജനങ്ങളാണ് ആസ്വാദകനെവീണ്ടും വീണ്ടും അഴീക്കോടിന്റെ അഭിസംബോധനകളിലേക്ക് എത്തിച്ചത്. പ്രഭാഷണം കലയാകുന്ന അത്യുജ്ജ്വലമുഹൂർത്തങ്ങളായിരുന്നു അവ. സമൂഹത്തിലെ ചില അരുതായ്മകളോടുള്ള കലാപമായിരുന്നു അത്. ചില അപഥസഞ്ചാരങ്ങളോടുള്ള കലഹവും. യാഥാസ്ഥിതിക കല്പനകളോടുള്ള വെല്ലുവിളിയായി അതു മാറി. ആസ്വാദകന് ഉണർവും ഉന്മേഷവുമായി അത് പരിണമിച്ചു. അധികാരഗർവ്വിന്റെ പാഴ്ക്കുമിളകളെ അത് പൊട്ടിച്ചെറിഞ്ഞു. ചിലരിലെങ്കിലും വീണ്ടുവിചാരത്തിന് അത് വഴിതുറന്നു. ചിന്താപരമായ ഒരു ജീവൻ സമൂഹത്തിന് കൂടെക്കൂടെ പകർന്നേകാൻ അഴീക്കോടിന് കഴിഞ്ഞു. നമ്മുടെ മനസ്സിന്റെ സംവാദാത്മകതയെ അദ്ദേഹം തട്ടിയുണർത്തി. സമകാലികജീവിതത്തിന്റെ പൊള്ളത്തരങ്ങളെ ഭൂതകാലത്തിന്റെ പ്രഭാവതന്തുക്കൾ കൊണ്ട് അദ്ദേഹം തുറന്നുകാട്ടി. സാഗരഗർജ്ജനമെന്ന് ബേപ്പൂർസുൽത്താൻ വിശേഷിപ്പിച്ചത് ആ വാക്കിന്റെ മുഴക്കത്തെയല്ല അതിലെ സാരസർവ്വസ്വത്തെ മുൻനിർത്തിയാണ്

എന്തും വെട്ടിപ്പിടിക്കാനുള്ള നെട്ടോട്ടത്തിൽ തകർന്നടിയുന്ന ജീവിതമൂല്യങ്ങളെക്കുറിച്ച് യാതൊരു ഉൾക്കണ്ഠയുമില്ലാത്ത ഒരു കാലത്താണ് നമ്മൾ ജീവിക്കുന്നത്. കുറുക്കവഴിയിലൂടെയും ഉപജാപങ്ങളിലൂടെയും നേടുന്ന സ്ഥാനമാനങ്ങൾമുൻനിർത്തിയുള്ള ആഘോഷങ്ങൾ പൊടിപൊടിക്കുമ്പോഴാണ്, ത്യാഗമെന്നതേ നേട്ടം എന്ന തത്വശാസ്ത്രത്തെ ജീവിതവ്രതമാക്കി അഴീക്കോട് എന്ന ഗുരുനാഥൻ ജീവിതത്തെ ആഘോഷിച്ചത്. ഡൽഹി സെക്രട്ടറിയേറ്റിലെ ജോലി ഉപേക്ഷിച്ചത് ഗാന്ധിജിയെ കൺമുന്നിൽക്കാണാനുള്ള ആർത്തിയായിരുന്നു. ഒരു പഴയ ബി.കോം ബിരുദധാരിക്ക് ലഭിക്കാവുന്ന ബാങ്ക് ഉദ്യോഗം എന്ന മാന്യമായ പദവി വലിച്ചെറിഞ്ഞത് സാഹിത്യത്തോടുള്ള വല്ലാത്ത ആരാധനമൂലമായിരുന്നു. ഇങ്ങനെതുടങ്ങുന്ന ത്യാഗത്തിന്റെ പടവുകൾ ഒന്നൊന്നായി ചവിട്ടിയാണ് അദ്ദേഹം ഗുരുത്വത്തിന്റെ ഉത്തുംഗപീഠത്തിലെത്തിയതെന്ന് പറയാം.

'മാതൃഭൂമി" യിലെ സാഹിത്യസപര്യ എന്നകോളം ഏതൊരു എഴുത്തുകാരനും തുറന്നുകിട്ടുന്ന സാധ്യത വളരെ വലുതാണ്. താരതമ്യേനയുവാവായ അഴീക്കോടിന് കിട്ടിയ അവസ്സരം അദ്ദേഹം നന്നേ വിനിയോഗിക്കുകയും ചെയ്തു. എന്നാൽ തന്റെ ആവിഷ്ക്കാരസ്വാതന്ത്ര്യത്തെ ചോദ്യം ചെയ്യാൻ വി. എം. നായരെ പോലുള്ള ഒരു പത്രാധിപർ തയ്യാറായപ്പോൾ അതുപേക്ഷിക്കാൻ അഴീക്കോടിന് ഒട്ടും മടിയുണ്ടായില്ല. തളിക്ഷേത്രവുമായി ബന്ധപ്പെട്ട് സ്വാതന്ത്ര്യസമരസേനാനി കേളപ്പൻ എടുത്ത നിലപാടിന് പിന്തുണനൽകിക്കൊണ്ടുള്ള അഴീക്കോടിന്റെ ലേഖനത്തിന്റെ ആവശ്യതകയെക്കുറിച്ചുള്ള സംശയം മാത്രമേ യഥാർത്ഥത്തിൽ വി. എം. നായർ പ്രകടിപ്പിച്ചുള്ള. പക്ഷേ ഗാന്ധിയനായ ഒരു എഴുത്തുകാരന് ആ സംശയം മാത്രം മതിയായിരുന്നു ആരെയുംപ്രലോഭിപ്പിക്കുന്ന ആ കോളം ഉപേക്ഷിക്കാൻ. മാതൃഭൂമി കുത്തകകൾക്ക് തീറെഴുതപ്പെടുന്നു എന്ന പ്രചാരണം 'ടൈസ് ഓഫ് ഇൻഡ്യ''യുമായി ബന്ധപ്പെട്ടുണ്ടായപ്പോൾ ഇന്ത്യൻ ദേശീയതയുടെ പ്രതീകമായി മതൃഭൂമിയെ സംരക്ഷിക്കാൻ അഴീക്കോടുമാഷ് മുന്നിലുണ്ടായിരുന്നു. അതേ മാതൃഭൂമിയുടെ പത്രാധിപർ എഴുത്തുകാരുടെ എഴുത്തുകാരനായി മേനിനടിച്ചപ്പോൾ അദ്ദേഹത്തിന്റെ എഴുത്തിന്റെ പൊള്ളത്തരങ്ങളെ എടുത്തുകാട്ടാൻ അഴീക്കോടിന് ഒരു ഭയവുമുണ്ടായില്ല. ഏറെ കൊട്ടിഘോഷിക്കപ്പെട്ട 'രാമന്റെ ദുഖം' തന്റെ 'ഗുരുവിന്റെ ദുഖ'ത്തിന്റെ ഛായാമുഖിയാണെന്ന് അദ്ദേഹം വെളിപ്പെടുത്തി. അത് സൃഷ്ടിച്ച കോലാഹലങ്ങളിൽ അഴീക്കോടിന്റെ പ്രശസ്തകൃതിയായ 'തത്വമസി' പോലും ചോദ്യം ചെയ്യപ്പെട്ടു. ഇത്തരം കടന്നാക്രമങ്ങളേയും അവസ്സരനിഷേധങ്ങളേയും തൃണസമാനമായിക്കാണാൻ അദ്ദേഹത്തിന് കഴിഞ്ഞു. ഒടുവിൽ വിവാദനായകർക്കു തന്നെ അഴീക്കോടിനു മുന്നിൽ മുട്ടുമടക്കേണ്ടി വന്നു എന്ന ചരിത്രവും നാം അനുഭവിച്ചറിഞ്ഞു . ഉത്തരേന്ത്യൻ മാർവാടിയിൽനിന്ന് ദേശീയ പത്രത്തെ സംരക്ഷിക്കാൻ ഇറങ്ങിയവർ തന്നെ ഇന്ന് പരവതാനിവിരിച്ച് കുത്തകകളെ സ്വീകരിക്കുകയും ദേശീയ പത്രത്തിന്റെ സഹോദരസ്ഥാനം 'ടൈസ് ഓഫ് ഇൻഡ്യ'ക്ക് ചാർത്തിക്കൊടുക്കുകയും ചെയ്യുമ്പോൾ ഒന്നു പൊട്ടിത്തെറിക്കാൻ നമുക്ക് അഴീക്കോട് മാഷില്ലെന്നുള്ളത് അദ്ദേഹത്തിന്റെ നഷ്ടത്തിന്റെ ആഴം

വേർപാടിന്റെ ആദ്യവാരത്തിൽതന്നെ ബോധ്യപ്പെടുത്തിത്തരികയാണ്. എകെ.നായരുടെ ഉടമസ്ഥതയിലുള്ള 'ദേശമിത്രം'വാരികയുടെ പത്രാധിപസ്ഥാനവും 'ദിനപ്രഭ' എന്ന പത്രത്തിന്റെ എഡിറ്റർ സ്ഥാനവും ഉപേക്ഷിച്ചതിനും അഴീക്കോടിന് തന്റേതായ കാരണമുണ്ടായിരുന്നു

കോഴിക്കോട് സർവ്വകലശാല പിവിസിയായിരിക്കെ, അധികാരത്തിന്റെ പാശം തന്റെ അഭിപ്രായസ്വാതന്ത്ര്യത്തെ വരിഞ്ഞുകെട്ടാനാവില്ല എന്ന് അദ്ദേഹം തെളിയിച്ചുകൊടുത്തു. ഒരു ആക്ടിംഗ് വിസി.ക്ക് വിസിയായി മാറാൻ സാങ്കേതികമായി ഒരു തടസ്സവുമില്ലാതിരിക്കെ സ്തുതിവചനങ്ങൾ പറഞ്ഞുശീലമില്ലാത്ത അഴീക്കോടിന് പിവിസി. സ്ഥാനം തന്നെ നഷ്ടമായി. ഒരു മുൾക്കിരീടം നഷ്ടപ്പെട്ടവന്റെ ആശ്വാസം എന്ന് മാത്രമേ അദ്ദേഹം അതിനെക്കുറിച്ച് പ്രതികരിച്ചുള്ളു.

സാഹിത്യരംഗത്ത് ആശ്ചര്യപ്രദമായ ഉൾക്കാഴ്ച മാത്രമല്ല, ആദർശപരമായ ചില നിലപാടുകളും അദ്ദേഹം കൈക്കൊണ്ടിരുന്നു. നിരൂപണം കേവലം മന്ദമാരുത പ്രസ്ഥാനത്തിന്റെ ആലസ്യത്തിലാണ്ടിരിക്കുമ്പോഴാണ്, ഖണ്ഡനവിമർശനത്തിന്റെ അനന്തസാധ്യതകളുപയോഗിച്ചുകൊണ്ട് അഴീ

ക്കോട് എഴുത്തുകാരെയും അവരുടെ കൃതികളെയും സമീപിക്കുന്നത്. 'ആശാന്റെ സീതാകാവ്യവും' 'രമണനും മലയാള കവിതയും' 'ശങ്കരക്കുറുപ്പ് വിമർശിക്കപ്പെടുന്നു' എന്നീ കൃതികളെല്ലാം മലയാളിയുടെ ആസ്വാദനകൃഷ്ണയിലും ചിന്താപദ്ധതിയിലുമെല്ലാം വരുത്തിയ മാറ്റം വളരെ വലുതാണ്. മലയാള നിരൂപണ രംഗം കൂടുതൽ ജനകീയവും സംവാദാത്മകവുമാവുകയായിരുന്നു അഴീക്കോടിലൂടെ ഒരർത്ഥത്തിൽ നമ്മുടെ നിരൂപകത്രയമായ മുണ്ടശ്ശേരി, എം.പി.പോൾ, കുട്ടികൃഷ്ണമാരാർ എന്നിവരിൽനിന്നും അത്യന്താധുനിക നിരൂപകത്രയം എന്ന വിശേഷിക്കപ്പെടാവുന്ന കെ.പി.അപ്പൻ, വി. രാജകൃഷ്ണൻ, ആഷാമേനോൻ എന്നിവരിലേക്കുള്ള മലയാള നിരൂപണത്തിന്റെ ഭാവുകത്വപരമായ പരിണാമത്തെ രൂപപ്പെടുത്തിയെടുക്കുന്നതിൽ അഴീക്കോടിന്റെ നിരൂപണം വഹിച്ച പങ്ക് ഏറെ നിർണ്ണായകമാണ്. മലയാള നിരൂപണത്തിന്റെ സർഗ്ഗധന്യമായ പ്രതിബോധം തിരിനീട്ടുന്നത് അഴീക്കോടിലൂടെയാണെന്ന് പറയാം. ഇത് കൂടുതൽ പഠനവിധേയമാക്കേണ്ടതാണ്. ഇവിടെ പ്രതിപാദിക്കാനുദ്ദേശിച്ചിട്ടുള്ളത് സാഹിത്യത്തിൽ അദ്ദേഹം സ്വീകരിച്ച ആദർശപരമായ ചില നിലപാടുകളെക്കുറിച്ചാണ്.

'പരിണാമം' എന്ന എം.പി. നാരായണപിള്ളയുടെ കൃതിക്ക് സാഹിത്യ അക്കാദമി മികച്ച നോവലിനുള്ള 1992 ലെ അവാർഡ് പ്രഖ്യാപിക്കുന്നു. മലയാളത്തിലെപ്പോഴും പ്രതിബോധത്തിന്റെ ചിന്തകൾ പ്രസരിപ്പിക്കുന്ന 'നാണപ്പൻ' അവാർഡിന്റെ ഭാഗമായി നികുതിപ്പണം എടുത്ത് തുകനൽകുന്നതിനെചോദ്യം ചെയ്തു. പാവപ്പെട്ടവന്റെ വിയർപ്പിൽനിന്ന് സംഭരിക്കുന്ന ആ തുക അക്കാദമി, ട്രഷറിയിൽ അടച്ചതിനുശേഷം പ്രശസ്തിപത്രം കൈപ്പറ്റാൻ താൻ എത്താം എന്നായിരുന്നു നാണപ്പന്റെ പ്രതികരണം. അക്കാദമിയിലെ സാഹിത്യത്തമ്പുരാക്കന്മാർ ആ നർമ്മത്തിന്റെ പൊരുൾ തിരിച്ചറിയാതെ പ്രകോപിതരായി അവാർഡ് തിരിച്ചെടുക്കാൻ തീരുമാനിച്ചു. ഈ ധിക്കാരത്തെ ചോദ്യം ചെയ്യാതിരിക്കാൻ അഴീക്കോട്മാഷിന് കഴിയുമായിരുന്നില്ല. തനിക്ക് അക്കാദമി നല്കിയ അവാർഡുകളും വിശിഷ്ടാംഗത്വവും അദ്ദേഹം തിരിച്ചേല്പിച്ചു. അക്കാദമിയുടെ പ്രവർത്തനത്തിൽ നിന്നും വിട്ടുനിന്നു. എം.ടി. അക്കാദമി പ്രസിഡന്റായപ്പോൾ അദ്ദേഹത്തിന്റെ സ്നേഹപൂർണ്ണമായ നിർബന്ധം അതു തിരിച്ചുവാങ്ങാൻ അഴീക്കോടിനെ നിർബന്ധിതനാക്കി. എന്നാൽ എം.പി. നാരായണപിള്ള ഉന്നയിച്ച വിഷയത്തെ സജീവമാക്കി നിലനിർത്തിക്കൊണ്ട് അവാർഡ് തുക ദരിദ്രായ എഴുത്തുകാരുടെ ക്ഷേമത്തിനായി അക്കാദമിയെ തന്നെ ഏല്പിക്കുകയായിരുന്നു അദ്ദേഹം. കേന്ദ്രസാഹിത്യ അക്കാദമി പ്രസിഡന്റു സ്ഥാനാർത്ഥിത്വം യു.ആർ. അനന്തമൂർത്തിക്കുവേണ്ടി ഉപേക്ഷിക്കുമ്പോഴും, ഒരു ഗവർണർ പദവിയുടെ നിർദ്ദേശം സ്നേഹപൂർവ്വം നിരസിക്കുമ്പോഴുമെല്ലാം ആ പരിത്യാഗത്തിന്റെ പരഭാഗഭംഗി സാംസ്കാരിക ലോകം ആസ്വദിക്കുകയായിരുന്നു.

ഇന്ത്യയിൽ ഒരു മഹാനായി മാറാനുള്ള എളുപ്പവഴിയായി പലരും പത്മ പുരസ്ക്കാരങ്ങളെ കാണാറുണ്ട്. അത് നേടാനായി കഠിനാദ്ധ്വാനം തന്നെ ചെയ്യുന്നവരുമുണ്ട്. എന്നാൽ 2007-ൽ പത്മശ്രീ പുരസ്കാരം അഴീക്കോടിനെതേടിയെത്തിയപ്പോൾ ആ ബഹുമതിതന്നെ ഭരണഘടനാ വിരുദ്ധമാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെട്ടത്. അദ്ദേഹം പറയുന്നു:- എല്ലാവർക്കും ഒരേ പരിഗണനഎന്നാണ് ഭരണഘടനപറയുന്നത്. എന്നാൽ ഇത്തരം ബഹുമതികളിലൂടെ ഭരണകൂടം പൗരനെ വേറിട്ടുകാണുകയാണ്. ഇത്തരം വിവേചനങ്ങളെ തുറന്നുകാട്ടാനുള്ള അവസരമാണ് പത്മ ബഹുമതിയുടെ നിരാസം

ഇങ്ങനെനമ്മുടെ സാംസ്കാരിക ചരിത്രത്തിൽ 'ഗുരു' എന്ന വാക്കിന്റെ ത്യാഗവും ആദർശവും ആർജ്ജവവും വാക്കിലൂടെയും കർമ്മത്തിലൂടെയും തെളിച്ചുകാട്ടിയിട്ടാണ് അഴീക്കോട് മാഷ് അർത്ഥസമ്പുഷ്ടമായ തന്റെ ജീവിതത്തിൽ നിന്ന് വിരമിച്ചത്.

## ആദരാഞ്ജലികൾ



സുകുമാർ അഴീക്കോട്



എം.ഒ.എച്ച്.ഫറൂഖ്
(ബഹു. കേരള ഗവർണർ)




# എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവെൻഷൻ

**2012 ഫെബ്രുവരി 4**
**ബസേലിയസ് കോളജ്, കോട്ടയം**

സംഘടനയുടെ നേതൃസ്ഥാനത്ത് സ്ത്രീകൾ എത്താതിരിക്കുന്നത് എന്തു കൊണ്ട് എന്ന ചോദ്യം ഉയർത്തിക്കൊണ്ടാണ് എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡൻറും എ. കെ. പി.സി.ടി.എ സംസ്ഥാന വനിതാ സബ്കമ്മിററി ചെയർമാനുമായ ഡോ. ലേഖ നരേന്ദ്രൻ അദ്ധ്യക്ഷപ്രസംഗം ആരംഭിച്ചത്. സമൂഹത്തിൻെറ എല്ലാ നാഡീസ്പന്ദനവും തിരിച്ചറിയുന്ന അദ്ധ്യാപകർ സമൂഹത്തിൻെറ എല്ലാ മേഖലയിലും കടന്നു വരേണ്ടതുണ്ട്. എൻെറ കാര്യം എൻെറ വീട് മാത്രം എന്ന് മാത്രം നാം ചിന്തിക്കരുത് എന്ന് അവർ ഓർമ്മിപ്പിച്ചു.

54 വർഷമായി അദ്ധ്യാപകരുടെ അവകാശങ്ങൾക്ക് വേണ്ടി പോരാടിക്കൊണ്ടിരിക്കുന്ന ഒരു പ്രസ്ഥാനമാണ് എ കെ പി സി ററിഎ എന്ന് കൺവെൻഷൻ ഉദ്ഘാടനംചെയ്തുകൊണ്ട് മുൻ എം. പി. സ. സി. എസ്. സുജാത പറഞ്ഞു. എന്തെല്ലാം വിഷമങ്ങൾ ഉണ്ടെങ്കിലും വനിതകൾ പങ്കെടുക്കണം ഇരുപത് വർഷത്തിന് ശേഷം ഏററവും കൂടുതൽ സ്ത്രീകൾ നിയമിക്കപ്പെട്ടത് എ കെ പി സിററി എയുടേയും










ഇടതുപക്ഷ പ്രസ്ഥാനത്തിൻെറ അദ്ധ്വാനത്തിൻെറ ഫലമാണ്. ആപ്രസ്ഥാനത്തിന് സ്ത്രീകൾ എന്ത് തിരിച്ചു കൊടുത്തു എന്ന് ചിന്തിക്കണം . പുരുഷകേന്ദ്രീകൃതമായ സമൂഹത്തിൽ കാര്യമായി പ്രതികരിക്കുവാൻ സ്ത്രീകൾക്ക് ഇന്ന് ഒരുപരിധി വരെ കഴിഞ്ഞിട്ടുണ്ട് എന്ന് അവർ പറഞ്ഞു .

വ്യക്തിക്കും സമൂഹത്തിനും ഓർമ്മ ഉണ്ടായിരിക്കണം എന്ന് സൂചിപ്പിച്ചുകൊണ്ട് സംഘടനാ തലത്തിലെ സ്ത്രീ സാന്നിദ്ധ്യം എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് എ .കെ.പി.സി.ടി.എ മുൻ സംസ്ഥാന വൈസ് പ്രസിഡൻറ് പ്രൊഫ. ഇം. പി. ലളിതാഭായി പറഞ്ഞു. മുൻകാല നേതാക്കൾ, വനിതകൾപ്പെടെ നടത്തിയ ധീരമായ പോരാട്ടങ്ങൾ എന്നും അനുസ്മരിക്കപ്പെടണം. സ്ത്രീകൾ പ്രവർത്തകരാകണം നേതൃത്വത്തിൽ വരണം, സ്ത്രീ വിമോചനമെന്നാൽ പുരുഷ വിരോധമല്ല എന്നവർ കൂട്ടിച്ചേർത്തു.

പറയുന്ന കാര്യങ്ങൾ ചെയ്യുകയും ചെയ്യുന്ന കാര്യങ്ങൾ പറയുകയും ചെയ്യുന്നതാണ് സംഘടന സംഘടന പറയുന്നത് അനുസരിക്കുന്നതാണ് പ്രവർത്തകർ. എന്ന ചടങ്ങിൽ ആശംസകൾ അർപ്പിച്ച മുൻജനറൽ സെക്രട്ടറി പ്രൊഫ. കെ. സദാശിവൻനായർ പറഞ്ഞു.

കൺവെൻഷനിൽ ആശംസകൾ അർപ്പിച്ചുകൊണ്ട് എ. കെ. പി .സി.ടി. എ ജനറൽ സെക്രട്ടറി ഡോ . വി. രാജേന്ദ്രൻനായർ സംസാരിച്ചു.

എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കമ്മിററി കൺവീനർ ഡോ . പി. എസ്. ഗീതാകുമാരി സ്വാഗതവും ജില്ലാസെക്രട്ടറി പ്രൊഫ. ടൊമ്മിച്ചൻ ജോസഫ് നന്ദിയും പറഞ്ഞു.

ചരിത്രം എന്നാൽ മരിച്ചവരും ജീവിക്കുന്നവരും ജനിക്കാനിരിക്കുന്നവരും തമ്മിലുള്ള പാരസ്പര്യ ബന്ധമാണ്. മറവി പിടിപെടുന്നതാണ് ഏററവും വലിയ പ്രതിസന്ധി വിസ്തൃതമായ വർത്തമാനത്തെപററി പോലും വേവലാതിയില്ലാത്തതാണ് പുതിയ കാലം ഓർമകളുടെ കാലം വളരെ പ്രസക്തമാണ് എന്ന് സാംസ്കാരിക സമ്മേളനം ഉദ്ഘാടനംചെയ്തുകൊണ്ട് ശ്രീ. കെ. ഇ. എൻ പറഞ്ഞു.

ജനകീയസംഘടനയാണ് ഏററവും സുസജ്ജമായ സംഘടന മൂലധനത്തിൻെറ സംഘടനയാണത്. വ്യക്തി തന്നെ സമൂഹമായിമാറുന്ന സാഹചര്യവു











മുണ്ട്. മനുഷ്യൻെറ ആദർശാത്മകമായ നിലപാടുകളെയാണ് മൂലധനം ആക്രമിക്കുന്നത്. മൂലധനത്തിൻെറ കൊടിയ യാത്രകൾ മറികടക്കാനാകണം കല യാചനകളായി മാറുന്നു മാനവികത മുഴുവൻ ചോർന്നു പോയി കാൽപിടുത്തങ്ങളാകുന്നു. നവോത്ഥാനം പോകുന്നു പകരംപുനരുത്ഥാനം വരുന്നു

വൈരുദ്ധ്യങ്ങളുടെ സമാഹാരമാണ് വർത്തമാന കാലം പഴയ അന്ധവിശ്വാസങ്ങളിൽ പരിമിതികൾ ഉണ്ടെങ്കിലും അതിജീവനം ഉണ്ടായിരുന്നു. വെട്ടിപ്പിടിക്കലിൻെറ യുക്തിയാണ് ഇക്കാലത്തെ വിശ്വാസങ്ങൾ.

ചിന്ത/അന്വേഷണാത്മകത നഷ്ടപ്പെട്ട് പ്രചരണങ്ങൾ ശക്തമാകുന്നു. മോഹിപ്പിക്കുന്നവൾ എന്ന രീതിയിലാണ് സമൂഹം ഇന്ന് സ്ത്രീയെ കാണുന്നത്. പുരുഷാധിപത്യത്തിൻെറ കുതിരക്കണ്ണിൽ നിന്നെടുത്തു മാററിയാലേ സ്ത്രീകൾക്ക് മോചനമുള്ളൂ ഭാഷയിൽ പോലും പുരുഷാധിപത്യം നിറഞ്ഞതാണ്. ഫലിതങ്ങൾ പോലും സ്ത്രീ വിരുദ്ധമാണ് എന്ന് കെ. ഇ. എൻ. പറഞ്ഞു.

എ.കെ.പി.സി.ടി. എ മുൻ സംസ്ഥാന വൈസ് പ്രസിഡൻറുമാരായ പ്രൊഫ. ആർ.ബി രാജലക്ഷ്മി, പ്രൊഫ. കുമാരി ഗീത. എസ്, ശ്രീമതി. ജെ. ലേഖ (എം. ജി. യൂണിവേഴ്സിററി) തുടങ്ങിയവർ പ്രതികരണങ്ങൾ നടത്തി. എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡൻറ് ഡോ. സുകുമാരൻനായരുടെ അദ്ധ്യക്ഷതയിൽ കൂടിയ സമ്മേളനത്തിൽ ഡോ. എസ്. ആമിന സ്വാഗതവും പ്രൊഫ. എസ്. ബീന നന്ദിയും രേഖപ്പെടുത്തി.

## സംസ്ഥാന വനിതാ കൺവെൻഷനോടനുബന്ധിച്ച് നടത്തിയ സാഹിത്യമത്സര വിജയികൾ

### വിദ്യാർത്ഥിനികൾ

**കവിത**

**രഹ്ന ടി. കെ.**
സെൻറ്മേരീസ് കോളജ്,
സുൽത്താൻബത്തേരി

**ആഷ്ലി തോമസ്**
അൽഫോൺസ കോളജ്, പാലാ

**അനുമോൾ സി.ഡി.**
സെൻറ്മേരീസ് കോളജ്,
സുൽത്താൻബത്തേരി

**കഥ**

**ഡോണാ സെബാസ്ററ്യൻ**
അൽഫോൺസ കോളജ്, പാലാ

**അഞ്ജലി. എ**
എൻ.എസ്.എസ്.കോളജ്,
മഞ്ചേരി

**മിനുജോസഫ്**
അൽഫോൺസ കോളജ്, പാലാ

**ലേഖനം**

**എം. ആർ. അമിയ**
പി.ആർ.എൻ.എസ്.എസ്
കോളജ് മട്ടന്നൂർ

**ആരതി ശിവറാം**
സെൻറ്മേരീസ് കോളജ്,
സുൽത്താൻബത്തേരി

**നൂർ ജഹാൻ . എ**
സെൻറ്മേരീസ് കോളജ്,
സുൽത്താൻബത്തേരി

### അദ്ധ്യാപികമാർ

**കവിത**

**ഡോ. എം. എസ്. സുചിത്ര**
എസ്.എൻ.വനിതാ കോളജ്
കൊല്ലം

**പ്രൊഫ. ഹരിത ആർ. ഉണ്ണിത്താൻ**
എൻ.എസ്.എസ് കോളജ്,
ചങ്ങനാശ്ശേരി

**ഡോ. ബി. ഉഷാകുമാരി**
എൻ.എസ്.എസ്.കോളജ്
നിലമേൽ

**കഥ**

**പ്രൊഫ. അർച്ചന കെ. എം.**
എസ്. എൻ. കോളജ് ആലത്തൂർ

**ഡോ. സി.അജിത**
എൻ.എസ്.എസ്.കോളജ്,
മഞ്ചേരി

**പ്രൊഫ. ആതിരാ നന്ദൻ**
എൻ.എസ്.എസ്. കോളജ്,
മഞ്ചേരി

**ലേഖനം**

**ഡോ. ആഷാ ഇ. തോമസ്**
സെൻറ് പോൾ കോളജ്,
കളമശ്ശേരി

**പ്രൊഫ. ശ്രീലത. ഇ**
എസ്.എൻ കോളജ്, കണ്ണൂർ

**പ്രൊഫ. എൻ.പി.നഫീസാ ബേബി**
സർ സെയ്യദ് കോളജ്
തളിപ്പറമ്പ്

# AKPCTA
# Suggestions for strengthening the Choice Based Credit & Semester System (UG) in the universities in Kerala

A.K.P.C.T.A
*Academic Committee 2011-12*

**Dr. K.P.Sukumaran Nair**
*Chairman*
**Dr. U. Hemanth kumar**
*Convenor*

1. At present the CCSS/CBCSS regulations of the universities in Kerala prescribe different criteria for qualifying a course. In Calicut University minimum C grade is needed for a pass (internal & external put together) whereas in other universities obtaining D grade is enough to pass a course. Minimum requirement for passing a course has to be made uniform. It is suggested that a minimum **Grade Point Average (GPA) 1.5 may be insisted on qualifying a course in all the universities. Further, the GPA scored by a candidate in all the courses should be retained and carried over to the subsequent semesters for calculating the semester Grade Point Average (SGPA) and Cumulative Grade Point Average (CGPA).** Necessary changes have to be made in the regulations of the universities.
2. Minimum SGPA/CGPA for successfully completing a semester / programme has to be fixed at 1.5. In the final grade card separate CGPA for common, core, complementary and open courses have to be shown separately. This would avoid confusion at the time of P. G. Admission.
3. As for the course evaluation, the present system of assessment on a 5 point scale has to be continued. Any attempt to switch over to a larger scale (7 point or 10 point) would create further problems in setting question papers and evaluating answer scripts.
4. The quality of internal evaluation suffers on account of the unwieldy student strength in the undergraduate classes, especially for the common courses. Student strength in UG classes has to be reduced in accordance with the UGC norms.
5. Barcoding and Online tabulation should be implemented in all universities.
6. A uniform semester break pattern has to be introduced in all universities. The annual vacation system militates against the very spirit of the CCSS/ CBCSS.
7. The nature of the complaints regarding the volume and content of the syllabi of the under graduate courses vary from subject to subject. In some

subjects, it has been pointed out, there has been a mechanical division of the syllabi in the annual pattern into two. These shortcomings have to be addressed. The boards of Studies are empowered to frame/ modify the syllabi in accordance with the guidelines of the Universities. Subject wise review of the current syllabi has to be undertaken and model syllabi have to be framed for all the subjects.

8. Examination reform is, infact, a prerequisite for realizing the goal of undergraduate restructuring. The new system calls for a change in the type of questions which very often test only the memory of the students. Examination should test the various skills of the students such as critical reasoning, problem solving, analytical ability, original thinking etc.. The type of questions in the question papers mostly encourage and promote rote learning. This must go. Complaints regarding the question papers can be avoided to a large extent, if questions are taken from question bank prepared by the teachers who handle the subject concerned. These questions, which should test the various skills of the students, have to be examined by the Boards of Studies concerned before it is handed over to the university. The Jacob Tharu committee report on examination reforms has made several concrete proposals, the implementation of which will go a long way overhauling the present examination system. The creative suggestions made by the committee have to be implemented.

9. Though it is unscientific to mechanically equate marks and grades, a conversion formula has to be evolved to change the CGPA into marks and marks into CGPA, as the students from both the systems may have to be ranked for PG admissions. The following empirical formula shall be used for the conversion of CGPA into percentage of marks.

M = CGPA x 25

Where M is the percentage of marks

(the converted values shall be rounded off to two decimal places.)


In the case of marks, it has to be first converted into percentage and then into Grade point by using the conversion formula

M / 25 = CGPA

Where M is the percentage of marks

(the converted values shall be rounded off to two decimal places.)

## പുസ്തക പ്രകാശനം



ആലുവ യു. സി. കോളജ് അദ്ധ്യാപകൻ ഡോ. സിബു മേടയിൽ രചിച്ച രണ്ടു പുസ്തകങ്ങളുടേയും കവിതകളുടേയും ഓഡിയോ സി.ഡിയുടേയും പ്രകാശനം കോളജിൽ വച്ച് നടന്നു. ദിക്കാരി കവിതാ സമാഹാരത്തിന്റെ പ്രകാശനം കുരീപ്പുഴ ശ്രീകുമാറും അരങ്ങുമുതൽ അഭ്രപാളിവരെയെന്ന ചരിത്ര നാടക പഠന ഗ്രന്ഥത്തിന്റെ പ്രകാശനം ശ്രീ. പോൾ മണലിലും ഓഡിയോ സി.ഡിയുടെ പ്രകാശനം ഡോ. ഹരിഹരൻ നായരും നിർവ്വഹിച്ചു

# എ.കെ.പി.സി.ടി.എ 54-ാം സംസ്ഥാന സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ




## സ്വാഗത സംഘം രൂപീകരിച്ചു

മാർച്ച് 9,10,11 തിയ്യതികളിൽ തൃശൂരിൽ വെച്ച് നടക്കുന്ന എ. കെ. പി. സി. ടി എ 54-ാം സംസ്ഥാന സമ്മേളനത്തിൻെറ സ്വാഗത സംഘം രൂപീകരണ യോഗംണ തൃശൂർ എം. ജി റോഡിലുള്ള ബ്രാഹ്മസ്വം മഠം ശ്രീ രാമചന്ദ്ര ഹാളിൽ വെച്ച് 21.01.2012 ന് 5 മണിക്ക് നടന്നു. യോഗത്തിൻെറ ഉദ്ഘാടനം സി. പി ഐ (എം ) സംസ്ഥാന കമ്മിററി അംഗം സ. ബേബി ജോൺ മാസ്ററർ നിർവ്വഹിച്ചു. സർവ്വീസ്- സംഘടനാ രംഗത്ത് ദീർഘകാലം പ്രവർത്തിച്ച് പാരമ്പര്യമുള്ള അധ്യാപകർ വിരമിച്ചതിനു ശേഷം സമൂഹത്തെ മുന്നോട്ട് നയിക്കുന്ന പ്രക്രിയയിലേക്ക് വരേണ്ടതിൻെറ ആവശ്യം അദ്ദേഹം ഊന്നി പറഞ്ഞു.

സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി. മമ്മദിൻെറ അധ്യക്ഷതിയിൽ ചേർന്ന യോഗത്തിൽ ശ്രീ. കെ രാധാകൃഷ്ണൻ എം. എൽ. എ ചെയർമാനും ഡോ. ഡി. കെ ബാബു ജനറൽ കൺവീനറുമായി 501 അംഗ സ്വാഗത സംഘ സമിതിയും 101 അംഗ എക്സിക്യൂട്ടീവ് സമിതിയും രൂപീകരിച്ചു. യോഗത്തിൽ പ്രൊഫ . എസ്. കെ. വസന്തൻ, പ്രൊഫ. സി. ജെ ശിവശങ്കരൻ, ഡോ. കാവുമ്പായി ബാലകൃഷ്ണൻ, പ്രൊഫ . ഹരിദാസ് ( എ. കെ. ജി സി. ടി) സ. ഇ. പി. കെ സുഭാഷിതൻ ( എഫ്. എസ്. ഇ. ടി. ഒ), പ്രൊഫ എം . മുരളീധരൻ, ഡോ. വി. കെ വിജയൻ എന്നിവർ സംസാരിച്ചു.

സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. രാജേന്ദ്രൻ നായർ സ്വാഗതവും ഡോ. പി. എസ് ഫിറോസ് നന്ദിയും പറഞ്ഞു

## സ്വാഗതസംഘം ഓഫീസ് ഉദ്ഘാടനം



മാർച്ച് 9,10,11 തിയ്യതികളിൽ തൃശൂരിൽ വെച്ച് നടക്കുന്ന എ. കെ. പി. സി. ടി. എ , 54-ാം സംസ്ഥാന സമ്മേളനത്തിൻെറ സ്വാഗതസംഘം ഓഫീസ് സി. പി. എം ജില്ലാ സെക്രട്ടറി സ. എ. സി മൊയ്തീൻ ഉദ്ഘാടനം ചെയ്തു. എം. ജി റോഡിലെ യുറീക്ക ഓഫീസിന് മുകളിലാണ് സ്വാഗതസംഘം ഓഫീസ് പ്രവർത്തിക്കുന്നത്. ചടങ്ങിൽ കെ. രാധാകൃഷ്ണൻ എം. എൽ. എ അധ്യക്ഷത വഹിച്ചു. ജില്ലാ സെക്രട്ടറി ഡോ. വി. കെ വിജയൻ, ടി. നരേന്ദ്രൻ ( ബെഫി) ഡോ. കാവുമ്പായി ബാലകൃഷ്ണൻ, ഡോ. എം എൻ സുധാകരൻ, പ്രൊഫ. വാസുദേവൻ പിള്ള, സ. ടി. ആർ ചന്ദ്രദത്ത എന്നിവർ സംസാരിച്ചു. ഡോ. പി. എസ് ഫിറോസ് സ്വാഗതവും പ്രൊഫ. കെ. എസ് ജയചന്ദ്രൻ നന്ദിയും പറഞ്ഞു

## ലോഗോ പ്രകാശനം




മാർച്ച് 9,10,11 തിയ്യതികളിൽ തൃശൂരിൽ വെച്ച് നടക്കുന്ന എ. കെ. പി. സി. ടി. എ 54-ാം സംസ്ഥാന സമ്മേളനത്തിൻെറ ലോഗോ പ്രകാശനം 04.02.2012 ന് 5 മണിക്ക് പ്രശസ്ത സാഹിത്യ നിരൂപകനും എ. കെ. പി സി. ടി എ യുടെ മുൻകാല നേതാവുമായ പ്രൊഫ. എസ്. കെ വസന്തൻ നിർവ്വഹിച്ചു. തൃശൂർ എം. ജി റോഡിലുള്ള എ. കെ പി. സി. ടി. എ സ്വാഗത സംഘം ഓഫീസിൽ വെച്ച് നടന്ന ചടങ്ങിൽ ഫിനാൻസ് കമ്മിററി കൺവീനർ ഡോ. വി. കെ വിജയൻ അധ്യക്ഷത വഹിച്ചു. മീഡിയ കമ്മിററി കൺവീനർ ഡോ. ഗ്രാമപ്രകാശ്, ഡോകുമെൻേറഷൻ കമ്മിററി കൺവീനർ ഡോ. പി. കെ കുശലകുമാരി, അക്കൊമെഡേഷൻ കമ്മിററി കൺവീനർ ഡോ. ബാബു ജോസഫ് എന്നിവർ സംസാരിച്ചു. ഡോ. സി. എൻ ജോഷി സ്വാഗതവും ഡോ. വി. സി ജോൺ നന്ദിയും പ്രകാശിച്ചു

അഭിവാദ്യങ്ങൾ

എ.കെ.പി.സി.ടി.എ
54-ാം സംസ്ഥാന
സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ

യു.സി.കോളജ്
ആലുവ

# എ.കെ.പി.സി.ടി.എ സംസ്ഥാന കൗൺസിൽ


എ. കെ.പി.സി.ടി. എ സംസ്ഥാന കൗൺസിൽ യോഗം 2012 ഫെബ്രുവരി 19-ാം തീയതി തൃശ്ശൂർ ശ്രീ കേരള വർമ്മ കോളജിൽ വച്ച് നടന്നു. സംസ്ഥാന പ്രസിഡൻറ് പ്രൊഫ. പി. മമ്മദിൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻനായർ റിപ്പോർട്ട് അവതരിപ്പിച്ചു. സർവ്വകലാശാലകളുടെ ജനാധിപത്യം തകർക്കുകയും സർവ്വകലാശാലകളെ സർക്കാർ വകുപ്പിന് തുല്യമായി തരംതാഴ്ത്തുകയും ചെയ്യുന്ന യു. ഡി. എഫ് സർക്കാരിൻെറ നയത്തെ കൗൺസിൽ ശക്തമായി അപലപിച്ചു. കോഴിക്കോട് സർവ്വകലാശാല വി. സി. യുടെ ഏകാധിപത്യ നടപടികളിൽ കൗൺസിൽ പ്രതിഷേധിക്കുകയും സർവ്വകലാശാലയുടെ സ്വയംഭരണവും ജനാധിപത്യവും സംരക്ഷിക്കുന്നതിനായി എല്ലാ അദ്ധ്യാപക വിദ്യാർത്ഥി ബഹുജന പ്രസ്ഥാനങ്ങളുമായി കൂട്ടുചേർന്നുകൊണ്ട് ശക്തമായ പ്രക്ഷോഭത്തിന് രൂപം നൽകാൻ തീരുമാനിച്ചു. സംഘടനയുടെ ചരിത്രം രചിക്കുന്നതിൻെറ ഭാഗമായി വിവിധ കമ്മിററികൾ അവതരിപ്പിച്ച കരട് രേഖ കൗൺസിൽ ചർച്ചചെയ്ത് അംഗീകരിച്ചു. സംഘടനയുടെ ഭരണഘടനയിൽ അനിവാര്യമായ ഭേദഗതികൾ നിർദ്ദേശിച്ചുകൊണ്ട് എ. കെ.പി.സി.ടി.എ സർവ്വീസ് സെൽ കൺവീനർ പ്രൊഫ. കെ. എസ്. ജയചന്ദ്രൻ അവതരിപ്പിച്ച പ്രമേയം കൗൺസിൽ ചർച്ചചെയ്യുകയും അംഗീകാരം നൽകുകയും ചെയ്തു. പി. എച്ച്. ഡി അഡ്വാൻസ് ഇൻക്രിമെൻറ് ലീവ് സറണ്ടർ ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തടഞ്ഞുവയ്ക്കുന്ന ഡെപ്യൂട്ടി ഡി. സി മാരുടെ നടപടിക്കെതിരെ പ്രക്ഷോഭം സംഘടിപ്പിക്കുവാൻ തീരുമാനിച്ചു. എൻ. എസ്. എസ്. മാനേജ്മെൻറിൻെറ കോളജുകളിൽ നിന്ന് വിരമിക്കുന്ന അദ്ധ്യാപകർക്ക് യാത്രയയപ്പ് നൽകുന്നതിന് കോളജുകൾ അനുവദിക്കാത്ത എൻ. എസ്. എസ്. മാനേജ്മെൻറിൻെറ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് ചങ്ങനാശ്ശേരിയിൽ എൻ. എസ്. എസ് ഹെഡ്ഓഫീസിനുമുന്നിൽ പ്രതിഷേധസൂചകമായി യാത്രയയപ്പ് പൊതുയോഗമായി സംഘടിപ്പിക്കുവാൻ തീരുമാനിച്ചു.

# എസ്. എൻ. മാനേജ്മെൻറിൻെറ സ്ഥലംമാററ ഉത്തരവ്

പ്രസ്തുത വർഷം എസ്. എൻ. മാനേജ്മെൻറ് സ്ഥലംമാററ നിയമത്തിന് വിരുദ്ധമായി നടത്തിയ അദ്ധ്യാപകരുടെ സ്ഥലം മാററങ്ങളെ സംഘടന ശക്തമായി പ്രതിഷേധിക്കുകയുണ്ടായി. സ്ഥലം മാററത്തിന് വിധേയരായ അദ്ധ്യാപകർ അപ്പലെററ് അതോറിററിയെ സമീപിക്കുകയും അനുകൂലമായ വിധി ലഭിക്കുകയും ചെയ്തു. എന്നാൽ ഇത് നടപ്പിലാക്കാൻ എസ്. എൻ. മാനേജ്മെൻറ് തയ്യാറായില്ല. ഈ വിഷയത്തിൽ എസ്. എൻ. മാനേജ്മെൻറുമായി സംഘടന നടത്തിയ ചർച്ചയുടെ ഫലമായി പ്രസ്തുത അദ്ധ്യാപകരുടെ സ്ഥലംമാററ ഉത്തരവ് മാനേജ്മെൻറ് റദ്ദുചെയ്യുകയും അവരവരുടെ കോളജുകളിൽ തന്നെ തിരെ നൽകുകയുമുണ്ടായി. ഇത് സംഘടനയുടെ വിജയമാണ്


## എ. കെ.പി.സി.ടി.എയ്ക്ക് എതിരില്ല

പരുമല ദേവസ്വംബോർഡ് പമ്പാകോളേജിൽ, കോളേജ് ഗവേർണിംഗ് കൗൺസിലിലേക്ക് എ.കെ.പി.സിടി. എ. സ്ഥാനാർത്ഥികളായ ഡോ.വി.പ്രകാശ്, ഡോ.ബി.ഹരിലാൽ, പ്രൊ. ലക്ഷ്മി പരമേശ്വർ എന്നിവർ എതിരില്ലാതെ തെരഞ്ഞെടുക്കപ്പെട്ടു



കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളജ് സുവോളജി വിഭാഗം അധ്യാപകൻ ഡോ. ലാംബർട്ട് കിഷോറിന് ഡി.എസ്.ററിയുടെ മേജർ റിസർച്ച് പ്രോജക്ട് ലഭിച്ചു.

Major Research project: "VespidaeFauna (Hymenoptera ; infecta ) of Southern Western Ghat and Adjacent Area.



# ആണവ നിലയവും കൂടങ്കുളത്തെ പാവപ്പെട്ടവരും

പ്രാദേശികമായി ജീവ സാധാരണ മാർഗ്ഗങ്ങളുമായി പദ്ധതി പ്രദേശത്തെ പ്രകൃതിയുമായി പ്രണയത്തിലായ പാവപ്പെട്ടവർ ഗതികേടിലാവാതിരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതു തന്നെയാണ്


ഡോ.എം.എസ്.വസന്തകുമാർ
*എസ്.എൻ.കോളജ്, കൊല്ലം*



ആണവോർജം അന്തരീക്ഷ മലിനീകരണത്തിന് ഇടനൽകാതെ ഉപയോഗിക്കാവുന്ന ഊർജമത്രെ. ആണവ ശൃംഖല അഭിക്രിയ ( chain reaction) നിയന്ത്രിതമായി നടത്തി അതിൻെറ ഊർജം വസൂലാക്കുന്ന ശാസ്ത്രീയ സംവിധാനമാണ് ആണവ നിലയം ( nuclear plant) പുതിയ നൂററാണ്ടിൻെറ വർദ്ധിതമായ ഊർജ ആവശ്യങ്ങൾ നിറവേററാൻ ആവശ്യമായ അധിക അളവിലുള്ള ഊർജം പ്രദാനം ചെയ്യാൻ, മററു ഊർജ സ്രോതസ്സുകളേക്കാൾ ആണവ നിലയങ്ങൾക്ക് കഴിയും എന്നതാണ് അവയ്ക്ക് ലഭിക്കുന്ന മുൻഗണന. എന്നാൽ അവയിൽ പതിയിരിക്കന്ന അപകടങ്ങളെ സംബന്ധിച്ച അനുഭവങ്ങളും ജ്ഞാനങ്ങളും ആണവ നിലയങ്ങളെ വിവാദച്ചുഴിയിൽ ആഴ്ത്തുന്നു. കൂടംകുളം ന്യൂക്ലിയർ പവർ പ്ലാൻറും ഇതിന് ഒരു അപവാദമല്ല.

**ലോകത്തെ ആണവ അപകടങ്ങൾ**

ഒരു സ്ഫോടനമായി ശൃംഖല അഭിക്രിയ മാറണമെങ്കിൽ ഏററവും ചുരുങ്ങിയ ഒരു അളവ് (critical mass)- ആണവ ഇന്ധനം ഉണ്ടായിരിക്കണം. ഈ അളവിന് സൂപ്പർ ക്രിട്ടിക്കൽ എന്ന് വിശേഷിപ്പിക്കുന്നു. സൂപ്പർ ക്രിട്ടിക്കൽ അളവിൽ ആണവ ഇന്ധനം എടുത്ത് അതിലെ ശൃംഖല അഭിക്രിയയെ നിയന്ത്രിച്ച് നടത്തുകയാണ് ആണവ നിലയങ്ങളിൽ ചെയ്യുന്നത്. നിയന്ത്രണത്തിന് കണ്ട്രോൾ റോഡുകൾ ഉപയോഗിക്കുന്നു. ഗ്രാഫൈററ്, അലൂമിനിയം, കാഡ്മിയം എന്നീ മൂലകങ്ങൾ ഇതിന് ഉപയോഗിക്കുന്നു. അ



ണുഭേദന പ്രക്രിയയാണ് (nuclear fission) ആണവ ഇന്ധനത്തിൽ നടക്കുന്ന ശ്യംഖല അഭിക്രിയം. ഭാരം കൂടിയ ഒരു അണുവിനെ ( ഉദാഹരണം യുറേനിയം 235) ഒരു ന്യൂട്രോൺ ഭേദനം ചെയ്യുമ്പോൾ ഭാരം കുറഞ്ഞ ബേരിയം, ക്രിപ്റ്റോൺ മൂലകങ്ങളും മൂന്ന് ന്യൂട്രോണുകളും ഉണ്ടാകും. ഈ മൂന്ന് ന്യൂട്രോണുകൾ ചുററുമുള്ള മററ് യുറേനിയം അണുക്കളെ ചെന്ന് ഭേദനം ചെയ്യാം. യുറേനിയം 235 ൻെറ അളവ് സൂപ്പർ ക്രിട്ടിക്കൽ ആയിരിക്കണം എന്നു മാത്രം. അനിയന്ത്രിതമായി അത് നടന്നു പോയാൽ ആററംബോബിന് തുല്യമായ സ്ഫോടനം സംഭവിക്കും. അത് നിയന്ത്രിക്കാൻ ശരാശരി ഒരു ന്യൂട്രോൺ ഒരു യുറേനിയം അണുവിനെ ഭേദിക്കുന്ന നിലയിൽ കണ്ട്രോൾ റോഡുകൾ ഉപയോഗിക്കുന്നു. ഓരോ ഭേദനത്തിലും ഉണ്ടാകുന്ന മൂന്ന് ന്യൂട്രോണുകളെ തളർത്തി ശരാശരി ഒരു ന്യൂട്രോൺ ഒരു യുറേനിയം അണുവിനെ ഭേദിക്കുന്ന നില വൈരുത്തുന്നതിന് മോഡറേറർ കൂടി ഉപയോഗിക്കുന്നു. സാധാരണ ഗ്രാഫൈററ്, ഹെവി വാട്ടർ (ഘനജലം) എന്നിവയാണ് മോഡറേററുകൾ ഇങ്ങനെ നിയന്ത്രിതമായി നടക്കുന്ന അണുഭേദന ക്രിയകൾക്കനുബന്ധമായി ഉൽപാദിക്കപ്പെടുന്ന ഊർജം താപരൂപത്തിൽ വഹിച്ചെടുക്കാനുള്ളത് കൂളൻറ് (coolent) ആണ്. കൂളൻറുകളായി ഉപയോഗിക്കപ്പെടുന്നത് ജലം, ഘനജലം, ഹീലിയം, വായു, കാർബൺഡയോക്സൈഡ്, ലിക്വിഡ് സോഡിയം, ഹൈഡ്രോകാർബൺ- ഓയിൽ മുതലായവയാണ്.


ഈ നിയന്ത്രണ സംവിധാനങ്ങൾ പരാജയപ്പെടുമ്പോഴാണ് ആണവ നിലയങ്ങൾ പൊട്ടിത്തെറിച്ച് സാക്ഷാൽ സ്ഫോടനമായിത്തീരുന്നത്. ചില ആണവ അപകടങ്ങൾ- നിയന്ത്രണ സംവിധാനത്തകരാർ മൂലമാണ് 1957 ൽ വിൻഡ്സേററൻ ഫൈവ് എന്ന ബ്രിട്ടീഷ് ആണവനിലയത്തിൽ സ്ഫോടനം നടന്നത്.

1966 ജനുവരി 17 നാണ് സ്പെയിൻ തീരത്തെ പാലോമെരെസ് അപകടമുണ്ടായത്. അത് 490 ഏക്കറിൽ അണുപ്രസരണശേഷിയുള്ള ഫ്ളൂട്ടോണിയം പടർത്തി.

1968 ജനുവരി 21 നാണ് ഒരു ബോംബർ വിമാനത്തകർച്ചയിൽ അണുപ്രസരണ ചോർച്ചയുണ്ടായത് ( തൂലെ സംഭവം)

1970 ഡിസംബർ 18 ന് യുക്കാഫളാററിൽ ആണവ സ്ഫോടനം നടന്നു

1979 മാർച്ച് 28 ന് വെളുപ്പിന് 4 മണിക്ക് അമേരിക്കയിലെ ത്രിമൈൽ ഐലൻറ് ആണവ നിലയത്തിൽ പൊട്ടിത്തെറി ഉണ്ടായി. അവിടെ കൂളൻറ് ചോർച്ച ഉണ്ടായി. ഇത് തിരിച്ചറിയാൻ കഴിഞ്ഞില്ല. താപനില ഉയരുകയും പൊട്ടിത്തെറി ഉണ്ടാവുകയും അതിലൂടെ 32000 ഗാലൻ അണുപ്രസരണ ശേഷിയുള്ള സൂപ്പർ ഹീററഡ് ജലം പുറത്തു ചാടി.നിലയത്തിലുണ്ടായിരുന്ന 36000 കണ്ട്രോൾ റോഡുകൾ ( control rods) തകർന്നു. ഒരു ജീവഹാനി പോലും ഉണ്ടായില്ല എന്നത് ത്രിമൈൽ ഐലൻറ് ആണവ അപകടത്തിൻെറ പ്രത്യേകതയാണ്. റേഡിയേഷൻ ചോർച്ച മൂലമുള്ള മലിനീകരണ നിവാരണം 1979 മുതൽ 1993 വരെ ശക്തമായി നടന്നു. അപകട പൂർവ്വകാലത്ത് ഈ അണുനിലയത്തിൻെറ ദുരന്തം സങ്കല്പിച്ച് ചൈനാസിൻഡ്രോം എന്നൊരു സിനിമ അവിടെ പ്രദർശിപ്പിച്ചിരുന്നത് തികച്ചും യാദൃശ്ചികമായിരുന്നു. ആ സിനിമയിൽ ഒരു ആണവ റിയാക്ടർ അഭൂതപൂർവ്വമായ രീതിയിൽ അപകടകാരിയാകുന്നതാണ് പ്രതിപാദ്യം. സിനിമയിൽ, റിയാക്ടർ- കൂളൻറ് ചോർന്ന് താപനില വർദ്ധിക്കുന്നു. പക്ഷെ അത് പൊട്ടിത്തെറിക്കുന്നില്ല. താപനില വീണ്ടും വീണ്ടും ഉയരുന്നു. ഒടുവിൽ ആണവ നിലയത്തിൻെറ അടിത്തറ തന്നെ ഉരുകുന്നു അതിനെ താങ്ങി നിർത്തിയ മണ്ണും ഭൂമിയും ഉരുകുന്നു. വെണ്ണയിൽ ചുട്ടുപഴുത്ത ഇരുമ്പ് എന്ന പോലെ റിയാക്ടർ ഭൂമിക്കുള്ളിലേക്ക് പ്രവേശിക്കുന്നു. ഭൂമിയുടെ മദ്ധ്യത്തിലേക്കും തുടർന്ന് ഭൂമിയുടെ മറുവശത്തേക്കും അത് തുളഞ്ഞെത്തുന്നു. ഭൂഗോളത്തിൻെറ അങ്ങേപ്പുറം ചൈനയാണ് സിനിമയിൽ ത്രീ മൈൽ ഐലൻറ് റിയാക്ടറിൽ കുഴപ്പം ആരംഭിച്ചത് കൂളൻറ് ചോർച്ച മൂലമാണെങ്കിലും ഈ ഫിക്ഷൻ പരിണിതി അതിനുണ്ടാവില്ല. എങ്കിലും സിനിമ റിലീസായതിന് ശേഷം സംഭവിച്ച ത്രീമൈൽ ഐലൻറ് ദുരന്തം, സിനിമാ പ്രതിപാദ്യം അറംപററിയ പോലെയായിരുന്നു.



1985ആഗസ്ററ് 10 ന് ആയിരുന്നു . കെ. 431 ചാഴ്മബേ അപകടം ഒരു അന്തർവാഹിനിയിൽ നിന്ന് ആണവ ചോർച്ച ഉണ്ടായി.

1986 ഏപ്രിൽ 26 ന് റഷ്യയിലെ ചെർണോ ബിൽ ആണവ നിലയ സമുച്ചയത്തിലെ റിയാക്ടർ- നമ്പർ 4 പൊട്ടിത്തെറിച്ച് അന്തരീക്ഷത്തിലേക്ക് ആണവചോർച്ച ഉണ്ടായി. ഓപ്പറേററർമാർക്ക് സംഭവിച്ച പിഴവാണ് റിയാക്ടർ താപോർജ്ജം ഉയരാനും ഗ്രാഫൈററ് കൊണ്ടുള്ള മോഡറേററർ കത്തിക്കരിയാനും തുടർന്ന് സ്ഫോടനം ഉണ്ടാവാനും ഇടയാക്കിയത്. ഹിരോഷിമയിലെ ആററം ബോംബ് സ്ഫോടനത്തെ തുടർന്ന് ഉണ്ടായ ആണവ ചോർച്ചയേക്കാൾ വലുതായിരുന്നു ചെർണോബില്ലിലെ ചോർച്ച. അത് ഉക്രെയിൻ, റഷ്യ, സ്വീഡൻ, ഫിൻലാൻെറ്, സ്ലോവേനിയ, ഇററലി തുടങ്ങിയ രാജ്യങ്ങളിലേക്ക് വ്യാപിച്ചിരുന്നു.

1987 സെപ്തംബർ 13 ന് ബ്രസീലിൽ നടന്ന ഗൊയാനിയ ആക്സിഡൻറ്, മററൊരു ആണവ അപകടമാണ്.

സൈബീരിയൻ നഗരമായ ടോം സ്കിൽ 1993 ഏപ്രിൽ ആറിന് ഉണ്ടായ സ്ഫോടനത്തിൻെറ പുക അണു പ്രസരണ സ്വഭാവമുള്ളതായിരുന്നു.

ജപ്പാനിലെ ടൊക്കായ്മുറയിലെ യുറേനിയം റീ പ്രോസസിങ് പ്ലാൻറിൽ ഉണ്ടാതാണ് സെപ്തംബർ 30 ലെ ( 1999) അപകടം.

2011 മാർച്ച് 11 ന് ലോകത്തെ നടുക്കിയ ദുരന്തമാണ് ഫുക്കുഷിമാ ഡെയ്ച്ചി സംഭവം. റിച്ചർ സ്കെയിലിൽ 8.9 രേഖപ്പെടുത്തിയ സമുദ്രത്തിലെ ഭൂമികുലുക്കവും തുടർന്നുണ്ടായ സുനാമിയുമാണ് ഫുക്കുഷിമ ദുരന്തത്തിൻെറ ഹേതു

## ഇന്ത്യയിലെ ആണവ അപകടങ്ങൾ

കൽപ്പാക്കത്തെ ഫാസ്ററ് ബ്രീഡർ ടെസ്ററ് റിയാക്ടർ ഇന്ധനം നിറയ്ക്കുന്ന നേരത്ത്, 1987 മേയ് 4 ന് പൊട്ടിച്ചിതറി. പിന്നെ രണ്ട് വർഷം ഷട്ട്ഡൗൺ ആയിരുന്നു. 1989 സെപ്തംബർ 10 ന് താരാപൂർ അറേറാമിക് പവർ സ്റേറഷൻ റേഡിയോ ആക്ടീവ് അയോഡിൻ- ചോർച്ച നേരിട്ടു. 1992 മേയ് 13 ന് ക്രമക്കേട് നിമിത്തം താരപൂരിൽ വീണ്ടും ചോർച്ചയുണ്ടായി. യു. പിയിലെ നരോറ അറേറാമിക് പവർ സ്റേറഷനിൽ തീപിടുത്തം ഉണ്ടായി ( 1993 മാർച്ച് 31) . രാജസ്ഥാൻ അറേറാമിക് പവർ സ്റേറഷനിൽ 1995 ഫെബ്രുവരി 2 ന് അണുപ്രസരണ ശേഷിയുള്ള ഹീലിയവും ഘനജലവും ലീക്ക് ചെയ്തു. റാണാ പ്രതാപ് സാഗർഡാമിലേക്കാണ് അത് ഒഴുകിയത്. 2002 ഒക്ടോബർ 22 ന് കല്പാക്കത്ത് വീണ്ടും അപകടമുണ്ടായി. 100 കിലോ റേഡിയോ ആക്ടീവ് സോഡിയം ലീക്ക് ചെയ്തു. അത് പ്ലാൻറിലെ ഒരു ശുദ്ധീകരണ അറയിലേക്ക് ഒഴുകി വാൽവുകളുടേയും ഓപ്പറേറ്റിങ് സംവിധാനങ്ങളുടേയും നാശത്തിന് ഇത് ഇടയാക്കി.

താരാപ്പൂർ അപകടത്തിന് മുമ്പ് വേണ്ടത്ര അററകുററപ്പണികൾ ശരിയാംവിധം നിർവ്വഹിക്കാതിരുന്നതിനാൽ അവിടുത്തെ 3 000 ൽ അധികം വരുന്ന ഉദ്യോഗസ്ഥർക്ക് വർദ്ധിച്ച തോതിൽ മാരകമായ റേഡിയേഷൻ ഏററിരുന്നു. അമേരിക്കൻ യൂണിവേഴ്സിററിയുടെ ഒരു പഠനത്തിൽ 1993 നും 1995 നും ഇടയ്ക്ക് ഇന്ത്യയിൽ കുറഞ്ഞത് 124 ഗൗരവമുള്ള അപകടങ്ങൾ ചെറിയ- വലിയ തോതുകളിൽ നടന്നിട്ടുള്ളതായി കാണുന്നു

## കൂടംകുളവും പ്രതിഷേധങ്ങളും

2011 മാർച്ച് 11 ന് പൊട്ടിത്തെറിച്ച ഫുക്കുഷിമ റിയാക്ടറിൻെറ ദുരന്തം ഭാരതത്തിലെ ആണവ നിലയ പ്രദേശങ്ങളേയും നിർദ്ദിഷ്ട പ്രദേശങ്ങളെയും ഉൽകണ്ഠയിലാഴ്ത്തിട്ടുണ്ട്. അവിടങ്ങളിൽ പ്രക്ഷോഭങ്ങൾ ഉയരുകയും ചെയ്തിട്ടുണ്ട്.

മുംബെയിൽ നിന്ന് 420 കി.മി തെക്ക് സ്ഥാപിക്കപ്പെടാൻ പോകുന്ന കൂററൻ ആണവ നിലയം ആറ് റിയാക്ടറുകൾ അടങ്ങുന്ന സമുച്ചയമാണ്. *ജെയ്തപ്പൂർ ന്യൂക്ലിയർ പവർ പ്രോജക്ട്* എന്ന ആ നിർദ്ദിഷ്ട പ്രോജക്ടിന് 931 ഹെക്ടർ ഭൂമി ആവശ്യമുണ്ട്. പതിനായിരത്തോളം വരുന്ന ജനസംഖ്യയും അവരുടെ മാന്തോട്ടങ്ങളും കശുമരകൃഷിയും നെൽവയലുകളും തുടച്ചു നീക്കപ്പെട്ടാലേ ജയതപ്പൂർ യാഥാർത്ഥ്യമാവുകയുള്ളൂ അതിന് പ്രക്ഷോഭം ഉയർന്നിട്ടുണ്ട്.


പണിപൂർത്തിയാകുന്ന കൂടങ്കുളം ന്യൂക്ലിയർ പവർ പ്രോജക്ടും പ്രക്ഷോഭങ്ങളുടെ വേലിയേററത്തിലാണ്. *പീപ്പിൾസ് മൂവ്മെൻറ് എഗെൻസ്ററ് ന്യൂക്ലിയർ ഇനർജിയുടെ* നേതാവ് എസ്. പി ഉദയകുമാർ കൂടംകുളം നിലയം സുരക്ഷിതമല്ല എന്ന് പറയുന്നു. ജർമ്മനിയിൽ അവരുടെ മൊത്തം ഊർജ്ജ ആവശ്യങ്ങളുടെ 23% നൽകുന്ന 17 റിയാക്ടറുകൾ പോലും അവർ ഷട്ട് ഡൗൺ ചെയ്യാൻ കാരണം സു

രക്ഷിതത്വമില്ലായ്മ ആണെന്ന് അദ്ദേഹം ചൂണ്ടിക്കാട്ടുന്നു. മഹാത്മഗാന്ധിയുടെ ചെറുമകനും മുൻഗുജറാത്ത് ഗവർണറുമായ ഗോപാൽ ഗാന്ധിയും കൂടംകുളത്തിന്റെ സുരക്ഷിതത്വത്തിൽ ഉൽകണ്ഠ രേഖപ്പെടുത്തിയിട്ടുള്ള പ്രമുഖനാണ്. സുരക്ഷാ സംബന്ധമായ സെൻട്രൽ പാനൽ റിപ്പോർട്ടിനെ സംബന്ധിച്ച് പ്രക്ഷോഭകർക്ക് തൃപ്തിയില്ല. ന്യൂക്ലിയർ വേസ്ററിനെ സംബന്ധിച്ചും പ്രദേശത്തെ ശുദ്ധജല ആവശ്യങ്ങളെ സംബന്ധിച്ചും അതിൽ വ്യക്തത ഇല്ല എന്ന് അവർ അഭിപ്രായപ്പെടുന്നു.

എന്നാൽ 1997 ൽ നിർമ്മാണം ആരംഭിച്ച കൂടകുളം പ്രോജക്ടിന് ഇതിനം 14000 കോടി രൂപ ചെലവായിട്ടുണ്ട്. 1000 മെഗാവാട്ട് അല്ലെങ്കിൽ ഒരു ജിജവാട്ട് ഉല്പാദന ശേഷിയുള്ള ഈ പ്രോജക്ടിനുള്ള വിദേശ സഹായം റഷ്യയിൽ നിന്ന് ലഭിക്കുന്നു. രാജീവ് ഗാന്ധിയും മിഖായേൽ ഗോർബച്ചേവും ഒപ്പിട്ട ഉടമ്പടിയാണ് പ്രോജക്ടിന്റെ തുടക്കം. സെർജിറൈസോവ് എന്ന റഷ്യൻ ന്യൂക്ലിയർ എൻജിനിയറാണ് വി. വി. ഇ. ആർ- 1000 മോഡൽ കൂടങ്കുളം പ്ലാന്റ് ഡിസൈൻ ചെയ്ത് ജലം കൂളന്റും മോഡറേററുമായി ഉപയോഗിക്കുന്ന ഈ പ്ലാന്റ് ഇന്ത്യയിലെ ഏററവും വലുതാണ്

## എൻ. പി. സി. ഐ എൽ

ന്യൂക്ലിയർ പവർ കേർപറേഷൻ ഓഫ് ഇന്ത്യ ലിമിററഡ്. (NPCIL) ഇന്ത്യയിലെ ആണവ നിലയങ്ങൾ ഡിസൈൻ ചെയ്യുകയും പണിയുകയും പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതിന് ചുമതലയുള്ള സംവിധാനമാണ്. ആണവ നിലയ സംസ്ഥാപനത്തിനുള്ള ധാരണാപത്രങ്ങൾ ഒപ്പിടുക, ലാഭം ഉണ്ടാക്കുക, ഡിവിഡന്റ് വിതരണം ചെയ്യുക എന്നീ ചുമതലകൾ കൂടി അത് നിർവ്വഹിക്കുന്നു. കോർപറേഷൻ രണ്ട് ബോയ്‌ലിങ് വാട്ടർ റിയാക്ടറുകളും (BWR) പതിനെട്ട് പ്രഷറൈസ്ഡ് ഹെവി വാട്ടർ റിയാക്ടറുകളും (PHWR) ഉണ്ട്. നിർമ്മാണത്തിലിരിക്കുന്ന കൂടങ്കുളവും രാജസ്ഥാൻ അററോമിക് പവർ സ്റേറഷനും NPCIL ഉടമസ്ഥയിലുള്ളവ ആണ്. അതിന്റെ ഇക്കാരൃത്തിലുള്ള ഷെയർ 15000 കോടിയുമാണ്.




ഏററവും സുരക്ഷിതവും പരിസ്ഥിതി സൗഹാർദ്ദപരവും സാമ്പത്തികമായി സാദ്ധ്യവുമായ പവർസ്റേറഷനുകളാണ് ചജഇകഘ ന്റെ ലക്ഷ്യം. ന്യൂക്ലിയർ ഊർജം മാത്രമല്ല ന്യൂക്ലിയർ ടെക്നോളജിയും ചജഇകഘ ന്റെ പ്രവർത്തന മേഖലയാണ്. NPCIL ന് ഏറെ സുരക്ഷാ പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്

## സുരക്ഷ ഉറപ്പു വരുത്തുക

ആണവോർജം പരിസ്ഥിതി ശുദ്ധമാണ്, സംശയമില്ല. പക്ഷെ അപകടവും പൊട്ടിത്തെറിയും അതിനെ ആണവചോർച്ചയുടെ ഏററവും വലിയ പരിസ്ഥിതി ൈ;വപരീത്യമാക്കുന്നു. ഇതപര്യന്തമുള്ള ആണവദുരന്തങ്ങൾ പരിശോധിച്ചതിൽ നിന്ന് വെളിവാകുന്നത് അതാണ്. ആണവ വിരുദ്ധ പ്രക്ഷോഭകരുടെ പ്രധാന പരിഗണനാ വിഷയവും മനുഷ്യ സുരക്ഷയല്ലാതെ മറെറാന്നില്ല. NPCIL ന് സ്വന്തം പട്ടികയിൽ പുരസ്കാരങ്ങൾ തൂവൽ ചാർത്താനേറെ ഉണ്ടാകാം. പക്ഷെ പതിയിരിക്കുന്ന അപകടങ്ങളുടെ സാദ്ധ്യത നീണ്ട കാലത്തെ അനുഭവങ്ങൾ കൊണ്ട് നിഷ്ക്രഷയോടെ പഠിക്കുകയും മനസ്സിലാക്കുകയും വേണം.

അപകടങ്ങൾ ഉണ്ടാവും എന്നുള്ളതു കൊണ്ട് ഒരു സമ്പ്രദായവും അവസാനിപ്പിച്ച ചരിത്രം മനുഷ്യനില്ല. അണക്കെട്ടുകൾ തകർന്ന ചരിത്രമുണ്ട്, വാതക ച്ചോർച്ചാ ദുരന്തങ്ങളുണ്ട്, റോഡപകടങ്ങളുണ്ട്, വിമാന അപകടങ്ങളുടെ ചരിത്രമുണ്ട്, ശൂന്യാകാശ ദുരന്തങ്ങൾ ഉണ്ടായിട്ടുണ്ട്. എന്നാലും യഥേഷ്ടം മുൻകരുതലുകൾ എടുത്തുകൊണ്ട് സമ്പ്രദായങ്ങൾ തുടരുകയാണ് നാം.

നമ്മുടെ പ്രധാനമന്ത്രി മൻമോഹൻ സിങ്ങും ശാസ്ത്രകാരനും മുൻ ഇന്ത്യൻ പ്രസിഡന്റുമായ എ പി ജെ അബ്ദുൾ കലാമും കൂടംകുളം പ്രോജക്ടുമായി മുന്നോട്ടു പോകുമെന്നും ജനങ്ങൾ ഉൽകണ്ഠപ്പെടുന്ന പോലെ സുരക്ഷാ പ്രശ്നങ്ങളില്ലെന്നും തറപ്പിച്ചു പറഞ്ഞു കഴിഞ്ഞു. ആ സ്ഥിതിയ്ക്ക്, വൻമുതലു മുടക്കു നടത്തി സ്ഥാപിച്ച ആണവ പദ്ധതിയുമായി ഊർജ്ജ സമ്പന്നമായ സമൃദ്ധി വിളങ്ങുന്ന അടുത്ത ദശാബ്ദങ്ങളിലേക്ക് രാഷ്ട്രം കുതിക്കുവാൻ പോവുകയാണ് എന്ന് നമുക്ക് ഉറപ്പിക്കാം. പക്ഷെ പ്രാദേശികമായി ജീവസാധാരണ മാർഗ്ഗങ്ങളുമായി പദ്ധതി പ്രദേശത്തെ പ്രകൃതിയുമായി പ്രണയത്തിലായ പാവപ്പെട്ടവർ ഗതികേടിലാവാതിരിക്കാൻ അധികാരികൾ ശ്രദ്ധിക്കേണ്ടതു തന്നെയാണ്




# Bancassurance model in India

Dr. P.S. Mohanakumar



The **bancassurance model** – an attractive alliance for both the parties, has taken a flying start in India; but much more needs to be done in order to reach out to the **uninsured** Indian. **Bancassurance** – selling **insurance** product under the roof of a **bank** – had its humble beginning in 1980s in France and soon spread its wings to different parts of the world. In the Indian context (post the March 2000 RBI Amendment and IRDA's 2002 notification), the very concept provided a ray of hope to a number of **insurance players** as culturally, **banks** are more acceptable than **insurance companies**. Add to this the more pragmatic aspect of the penetration of **commercial banks (banking** is spread both geographically and across different socio-economic groups; there are more than 80,000 **branches** of scheduled **commercial banks),** the strategic alliance between a **bank** and an **insurance company** could not have come at a more appropriate time. Bancassurance — using banks to sell insurance products — will continue to develop via cross-border alliances between major banks and insurers even if penetration rates remain low in countries like Germany and the UK(1) LIC: The insurance company LIC of India have tie up with the following bank for Bancassurance. They are: -

(A) Corporation Bank
(B) Indian Overseas Bank
(C) Centurion Bank
(D) Sahara District Central Co-operative bank
(E) Janta Urban Co-operative bank

(F) Yeotmal Mahila Sahakai Bank
(G) Vijaya Bank &
(H) Oriental Bank o Commerce

2) **SBI – Life – Insuranc Co:** The SBI lif Insurance Co Ltd i starting & Running it Insurance business wit the help of S.B.I.

3) **Bajaj Allianz genera Insurance Co. Ltd:** In th field of genera Insurance the Bajε Allianz General Insurance Co Ltd., has tie-up with Karur Vysya Bank & Lord Krishna Bank.


4) **Birla Sun life Insurance Co. Ltd**: The Birla Sun life Insurance Company has a tie-up with the following bank for the insurance purpose :-

(a) Bank of Rajasthan
(b) Andhra Bank
(c) Bank of Muscat
(d) Development Credit Bank
(e) Dutch Bank &
(f) Catholic Syrian Bank

Inspite of above mentioned tie-up with banks. There are many tie-ups for the purpose of bancassurance. Like ICICI Prudential, United India Insurance Co-Ltd. & so on

# E-tailing in India

E-tailing is defined as Ecommerce sites including auction sites that sell groceries, apparel, CD's, books, electronic items, gifting item etc but exclude travel, digital downloads and online classifieds sites.



Ecommerce was the sunrise industry, the one that would change the face of the world. The Ecommerce market is expected to touch 9210 Crore INR in 2007-08, E Tailing or E RE-tailing market is only about 1150 Crore INR according to a survey conducted by Internet and Mobile Association of India and Indian Market Research Bureau (IMRB). The top E-tailers in India are indiatimes.com,fabmart.com, rediffshopping.com. They have managed to retain their lead due to innovative business strategies, supply chain model and changing urban lifestyles. The growth in the E-tailing market is driven by the need to save time by urban India. Besides with over 2.5 billion internet users, access to internet has also played an important role in growing the markets. Changing demographics (youthful India), changing lifestyles and exposure to the developed markets sure give a fillip to this fledgling industry. The soaring real estate costs in India have certainly inspired many an online venture. Also E-tailers have developed many innovative promotions to lure customers and there by growing the market.

# Telemarketing Services in India


There are currently 5 worldwide listings in Telemarketing Services. Find Trade Show Telemarketing Services in India and Convention Telemarketing Services in India on Conventions.net. Click on any Telemarketing Services results below to find the perfect company to help you with your Telemarketing Services in India needs. Your India, India results below will help you find the following: Telemarketing Services India - India Telemarketing Services. Contacting, qualifying, and canvassing prospective customers using telecommunications,devices such as telephone, fax, and internet. It does not include direct mail marketing. The Telecom Regulatory Authority of India (TRAI) has disconnected over 72,000 telephone connections of registered telemarketers and over 118,000 of unregistered telemarketing companies for breaching guidelines related to commercial calls and messages up to May 2011


അഭിവാദ്യങ്ങൾ

എ.കെ.പി.സി.ടി.എ
54-ാം സംസ്ഥാന
സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ


**എം.ജി.കോളജ്**
**തിരുവനന്തപുരം**





# ജനിതക രോഗങ്ങളെ ചികിത്സിക്കാൻ കെല്പുള്ള തന്മാത്രയെ സൃഷ്ടിച്ചു

**ഡോ.എം.ആർ.സുദർശനകുമാർ**
*എം.ജി.കോളജ്, തിരുവനന്തപുരം*



ടെക്സാസ് സർവകലാശാലയിലെ ശാസ്ത്രജ്ഞർ ഡി എൻ എയുടെ ഇരട്ടച്ചുരളിൽ പിണരാൻ കെല്പുള്ള തന്മാത്രയെ സൃഷ്ടിച്ചു. പതിനാറു ദിവസം വരെ ഈ തന്മാത്രയ്ക്ക് ഡി എൻ എയ്ക്കുള്ളിൽ കഴിയാൻ സാധിക്കും! ഇതുവരെ റിപ്പോർട്ട് ചെയ്ത ഏററവും കൂടുതൽ സമയമാണിത്! ഇത് ഡി എൻ എ യോട് നേരിട്ട് പ്രവർത്തിക്കാൻ കെല്പുള്ള പുതിയ ഔഷധങ്ങൾ സൃഷ്ടിക്കാനുള്ള പ്രധാന കാൽവെയ്പാണ്. ജനികത രോഗങ്ങളുടെയും എയ്ഡ്സ് , അർബുദം എന്നിവയുടെ ചികിത്സയ്ക്കും ഈ കണ്ടുപിടിത്തം സഹായകകരമാവുമെന്ന് ശാസ്ത്രജ്ഞർ കരുതുന്നു.

*ഡി എൻ എ യെ ഒരു പിരിയൻകോവണിയായി സങ്കല്പിക്കുക! അവയുടെ പടികൾക്കിടയിൽ എന്തെങ്കിലും തിരുകിവെയ്ക്കുന്നതു പോലെയാണ് ഡി എൻ എയ്ക്കുള്ളിൽ ഈ തന്മാത്ര കഴിയുന്നത് ഒരു പാമ്പ് പടി കയറുന്നതു പോലെയാണത്.* ഈ ഗവേഷണത്തിന് നേതൃത്വം നൽകിയ രസതന്ത്ര വിഭാഗം തലവനായ Bret Iverson- ന്റെ വാക്കുകളാണിവ. *ഡി.എൻ.എയ്ക്കുള്ളിൽ പെട്ടുകഴിഞ്ഞാൽ സ്വതന്ത്രമാകുവാൻ തന്മാത്രയ്ക്ക് ദീർഘ സമയം വേണം.* ഒരു പ്രത്യേക തരം ജീൻ ക്രമീകരണത്തെ പ്രവർത്തനക്ഷമമാക്കുകയോ അല്ലാതാക്കുകയോ ചെയ്യാനാണ് ശാസ്ത്രജ്ഞരിതു കൊണ്ട് ലക്ഷ്യമിടുന്നത്. ഒരുദാഹരണത്തിന് എച്ച് ഐ വിയുടെ കാര്യമെടുക്കാം. ക്രോമസോമിലെവിടെയാണെങ്കിലും എച്ച് ഐ വി ഡി എൻ എ യെ കണ്ടെത്തി അടയിരുന്ന് അതിനെ പ്രവർത്തനരഹിതമാക്കുവാൻ തന്മാത്രയ്ക്ക് കഴിയുമെന്ന് ശാസ്ത്രജ്ഞർ അഭിപ്രായപ്പെട്ടു. അങ്ങനെ സ്രോതസിൽ തന്നെ എച്ച് ഐ വി ഡി എൻ എ യെ പ്രവർത്തനരഹിതമാക്കുവാൻ പുതിയ മാർഗം സഹായകരമാകും.

Naphthalene tetracarboxylic diimide ( NDI) അടിസ്ഥാനമാക്കിയ തന്മാത്രയാണ് ശാസ്ത്രജ്ഞർ നിർമ്മിച്ചത്. Iverson ന്റെ ഗവേഷണ ഗ്രൂപ്പ് പത്തു വർഷത്തിലേറെയായി ഈ തന്മാത്രയെ പഠിച്ചു കൊണ്ടിരിക്കുകയാണ്.

സെപ്തംബർ ലക്കത്തിലെ nature chemistry യിലാണ് ശാസ്ത്രജ്ഞർ ഗവേഷണ ഫലം പ്രസിദ്ധീകരിച്ചത്. ഇത് ചികിത്സയ്ക്കു വേണ്ടി പ്രയോജനപ്പെടുത്തുവാൻ ഇനിയും കടമ്പകൾ കടക്കേണ്ടതായിട്ടുണ്ട്

അഭിവാദ്യങ്ങൾ

# എ.കെ.പി.സി.ടി.എ
# 54-ാം സംസ്ഥാന
# സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ

## കെ.ഇ.കോളജ്
**മാന്നാനം, കോട്ടയം**

## ദേവമാതാ കോളജ്
**കുറവിലങ്ങാട്, കോട്ടയം**



# ലജ്ജയില്ലേ....?

**ഡോ. ലേഖാനരേന്ദ്രൻ**
*എ.കെ.പി.സി.ടി.എ*
*സംസ്ഥാന വൈസ് പ്രസിഡൻറ്*
*സെൻറ് സേവിയേഴ്സ് കോളജ്, തുമ്പ*



ലജ്ജ, വിനയം, സ്നേഹം ക്ഷമ, കാരുണ്യം തുടങ്ങി ഒട്ടനവധി സൗശീല്യങ്ങൾ സ്ത്രീകൾക്ക് സമൂഹം ചാർത്തിക്കൊടുത്തിട്ടുണ്ട്. ആധുനിക കാലത്തും ഭൂരിപക്ഷം സ്ത്രീകളും പുരുഷന്മാരും ഇവയെല്ലാം സ്ത്രീകളുടെ സദ്ഗുണങ്ങളായി വാഴ്ത്തിപ്പാടുന്നു. അതിൽ ലജ്ജ സ്ത്രീക്ക് ഏററവും വലിയ ഭൂഷണമായി സാംസ്കാരിക ലോകവും അംഗീകരിക്കുന്നു. വ്രീളാവിവശകളായ നായികമാരില്ലാത്ത സാഹിത്യവും പുരുഷൻെറ മുന്നിൽ നാണം കൊണ്ട് നഖചിത്രം വരയ്ക്കുന്ന നായികമാരില്ലാത്ത സിനിമകളും നമുക്ക് അപൂർവ ലജ്ജവതിമാരുടെ കള്ളക്കടക്കണ്ണിലെ താഴംപൂവും താമരപ്പൂവും തേടാൻ ഇന്നും മത്സരമാണ്.

പുതിയ തലമുറയിലെ പെൺകുട്ടികൾ തങ്ങളുടെ തൊപ്പിയിലെ ഈ ഭൂഷണം ഉപേക്ഷിച്ചവരാണ്. ഇല്ലെങ്കിൽ ഉപേക്ഷിക്കേണ്ടതാണ്. പഴയതലമുറ പുതിയ തലമുറയെ ഇന്ന് വിമർശിക്കുന്നത് ലജ്ജയില്ലാത്തവർ എന്നാണ്. എന്താണ് അവരുടെ ലജ്ജയില്ലായ്മ? ലജ്ജ എന്ന പദത്തിന് പുതിയ കാലത്തിൽ പുതിയ അർഥങ്ങൾ തേടേണ്ടിയിരിക്കുന്നു. ഒരു വ്യക്തി മററൊരു വ്യക്തിയെക്കാണുമ്പോൾ ലജ്ജിക്കേണ്ടതുണ്ടോ? അല്ലെങ്കിൽ അത് സ്ത്രീക്കു മാത്രമുള്ള വികാരമാണോ? സമൂഹത്തിലെ ഏതൊരു വ്യക്തിക്കും സഹജമായി ഉണ്ടായിരിക്കേണ്ട സ്വഭാവമല്ലേ ലജ്ജയും വിനയവും ബഹുമാനവും സ്നേഹവും കാരുണ്യവുമെല്ലാം. ഇതിനെയെല്ലാം ലിംഗവല്ക്കരിച്ച് ഒരു വിഭാഗത്തിനെ ഒതുക്കി നിർത്തുകയും മറുവിഭാഗത്തിന് എന്തും ചെയ്യാനുള്ള അധികാരം നൽകുകയും ചെയ്യുന്ന പുരുഷാധിപത്യ വ്യവസ്ഥിതി ചോദ്യം ചെയ്യപ്പെടേണ്ടതാണ്.

പ്രശസ്ത എഴുത്തുകാരിയായി തസ്ലീമനസ്രീന് ആദ്യമായി *ലജ്ജ* അനുഭവപ്പെട്ടത് സ്വന്തം മാതൃരാജ്യത്തിലാണ്. മതേതര രാഷ്ട്രം എന്ന സങ്കല്പത്തിലൂന്നി നിന്നു കൊണ്ട് ബംഗ്ലാദേശ് എന്ന രാഷ്ട്രത്തിനു വേണ്ടി സമരം ചെയ്ത ജനതയെ വഞ്ചിച്ചു കൊണ്ട് സ്വാതന്ത്ര്യാനന്തരം അവിടത്തെ ന്യൂനപക്ഷമായ ഹിന്ദുക്കളുടെ നേർക്ക് കലാപം അരങ്ങേറിയപ്പോൾ, നിഷ്ക്രിയമായി ഭൂരിപക്ഷത്തനു വേണ്ടി നിലകൊണ്ട ബംഗ്ലാദേശ് ഗവൺമെൻറിനേയും അവിടത്തെ ജനങ്ങളേയും ഓർത്ത് ആ എഴുത്തുകാരി ആദ്യമായി *ലജ്ജിച്ചു.* അതിൻെറ ഫലമായി അവർ സ്വന്തം രാജ്യത്തു നിന്ന് *നിഷ്കാസിതയായി.* അന്ന് അവർക്ക് അഭയം നൽകിയത് മതേതര രാഷ്ട്രം എന്നഭിമാനിച്ചിരുന്ന ഇന്ത്യയിലെ കൽക്കത്തയിലാണ്.

അഭിവാദ്യങ്ങൾ

# എ.കെ.പി.സി.ടി.എ
## 54-ാം സംസ്ഥാന
# സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ

# സി.എം.എസ്.കോളജ്
## കോട്ടയം

# ബസേലിയസ് കോളജ്
## കോട്ടയം



എന്നാൽ ഇന്ത്യയിൽ കുറച്ചു കാലം വസിച്ചപ്പോൾ അവർക്ക് വീണ്ടും ലജ്ജിക്കേണ്ടി വന്നു. ആദ്യം സ്വന്തം മാതൃരാജ്യത്തക്കുറിച്ച് ലജ്ജ തോന്നിയ അവർക്ക് രണ്ടാമത് മതേതര രാഷ്ട്രമായ ഇന്ത്യയുടെ കപടമതേതരത്വം തിരിച്ചറിഞ്ഞപ്പോഴാണ് *വീണ്ടും ലജ്ജിക്കേണ്ടി വന്നത്.*

ഒരു എഴുത്തുകാരിയെ നമ്മുടെ രാജ്യത്ത് വർഗ്ഗീയ ഫാസിസ്ററു ശക്തികൾ പരസ്യമായി ആക്രമിക്കപ്പെടുമ്പോഴും നമ്മളാരും ലജ്ജിച്ചില്ല. ആക്രമികൾക്കും ഭരണകൂടത്തിനും സമൂഹത്തിനും ഒരേ ലജ്ജയില്ലായ്മ. ആ ലജ്ജയില്ലായ്മ ഇന്നും തടരുന്നു. ഇത് ഭാരതത്തിന്റെ ശാപമാണ്. മഹാഭാരതത്തിന്റെ ഇന്ദ്രപ്രസ്ഥത്തിൽ രാജസദസ്സിൽ, മഹാരഥന്മാരുടെ മുന്നിൽ അഞ്ചു ഭർത്താക്കന്മാർ ഉള്ള ഒരു സ്ത്രീ വസ്ത്രാക്ഷേപം ചെയ്തപ്പോഴും ഇതേ ലജ്ജയില്ലായ്മ തന്നെയല്ലേ നാം കണ്ടത്. തസ്ലീമ നസ്രീന് ബംഗ്ലാദേശിൽ അഭയം കൊടുക്കാൻ ഇടതുപക്ഷ ഗവൺമെന്റ് തയാറായിരുന്നുവെങ്കിൽ, ഇന്ന് ഒരു പുസ്തക പ്രസാധന ചടങ്ങിൽ പങ്കടുക്കാൻ സാധിക്കാത്ത തരത്തിൽ ഒരു *മമത*യുമില്ലാതെ അധികാരി വർഗ്ഗം വർഗ്ഗീയ ശക്തികൾക്കു മുന്നിൽ മുട്ടുകുത്തിയ കാഴ്ച ലജ്ജയോടെയല്ലാതെ വീക്ഷിക്കാനാകുമോ?

ജയ്പൂർ സാഹിത്യോത്സവത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് സൽമാൻ റുഷ്ദിയെ വിലക്കിയ സാംസ്കാരികാധിനിവേശത്തേയും ലജ്ജയില്ലായ്മ എല്ലേ വിശേഷിപ്പിക്കേണ്ടത്. മതതീവ്രവാദികൾ സൽമാൻ മുദിയെ വധിക്കാൻ തയാറായി നില്കുകയാണെന്ന സർക്കാരിന്റെ ഈ നൂററാണ്ടിലെ ഏററവും വലിയ നുണയ്ക്കു മുന്നിലും നമുക്ക് ലജ്ജിക്കാം. ലോകത്തിലെ ഏററവും വലിയ ജനാധിപത്യ രാഷ്ട്രമായ ഇന്ത്യ ലോകരാജ്യങ്ങൾക്കു മുന്നിൽ ലജ്ജയോടെ നില്കുന്ന കാലം അതിവിദൂരമല്ല. കേന്ദ്രത്തിൽ അധികാരത്തിൽ കയറുന്നവർ അഴിമതിയിൽ മുങ്ങിക്കുളിച്ച് ഓരോരുത്തരായി ലജ്ജയില്ലാതെ തിഹാർ ജയിലേക്ക് നടന്നു നീങ്ങുന്നു. കോടതിയുടെ വിമർശനത്തെപ്പോലും തൃണവൽഗണിച്ച് വർഗീയതയുടെ മൂർത്തരൂപമായ മോഡിയുടെ ലജ്ജയില്ലായ്മ ഒരു വശത്ത്, നിയമസഭയിലേക്ക് ജനങ്ങൾ തിരഞ്ഞെടുത്തയച്ച സാമാജികന്മാർ മൊബൈൽ ഫോണിൽ നീലച്ചിത്രം കാണ്ടാസ്വദിക്കുന്ന *ലജ്ജയില്ലായ്മ* ,മറുവശത്ത് ഇങ്ങനെ *ലജ്ജയില്ലായ്*മകളുടെ പട്ടികകൾ നീളുന്നു.

സാംസ്കാര സമ്പന്നർ എന്നഭിമാനിക്കുന്ന മലയാളികൾക്കും ലജ്ജയോടെല്ലാതെ ഒരു ദിവസവും പിറക്കുന്നില്ല. ഒരു ദിവസവും അവസാനിക്കുന്നില്ല. മലയാളികൾ എന്നും ഹൃദയത്തോടു ചേർത്ത് ആരാധിച്ചിരുന്ന രാജലക്ഷ്മി എന്ന എഴുത്തുകാരിയുടെ നേർക്കുണ്ടായ ആക്രമണം വായിച്ചപ്പോൾ ഇതുപോലെയുള്ള കാമഭ്രാന്തന്മാരുടെ ഇടയിൽ ജനിച്ചുപോയല്ലോ എന്ന് ലജ്ജിക്കാത്ത ഏത് മലയാളിയുണ്ട്. രജലക്ഷ്മി എന്ന എഴുത്തുകാരി മറെറാരു എഴുത്തുകാരനോട് കാണിച്ച സൗഹൃദത്തേയും സ്നേഹത്തേയും തികഞ്ഞ അശ്ലീലമായിക്കണ്ട് രാത്രി മുഴുവൻ വികാരത്താൽ ഉറങ്ങാൻ വയ്യാതെ നേരം വെളുക്കുന്നതിന് മുൻപ് ഓടി രക്ഷപ്പെട്ടു എന്ന് എഴുതി വില കുറഞ്ഞ പബ്ലിസിററിക്കു വേണ്ടി ശ്രമിക്കുന്ന ഉണ്ണികൃഷ്ണൻ പുതൂരിനോട് *നിങ്ങൾക്ക് ലജ്ജ*യില്ലേ എന്നല്ലാതെ മറെറന്തു ചോദിക്കാൻ!.

വേലി തന്നെ വിളവു തിന്നുന്നു എന്നത് പഴംചൊല്ലല്ലേ പുതു ചൊല്ലാണ്. തീവണ്ടിയിൽ വച്ച് ജയഗീത എന്ന എഴുത്തുകാരിയെ അപമാനിച്ചത് ടി.ടി.ഇ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥരാണ്. മന്ത്രിയുടെ പേഴ്സണൽ സ്ററാഫിനാൽ അപമാനിതയായ ആദിവാസി പെൺകുട്ടിയുടെ വാർത്തയും അധികാരി വർഗ്ഗത്തിന്റെ ലജ്ജയില്ലായ്മയെ അരക്കിട്ടുറപ്പിക്കുന്നു. ചുരുക്കത്തിൽ മലയാളി സമൂഹവും ലജ്ജയില്ലാത്ത വർഗ്ഗമായി ചുരുങ്ങിക്കൊണ്ടിരിക്കുന്നു.

ഗോവിന്ദച്ചാമിമാരുടെ പുതിയ അവതാരങ്ങൾ നമ്മുടെ തീവണ്ടി അടക്കി ഭരിക്കുമ്പോൾ ഗോവിച്ചാമിമാരെ രക്ഷിക്കുവാൻ വൻറാക്കററുകൾ പണം വാരി എറിയുമ്പോൾ, സൗമ്യയെപ്പോലെ ഇരയാക്കപ്പെടുന്ന പെൺകുട്ടികൾക്കെതിരായി പോസ്ററുമോർട്ടം റിപ്പോർട്ട് തിരുത്താൻ ഡോക്ടർമാർ തയ്യാറാകുമ്പോൾ സ്ത്രീകളെ അപമാനിക്കുന്നത് റയിൽവേ സ്ഥിരം കലാപരിപാടിയാക്കുമ്പോൾ, അതിനെതിരെ അധികാരി വർഗ്ഗം നിസ്സംഗത പാലിക്കുമ്പോൾ, ഒന്നിനുമെതിരെ പ്രതികരിക്കാനാകാതെ പകച്ചുനില്ക്കുമ്പോൾ- നാം ലജ്ജക്കണം- നമ്മെയോർത്തു ലജ്ജിക്കണം. ചുരുക്കത്തിൽ ലജ്ജിക്കാൻ പോലും മറന്ന ഒരു സമൂഹമായി മാറുകയാണ് മലയാളികൾ.



അഭിവാദ്യങ്ങൾ

എ.കെ.പി.സി.ടി.എ
54-ാം സംസ്ഥാന
സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ

# എൻ.എസ്.എസ്.കോളജ്
## ചങ്ങനാശ്ശേരി, കോട്ടയം

# എസ്.ബി.കോളജ്
## ചങ്ങനാശ്ശേരി, കോട്ടയം



# സർവ്വീസ് റൂൾസ് ട്യൂട്ടോറിയൽ

# ആറാം യു.ജി.സി പദ്ധതിയിലെ പ്രമോഷൻ സാധ്യതകൾ

# Carrear Advancement Scheme of 6th UGC

**കെ.എസ്.ജയചന്ദ്രൻ**
*എസ്.വി.കോളജ്,കുന്ദംകുളം*
*കൺവീനർ,*
*എ.കെ.പി.സി.ടി.എ.*
*സർവ്വീസ്സെൽ*



6-ാം യു ജി സി പദ്ധതിയിലെ പ്രൊമോഷൻ സാധ്യതകൾ (Carrar A dvan c ement Scheme of 6th UGC)

1. 1.1. 2006 ൽ ആരംഭിച്ച 6-ാം യു ജി സി പദ്ധതിയിൽ മൂന്ന് അധ്യാപക തസ്തികൾ മാത്രമേ ഉണ്ടാവുകയുള്ളു. അസ്സിസ്ററൻറ് പ്രൊഫസ്സർ, അസ്സോസ്സിയേററ് പ്രൊഫസ്സർ, പ്രൊഫസ്സർ
2. രണ്ട് പേബാൻറുകളും 6 അക്കാദമിക് ഗ്രേഡ്പേബാജുകളും (FDQ) ഉണ്ട്
   പേബാൻറ് 111.... 15600- 391000
   പേബാൻറ് 37400-67000
   അക്കാദമിക് ഗ്രേഡ്പേ. 6000,7000,8000,9000,10000, 12000
3. അടിസ്ഥാന ശമ്പളം എന്നത് പേബാൻറിലെ ശമ്പളവും അഏജയും ചേർത്തുള്ളതാണ്.
4. അസ്സിസ്റ്റൻറ് ഫൊഫസ്സർക്ക് മൂന്ന് ഘട്ടങ്ങൾ (Stages) ഉണ്ട്.
5. അസ്സിസ്റ്റൻറ് പ്രൊഫസ്സർ സ്ററേജ്- 1 ആയി നിയമനം ലഭിച്ച അധ്യാപകർക്ക്, സ്ററേജ്- 11 ആകുന്നതിന് 6 വർഷത്തെ സർവ്വീസ് ആവശ്യമാണ് (പി.എച്ച്.ഡി ഉള്ളവർക്ക് രണ്ട് വർഷത്തേയും എം. ഫിൽ ഉള്ളവർക്ക് ഒരു വർഷത്തേയും ഇളവ് ലഭിക്കും.)
6. കൂടാതെ ഒരു ഓറിയൻേറഷൻ കോഴ്സിനും ഔറിഫ്രെഷർ കോഴ്സിലും പങ്കെടുക്കണം.
7. അക്കാദമിക് പ്രവർത്തനങ്ങളെ വിലയിരുത്തുന്ന (API) കോളജുകൾ ഉണ്ടെന്ന് പ്രത്യേകം നിയോഗിക്കപ്പെട്ട സമിതി (Scruning Cum evaluvation committe) യൂണിവേഴ്സിററിക്ക് ശുപാർശ സമർപ്പിക്കണം.
8. അസിസ്ററൻറ് പ്രൊഫസ്സർ സ്ററേജ്- II ൽ നിന്ന് സ്ററേജ് III ലേക്കുള്ള പ്രമോഷന് 5 വർഷം കൂടി സർവ്വീസ് വേണം
9. ഒരു റിഫ്രഷർ കോഴ്സിൽ പങ്കെടുക്കുകയും ആവശ്യമായ എ.പി. ഐ സ്കോറുകൾ ഉണ്ടെന്ന് മുകളിൽ പറഞ്ഞിരിക്കുന്ന സ്ക്രീനിംഗ് കമ്മിററി ശുപാർശ ചെയ്യുകയും വേണം.
10. സ്ററേജ്- III ൽ നിന്ന് അസ്സോസ്സിയേററ് പ്രൊഫസ്സറാകാൻ തുടർന്നും 3 വർഷത്തെ സർവ്വീസ് ആവശ്യമാണ്
11. ഒരാഴ്ച ദൈർഘ്യമുള്ള ഒരു പ്രൊഫഷണൽ ലെവലപ്പ്മെൻറ് കോഴ്സിലെ പങ്കാളിത്തവും മൂന്ന് പ്രസിദ്ധീകരണങ്ങളും ആവശ്യമാണ്. ( പി എച്ച് ഡി യുള്ളവർക്ക് ഒന്നും എം ഫിൽ ഉള്ളവർക്ക് രണ്ടും പ്രസിദ്ധീകരണങ്ങൾ മതിയാകും)
12. ആവശ്യമായ എ. പി. ഐ സ്കോറുകൾ ഉണ്ടെന്ന് ഇതിനായി നിയോഗിക്കപ്പെടുന്ന സമിതി കണ്ടെത്തണം.
13. പ്രൊഫസ്സർ തസ്തികകൾ കോളജുകളിൽ സൃഷ്ടിക്കുമെന്ന് ഗവൺമെൻറ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടെങ്കിലും അതിനുള്ള തുടർ നടപടികൾ സർവ്വകലാശാലകളുടെ ഭാഗത്തു നിന്ന് ആരംഭിക്കേണ്ടതുണ്ട്

അഭിവാദ്യങ്ങൾ



എ.കെ.പി.സി.ടി.എ
54-ാം സംസ്ഥാന
സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ

എൻ.എസ്.എസ്.കോളജ്
വാഴൂർ, കോട്ടയം

ഡി.ബി.കോളജ്
തലയോലപ്പറമ്പ്, കോട്ടയം



## സർവ്വീസ് പംക്തി

**എനിക്ക് 2007 നവംബറിൽ അസ്സോസ്സിയേററ് പ്രൊഫസ്സറായി പ്രൊമേഷൻ ലഭിച്ചു. എന്നാൽ അടുത്ത ഇൻക്രിമെൻറ് ലഭിച്ചത് 2009 ജൂലൈ ഒന്നിനാണ്. അത് ശരിയാണോ? പ്രൊമോഷൻ ശേഷം അടുത്ത ഇൻക്രിമെൻറ് 2008 ജൂലൈ ഒന്നിന് ലഭിക്കേണ്ടതല്ലേ?**

27.3.2010 ലെ യു ജി സി ഉത്തരവ് പ്രകാരം എല്ലാവർക്കും ഒരേയൊരു ഇൻക്രിമെൻറ് തിയതി മാത്രമേ ഉണ്ടാകുകയുള്ളൂ. അത് ജൂലൈ ഒന്നാണു പുതിയ ശമ്പള ഘടനയിൽ വന്നിട്ട് ജൂലൈ ഒന്നിന് 6 മാസം പൂർത്തിയായി. അടുത്ത ഇൻക്രിമെൻറ് പ്രസ്തുത ജൂലൈ ഒന്നിന് ലഭിക്കണം. ജൂലൈ ഒന്നിന് 6 മാസം പൂർത്തിയായില്ലെങ്കിൽ അടുത്ത ഇൻക്രിമെൻറ് അതിന് ശേഷം വരുന്ന ജൂലൈ ഒന്നിനേ ലഭിക്കുകയുള്ളൂ. ഇത് പ്രൊമോഷൻെറ കാര്യത്തിലും ശരിയാണെന്ന് വിശദീകരണം വന്നിട്ടുണ്ട്. അതായത്, പ്രോമോഷൻ ലഭിച്ചിട്ട് ജൂലൈ ഒന്നിന് 6 മാസം പൂർത്തിയാക്കിയില്ലെങ്കിൽ അടുത്ത ഇൻക്രിമെൻറ് അതിന് ശേഷം വന്ന ജൂലൈ ഒന്നിനേ ലഭിക്കുകയുള്ളൂ. 2007 നവംബറിൽ പ്രൊമോഷൻ ലഭിച്ച സ്ഥിതിക്ക് എടുത്ത ഇൻക്രിമെൻറ് തീർച്ചയായും 2008 ജൂലൈ ഒന്നിന് ലഭിക്കണം.

**ഞാൻ 2006 മാർച്ചിലാണ് കോളേജിൽ അധ്യാപികയായി ജോലിയിൽ പ്രവേശിച്ചത്. അന്ന് മുതൽക്ക് പുതുക്കിയ യു ജി സി ശമ്പള ലഭിച്ചു. അടുത്ത ഇൻക്രിമെൻറ് തിയതി 2007 ജൂലൈ ഒന്നായിരുന്നു. അവസാനം ഇൻക്രിമെൻറ് വാങ്ങിച്ചത് 2011 ജൂലൈ ഒന്നിനാണ് എന്നാൽ, 2012 ജനുവരി 3 മുതൽ രണ്ട് മാസത്തേക്ക് ശമ്പളമില്ലാത്ത അവധിയിലാണ്. മെഡിക്കൽ സെർട്ടിഫിക്കേററിൻെറ അടിസ്ഥാനത്തിലല്ല അവധിയെടുത്തിട്ടുള്ളത്. അതുകൊണ്ട് എൻെറ അടുത്ത ഇൻക്രിമെൻറ് തിയതി മാറിപ്പോകുമോ?**

27.3.2010 ലെ യു ജി സി ഉത്തരവ് പ്രകാരം 6 മാസത്തിൽ കൂടുതൽ കാലത്തേക്ക് ശമ്പള മില്ലാത്ത അവധി മെഡിക്കൽ സർട്ടിഫിക്കററിൻെറ അഭാവത്തിൽ യെടുത്തെങ്കിൽ മാത്രമേ ഇൻക്രിമെൻറ് തിയതി ജൂലൈ 1 ൽ നിന്ന് മാറുകയുള്ളൂ. ഇവിടെ 2 മാസത്തേക്ക് മാത്രമാണ് ശമ്പളമില്ലാത്ത അവധിയെടുത്തിരിക്കുന്നത് അതുകൊണ്ട് 2012 ജൂലൈ ഒന്നിന് തന്നെ അടുത്ത ഇൻക്രിമെൻറ് ലഭിക്കു.....

With the best compliments from ....


# WINTEC COMMUNICATION

**Authorised Stockist Partner & Service Provider of**

**SAMSUNG MULTI-FUNCTIONAL PRODUCTS**

**Also a Vibrant Dealer ( Sales and Service) Desktop and Laptop Computers And other Computer Accessories At Kottayam.......**

**Madathiparambil Buildings,
Near Star Junction, Kottayam 686001
Phone: 0481- 2300048, 3202490 Mob: 94474 20615**




ഗ്രീൻ ബുക്സ് വില 115 രൂപ

# ക്യൂബ വിപ്ലവ ചരിത്രത്തിലെ ഒററക്കൊമ്പൻ

**പ്രമോദ് വെള്ളച്ചാൽ**
എം.ജി.കോളേജ്, ഇരിട്ടി



അറാവക് (Arawak) അല്ലെങ്കിൽ തായിനോ ( Taino) ഇന്ത്യക്കാരായിരുന്നു, 1492 ൽ കൊളംമ്പസ് എത്തിച്ചേരുമ്പോൾ ക്യൂബയിൽ ഉണ്ടായിരുന്നത്. നാവികരും പുതിയ അധിനിവേശക്കാരും സമ്മാനിച്ച അസുഖം ബാധിച്ച് പലരും മരിച്ചു പോയി. 1511- ഓട് കൂടി സീഗോ വാലസ്ക്വസ് ( Diego Velasquez) ൻെറ നേതൃത്വത്തിൽ സ്പാനിയാർഡ്സ് പുതിയ താവളങ്ങൾ ഉണ്ടാക്കി. ഹവാനയിലെ മനോഹര തുറമുഖം സ്പെയിനിൽ നിന്നും തിരിച്ചും സഞ്ചരിക്കാൻ പററിയ വാതിലായിരുന്നു . 1800 കളിൽ ക്യൂബയിലെ കരിമ്പ് കൃഷി വമ്പിച്ച അഭിവൃദ്ധിയിലേക്കുയർന്നു .അതുകൊണ്ട് തന്നെ വലിയതോതിൽ കറുത്ത അടിമകളെ അവിടെ ആവശ്യമായി വന്നു. സ്വാതന്ത്ര്യത്തിന് വേണ്ടിയുള്ള ചെറിയ ചെറിയ പോരാട്ടങ്ങൾ 1867 മുതൽ 1878 വരെ തുറന്ന യുദ്ധമായി മാറി. 1886 ൽ അടിമത്തം അവസാനിച്ചു. 1878 ൽ ജോസ് മാർടി ( Jose Marti) എന്ന കവിയുടെ നേതൃത്വത്തിൽ നടത്തിയ സമരത്തോടെ ക്യൂബയിലെ സ്പാനിഷ് ഭരണം അവസാനിച്ചു. ഹവാന തുറമുഖത്ത് മെയിനി (maine) യുദ്ധക്കപ്പൽ മുങ്ങിയതോടെ .യു എസ് ഇടപെടൽ ഉണ്ടാവുകയും 1899 ലെ ഉടമ്പടി പ്രകാരം ക്യൂബ യു എസിൻെറ സംരക്ഷണത്തിലുള്ള സ്വാതന്ത്ര രാഷ്ട്രമായിത്തീർന്നു . 1901 ലെ പ്ലാററ് (Platt) ഭേദഗതി നിയമപ്രകാരം ക്യൂബയുടെ ആഭ്യന്തര കാര്യങ്ങളിൽ യു. എസിന് ഇടപെടാമായിരുന്നു. 1906 മുതൽ 1920 വരെ യു. എസ് അങ്ങിനെ ഇടപെട്ടിട്ടുമുണ്ട്. പക്ഷെ 1934 ൽ ക്യൂബ ആ ഭേദഗതി അവസാനിപ്പിച്ചു. 1933 ൽ ഒരുപററം ആർമി ഓഫീസർമാർ ബാററിസ്ററയുടെ (batisa)- നേതൃത്വത്തിൽ പ്രസിഡൻറ് ജറാർസോ മക്കാസോയെ ( Gerardo machado) സ്താനഭ്രഷ്ടനാക്കി. 1940 ൽ ബാററിസ്ററയുടെ അഴിമതി നിറഞ്ഞ കിരാത ഭരമം ക്യൂബയിൽ ആരംഭിച്ചു.

1956 ഫിദർ കാസ്ട്രോവിൻെറ നേതൃത്വത്തിൽ സീറാ മെയിസ്ട്ര (Sterra Maestra) മലനിരകളിൽ നിന്നും ഒരു

വിപ്ലവ മുന്നേററമുണ്ടായി. കാസ്ട്രോവിൻെറ സഹോദരൻ റൗൾ, ചെഗുവര തുടങ്ങിയവരായിരുന്നു സംഘത്തിൽ ഉണ്ടായിരുന്നത്. ബാററിസ്ററ ഭരണ കൂടത്തോട് വെറുപ്പും വിദ്വേഷവും പുലർത്തിയ ഭൂവുടമകളുടെ പിന്തുണയും ആ വിപ്ലവത്തിനുണ്ടായിരുന്നു. 1958 ൽ യു എസ് ക്യൂബയ്ക്ക് എല്ലാ സൈനിക സഹായവും നിർത്തലാക്കി. 1959 ലെ പുതുവർഷ ദിനത്തിൽ തന്നെ ബാററിസ്ററ പലായനം ചെയ്യുകയും കാസ്ട്രോ ഭരണാധികാരം പിടിച്ചെടുക്കുകയും ചെയ്തു. സോവിയ് യൂണിയനോട് ഹൃദയബന്ധം പുലർത്തി അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരായ ക്യൂബ എന്ന രാഷ്ട്രത്തിൻെറ പുതിയ ചരിത്രം അങ്ങിനെ ആരംഭിച്ചു. ചെയുടെ ധീര രക്തസാക്ഷിത്വവും കാസ്ട്രോവിൻെറ സാമ്രാജ്യത്വവിരുദ്ധ പോരാട്ടവുമെല്ലാം വെറും ചരിത്രം മാത്രമല്ല. വർത്തമാന ലോക സാഹചര്യത്തിൽ സാമ്രാജ്യത്വ ആഗോളീകരണത്തിനെതിരായ സൈനിക വൽക്കരണത്തിൻെറ ആവേശം കൂടിയാണ് ചെയും, കാസ്ട്രോയും ക്യൂബയുമെല്ലാം.

മാറുന്ന ക്യൂബ, മാറാത്ത ക്യൂബ എന്ന സോണി ജോണിൻെറ മനോഹരമായ യാത്രാ വിവരണ ഗ്രന്ഥം ക്യൂബയെ അടുത്തറിയാനുള്ള അവസരമാണ് നല്കുന്നത്. മെൻബണിൽ ഗവേഷണ വിദ്യാർത്ഥിയായിരിക്കെ തനിക്ക് വീണ് കിട്ടിയ സ്വപ്നതുല്യമായ വസരമായിരുന്നു ക്യൂബൻ യാത്രയെന്ന് സോണി പറയുന്നുണ്ട്. പ്രാരംഭത്തിൽ സോണി ഇങ്ങനെ പറയുന്നു, ലോകത്തിൽ ഏററവുമധികം പഞ്ചസാര ഉത്പാദിപ്പിക്കുന്ന രാജ്യമേത് എന്ന ചോദ്യത്തിൻെറ ഉത്തരമായിരുന്നു ക്യൂബ. ആ വാക്ക് അന്നേ പാഠപുസ്തകത്തിൽ സ്ഥാനം പിടിച്ചിരുന്നു. എവിടെയാണീ രാജ്യം? കുട്ടികളുടെ ജിജ്ഞാസ നിറഞ്ഞ ചോദ്യത്തിന് ഗോവിന്ദ വാരിയർ മാഷ് പറഞ്ഞ ഉത്തരം ഓർമ്മയിൽ ഇന്നുമുണ്ട്. അത് കുറെ ദൂരയാണടോ അതൊരു ദ്വീപാണ്. മദ്ധ്യ അമേരിക്കയിലെ കരീബിയൻ കടലിലെ ഒരു ദ്വീപ്. വർഷങ്ങൾക്കുശേഷം ആ ദ്വീപിൽ എത്തിച്ചേരുമ്പോൾ ക്യൂബയെക്കുറിച്ച് ഉൽക്കണ്ഠാകുലനായിരുന്ന ആ കുട്ടിയുടെ ജീവിത സാഫല്യമാണ് സോണിജോൺ അനുഭവിച്ചത് എന്ന് ഈ പുസ്തകം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ക്യൂബൻ വിപ്ലവത്തിൻെറ 500-ാം വർഷത്തിലായിരുന്ന സോണിയുടെ യാത്ര എന്നത് യാദൃശ്ചികമെങ്കിലും ചരിത്രപരമായ ഒരു നിയോഗമായിരുന്നു അത്, ഒരുപാട് കടമ്പകൾക്ക് ശേഷമാണ് തൻെറ ചിരകാല മോഹമായ ക്യാബൻ യാത്ര സഫലമായതെന്ന് സോണി പറയുന്നുണ്ട്. വെറും വിരസമായ കാഴ്ചകളും ശബ്ദങ്ങളുമല്ല സോണിയുടെ പുസ്തകം. അത് അനുഭവങ്ങളുടെ നിറവും നനവുമുള്ള ഒരു പക്ഷെ സംഭാഷണ ശകലങ്ങൾ കൊണ്ട് കഥയുടേയോ നോവലിൻേറയോ നലത്തിലേക്കുയിരുന്നു അനുഭവങ്ങൾ തന്നെയാണ്. ഭാഷയറിയാതെ, ഒരാളെ പോലും പരിചയമില്ലാതെ, ഒരു സാഹസിക യാത്രക്കെന്ന പോലെ ഞാൻ ക്യൂബൻ യാത്രക്കൊരുങ്ങി. മെയ് 18 ന് പുലർച്ചെ റോയൻ എന്നെ മെൽബണിലെ മറൈൻ അന്താരാഷ്ട്ര വിമാനത്താവളത്തിലെത്തിച്ചു. അവിടെ നിന്ന് കാതെപസഫികിൻെറ വിമാനത്തിൽ ക്യൂബൻ യാത്ര ആരംഭിക്കുമ്പോൾ കൈമുതലായുണ്ടായിരനത് റോയിനെന്നെ മനഃപാഠം പഠിപ്പിച്ച ഏതാനും സ്പാനിഷ് നുറുങ്ങുകളും അയാളുടെ പഠനകാലത്തെ ഏതാനും സുഹൃത്തുക്കളുടെ മേൽവിലാസങ്ങളും മാത്രം. ക്യൂബൻ യാത്ര വ്യത്യസ്തവും ബുദ്ധി മുട്ടേറിയതുമാണെന്ന് എനിക്കറിയാമായിരുന്നു. പക്ഷെ ജോഷ് പറഞ്ഞതു പോലെ ജീവിതത്തിൽ ഇടക്കെങ്കിലും ഒരു വെല്ലുവിളി തോന്നുന്നത് രസമല്ലേ. സത്യത്തിൽ ഈയൊരു സാഹസിക നിലപാടിൻെറ ജിജ്ഞാസ നിറഞ്ഞ കാഴ്ചകളാണ് ഈ യാത്ര വിവരണ ഗ്രന്ഥത്തിൻെറ സൗന്ദര്യം

ഒരു രാജ്യം, പ്രത്യേകിച്ചും സ്വപ്നങ്ങളിൽ താലോലിച്ച ഒരു രാജ്യം കാണുവാൻ പോകുമ്പോൾ ആ രാജ്യത്തെക്കുറിച്ചും അവിടുത്തെ ഭരണാധികാരിയെ കുറിച്ചും പഠിക്കുക എന്നത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. യൂലിയോ ലെ റെവറെൻറ് എന്ന് ക്യൂബൻ ചരിത്രകാരൻ എഴുതിയ ബ്രീഫ് ഹിസ്ററി ഓഫ് ക്യൂബ, ഐറിഷ് പത്രപ്രവർത്തകയായ ലിൻ ഗെൽസോഫ് എഴുതിയ *ക്യൂബൻസ്* എന്ന ഗ്രന്ഥവുമാണ് ക്യാബയെ കുറിച്ച് വ്യക്തമായ ഉൾക്കാഴ്ച നൽകാൻ സോണിയെ സഹായിച്ചത്.

കൊളംബസിൻെറ യുവാന എന്ന അദ്ധ്യായത്തിൽ ലോകമറിയുന്ന ക്യൂബയുടെ ചരിത്രം ആരംഭിക്കുന്നത് ഇന്ത്യയുമായി ബന്ധപ്പെട്ടാണെന്ന് സോണി പറയുന്നു. ഇന്ത്യ തേടിയുള്ളചരിത്ര പ്രസിദ്ധമായ യാത്രക്കിടയിൽ അവിചാരിതമായി അററ്ലാൻറിക് മഹാസമുദ്രത്തിലെ ഭൂപ്രദേശത്ത് 1492 ഒക്ടോബർ 27 ന് ക്രിസ്ററഫർ കൊളംമ്പസ് എത്തിപ്പെട്ടതുമുതലാണത്.

കൊളംബസ് അന്ന് കപ്പലിറങ്ങിയത് വടക്കും തെക്കുമുള്ള വൻകരകൾക്ക് നടുവിലുള്ള പ്രകൃതി രമണീയമായ ക്യൂബൻദ്വീപിലായിരുന്നു. ക്യൂബയുടെ ചരിത്രത്തിലേക്കുള്ള വളരെ സംക്ഷിപ്തവും രാഷ്ട്രീയവുമായ എത്തിനോട്ടമാണ് ഈ അദ്ധ്യായത്തിൽ അവതരിപ്പിക്കപ്പെട്ടിട്ടുള്ളത്. അധിനിവേശത്തിൻെറ കൂററൻ കുളമ്പടികളിൽ ലോക രാഷ്ട്രങ്ങൾ വിറക്കുമ്പോൾ അചഞ്ചലമായ രാഷ്ട്രീയ ഇച്ഛാശക്തിയുടെ കരുത്തായി നില്കുന്ന ക്യൂബ തീർച്ചയായും ലോകാത്ഭുതങ്ങളിൽ ഒന്നാണ്.

കാഴ്ചകൾ ഒപ്പിയെടുക്കുന്ന ചിത്രങ്ങൾക്കപ്പുറം ചരിത്ര ഗവേഷകൻെറ അന്വേഷണം ഈ ഗ്രന്ഥത്തിൻെറ സവിശേഷതയാണ്. ക്യൂബയുടെ ചരിത്ര വർത്തമാനങ്ങളിലൂടെയുള്ളസഞ്ചാരമാണ് സോണി അവതരിപ്പിക്കുന്നത്. സോണി പറയുന്ന, യഥാർത്ഥത്തിൽ കൊളംബസ് ക്യൂബയിലിറങ്ങി ഏറെക്കാലം കഴിഞ്ഞാണ് ക്യൂബയുടെ കോളനിവൽക്കരണം ആരംഭിക്കുന്നത്. ഡീഗോ വെലാസ്ക്വസെന്ന അതിസാഹസികനായ സ്പാനിഷ് പോരാളിയുടെ നേതൃത്വത്തിലുള്ള അധിനിവേശസേനയാണ് ക്യൂബയെ സ്പെയിനിൻെറ കോളനിയാക്കി മാററുന്നത്. വെലാസ്ക്വസിൻെറ നേതൃത്വത്തിലുള്ള അധിനിവേശ സേന ക്യാബയുടെ വടക്കു കി

ഴക്കൻ തീരത്തിറങ്ങുമ്പോൾ കൊളംബസ് ക്യാബയിലെത്തി പതിനേഴു സംവൽസരങ്ങൾ കഴിഞ്ഞിരുന്നു. കൊളംബസ് ക്യൂബയിലിറങ്ങിയ അന്നു മുതൽ ക്യൂബയുടെ ചൂഷണത്തിൻെറ ചരിത്രം ആരംഭിക്കുന്നു.

ചരിത്രവും സംസ്കാരവും അപഗ്രന്ഥത്തിൻെറ സൂഷ്മ ദർശനിയിലൂടെയാണ് സോണി അവതരിപ്പിക്കുന്നത്. അതുകൊണ്ട് തന്നെ ഒരു യാത്രാവിവരണ ഗ്രന്ഥം ഒരു രാജ്യത്തിൻെറ ചരിത്ര രാഷ്ട്രീയ സാംസ്കാരിക രേഖയായിത്തീരുകയാണിവിടെ. ഈ അദ്ധ്യായത്തിൻെറ ഒടുവിൽ സോണി പറയുന്നു, അമ്പതു വർഷത്തോളം ക്യൂബയെ ധീരമായി നയിച്ച ലോകം കണ്ട ഏററവും മികച്ച ജന നേതാക്കളിൽ ഒരാളായ ഫിദർ കാസ്ത്രോ അധികാരമൊഴിഞ്ഞ ഒരു പ്രത്യേക കാലഘട്ടത്തിലൂടെയാണ് ക്യൂബയിപ്പോൾ കടന്നു പോവുന്നത്. കമ്മ്യൂണിസത്തിൻെറ കാലഘട്ടം കഴിഞ്ഞെന്ന രാഷ്ട്രീയ വിലയിരുത്തലുകൾക്കിടയിലും ക്യൂബ ജീവസ്സോടെ മുന്നേറുമ്പോൾ ലോക രാഷ്ട്രീയം ഏറെ കൗതുകത്തോടെ ക്യൂബയെ ഉററു നോക്കിക്കൊണ്ടിരിക്കയാണ്. ഇവിടെ വസ്തുതകളും സോണിയുടെ രാഷ്ട്രീയ നിലപാടുകളും വളരെ വ്യക്തമായി ആവിഷ്കരിക്കപ്പെടുകയാണ്.

ലാഹബാനയിലേക്ക് എന്ന അധ്യായം ആകാശപ്പറക്കലിൻെറ ജീവിതാനുഭവങ്ങളാണ് ചിത്രീകരിക്കുന്നത്. നീണ്ട ഒൻപതു മണിക്കൂർ പറക്കലിനു ശേഷം പ്രഭാതത്തോടെ കാതെപസഫിൻെറ ഫ്ളൈററ് നമ്പർ സി എക്സ് 0168 ഹോങ്കോങ്ങിലെ അന്താരാഷ്ട്ര വിമാനത്താവളത്തിൻെറ റൺവെ സ്പർശിച്ചതുമുതൽ ടൊറൻറോ വിമാനം കാണ്ടിരിക്കുന്നതു വരെയുള്ള കാഴ്ചകൾ നർമരസങ്ങൾ എല്ലാം വായനയുടെ ഉൽസാഹത്തെ വർദ്ധിപ്പിക്കുന്നുണ്ട്.

ഹോങ്കോങ്ങിൽ നിന്നും ടൊറൻറോയിലേക്കുള്ള യാത്രക്കിടയിൽ ന്യൂയോർക്ക് കാരനായ ടിം എന്നയാളെ പരിചയപ്പെട്ട കാര്യം സോണി പറയുന്നുണ്ട്. മതവും സംസ്കാരത്തിൻെറ രാഷ്ട്രീയവും എന്ന വിഷയത്തിൽ ഗവേഷകനായ ടിം ക്യൂബയെ കുറിച്ച് പറഞ്ഞ ഏററവും വിചിത്രമായ സംഗതി അവിടത്തെ മതപരമായ പശ്ചാത്തലവും രാഷ്ട്രീയ തലത്തിൽ അതിനുള്ള സ്വാധീനവുമാണ്. കമ്മ്യൂണിസ്ററ് പാർട്ടി ഓഫ് ഇന്ത്യ യുടെ സംസ്ഥാന സമ്മേളനവുമായി ബന്ധപ്പെട്ട് നടത്തിയ ചിത്രപ്രദർശനത്തിൽ ക്രിസ്തുവിനെ വിപ്ലവകാരികളുടെ പട്ടികയിൽ അവതരിപ്പിച്ചപ്പോൾ കേരളത്തിലുണ്ടായ വാദപ്രതിവാദങ്ങൾ നമ്മൾ കേട്ടതാണല്ലോ. ക്രിസ്തുവിനെ ഹൃദയം കൊണ്ട് തൊട്ടറിഞ്ഞ പൗരോഹത്യവും അവരെ നയിക്കുന്ന മൂലധന താത്പര്യങ്ങളുമാണ് ഒച്ചപ്പാടുണ്ടാക്കിയത്. ഈ സന്ദർഭത്തിൽ ക്യൂബയെ കുറിച്ച് ഗവേഷകനായ പറഞ്ഞ കാര്യങ്ങൾ അടിവരയിടേണ്ടതും ഉച്ചത്തിൽ വിളിച്ചു പറയേണ്ടതുമാണ്. ഒന്നാം തരമൊരു കത്തോലിക്കാ രാജ്യമായ ക്യൂബ കമ്മ്യൂണിസത്തെ ആശ്ലേഷിച്ചതിൽ അസാധാരണമായി ഒന്നില്ല. തീർത്തും ക്രിസ്ത്യൻ മൂല്യങ്ങളുടെ പ്രായോഗിക തലത്തിലുള്ള അവസ്ഥാന്തരമായാണ് അദ്ദേഹം ക്യൂബൻ കമ്മ്യൂണിസത്തെ കണ്ടത്. അതുകൊണ്ട് തന്നെ ക്യാബൻ കമ്മ്യൂണിസത്തക്കുറിച്ച് തീർത്തും വ്യത്യസ്തമായ കാഴ്ചപ്പാടുകളാണ് ടീം തനിക്കു നൽകിയതെന്ന് സോണി പറയുന്നു.

ടൊറൻൻേറയിൽ നിന്നും ഹവാനയിലേക്കായി പിന്നത്തെ യാത്ര. ആ യാത്ര മനോഹരമായ ഭാഷയിൽ സോണി അവതരിപ്പിക്കുന്നത് ഇങ്ങനെയാണ് ഒണ്ടാറിയോ തടാകത്തിനു മുകളിൽ നിന്നും തുടങ്ങി കരീബിയൻ കടലിലെ അസഖ്യം ദ്വീപുകൾക്കു മുകളിലൂടെയുള്ള ആ പറക്കൽ ഏറെ നയനാന്ദകരമായിരുന്നു. പന്ത്രണ്ടുമണിയോടടുപ്പിച്ച് ക്യൂബ ഞങ്ങളുടെ ദൃഷ്ടിപഥത്തിലെത്തി. കടലിനുമുകളിലൂടെ താഴ്ന്നു പറന്നുള്ള ഇറക്കവും ഹരിതാഭമായ കാഴ്ചകളും ത്രസിപ്പിക്കുന്ന ഒരനുഭവം തന്നെയായിരുന്നു. പ്രതീക്ഷിച്ചതിലും അഞ്ചു മിനിട്ടു വൈകി ഞങ്ങൾ ഹവാനയിലെ ഹോസെമാർത്തി അന്താരാഷ്ട്ര വിമാനത്താവളത്തിലിറങ്ങി.

ക്യൂബയുടെ രാഷ്ട്രീയ നിലപാടുകളും അമേരിക്കൻ അധിനിവേശ കുതന്ത്രങ്ങൾക്കെതിരെയുള്ള പ്രതിരോധപരിപാടികളും യാത്രയുടെ സന്ദർഭങ്ങളിൽ സോണിയുടെ മനസ്സിലെത്തുന്നുണ്ട്. ക്യൂബക്കെതിരെയുള്ള അമേരിക്കൻ ഉപരോധത്തിൻെറ ഏററവും തീവ്രമായ ആഘാതം പ്രതിഫലിപ്പിക്കുന്നത് ഗതാഗതരംഗത്തും വാർത്താവിനിമയ രംഗത്തുമാണ്. ഈ മേഖലകളിലെ അമേരിക്കൻ കുതന്ത്രങ്ങളെ കുറച്ചെങ്കിലും അവർക്ക് പ്രതിരോധിക്കാൻ കഴിയുന്നത് ചൈനയുടേയും വെനിസ്വേലയുടേയും സഹായം മൂലമാണ്.

ക്യൂബയുടെ ഗ്രാമാന്തരങ്ങളിലൂടെയുള്ള യാത്ര കേരളത്തെ ഓർമ്മിപ്പിക്കുന്നതായിരുന്നു. വാഴയും തെങ്ങും, ഓടും പനയോലയും മേഞ്ഞ കർഷക ഗൃഹങ്ങളും തദ്ദേശിയർ യുക്കായെന്ന് വിളിക്കുന്ന മരിച്ചീനിയും കോഴി വളർത്തലും എല്ലാം ഒരു വള്ളുവനാടൻ ഗ്രാമാനുഭവമാണ് തന്നതെന്ന് സോണി പറയുന്നു.

കേരളത്തിൽ ഇ എം എസ് ഗവൺമെൻറ് ഭൂപരിഷ്ക്കരണ നിയമം കൊണ്ടു വന്ന സമയത്ത് തന്നെ ക്യൂബയിലും സമാനമായ ഭൂപരിഷ്ക്കരണം നടന്നു എന്നത് കൗതുകകരമായ കാര്യമാണ്. റാഞ്ചോ ലോയിലേക്ക് എന്ന അദ്ധ്യായത്തിൽ ഇക്കാര്യം വ്യക്തമാക്കുന്നുണ്ട്. കൂററൻ ഭൂവുടമകളിൽ നിന്നും അൻപത് ലക്ഷം ഹെക്ടറിലധികം ഭൂമിയാണ് ക്യൂബൻ സർക്കാർ പിടിച്ചെടുത്തത്. അതിൽ വലിയൊരു ശതമാനം ഭൂമിയും അമേരിക്കൻ കുത്തക മുതലാളിമാരുടെയും കമ്പനികളുടേയും കൈവശമുണ്ടായിരുന്നതായിരുന്നു. യുണൈററഡ് ഫ്രൂട്ട് കമ്പനിയുടെ ഒരു ലക്ഷം ഹെക്ടറിലധികം വരുന്ന ഭൂമിയും അതിൽ പെട്ടിരുന്നു. അധികാരം കിട്ടി അഞ്ചുമാസത്തിനുള്ളലാണ് ഫിദൽ കർഷകർക്കും കർഷക തൊഴിലാളികൾക്കും ജീവിതാശ്വാസം നല്കിയ വിപ്ലവകരമായ പരിഷ്കാരം നടപ്പിലാക്കിയത്. കമ്മ്യൂണിസ്ററ് ഗവൺമെൻറുകൾ ചരിത്രത്ത് ഇടപെടുന്ന സമാനസ്വഭാവങ്ങൾ കേരളത്തേയും ക്യൂബനേയും താരതമ്യം ചെയ്ത് മനസ്സിലാക്കാവനതേയുള്ളു. പക്ഷെ ജനാധിപത്യ വിരുദ്ധ നീക്കങ്ങളിലൂടെ ഇ

എം എസ് ഗവൺമെൻറിനെ താഴെയിറക്കി എന്ന കുപ്രസിദ്ധ സംഭവം മറക്കാനോ പൊറുക്കാനോ പററാത്തതാണ്.

ചെ, സാന്താക്ലാരയുടെ വീരനായകൻ എന്ന അദ്ധ്യായം ക്യൂബൻ വിപ്ലവത്തിൻെറ ജ്വലിക്കുന്ന നക്ഷത്രം ചെയുടെ ഓർമകളുണർത്തുന്നതാണ് വിശ്വവിഖ്യാത ക്യൂബൻ ശില്പിയായ ഹോസെ സെലിസാറോ രൂപകല്പന ചെയ്ത ചെയുടെ പ്രതിമയാണ് ആ സ്മാരകത്തിൻെറ മുഖമുദ്ര. വലതു കൈയിൽ തോക്കുമേന്തി ഒടിഞ്ഞു. ാസ്ററിട്ട മറുകൈ നെഞ്ചോട് ചേർത്ത് വെച്ച് അഞ്ചലനായി മാർച്ച് ചെയ്യുന്ന ക്യൂബൻ വിപ്ലവത്തിൻെറ ദത്തുപുത്രൻെറ പ്രതിമ ഉദാത്തമായ ഒരു കലാസൃഷ്ടി മാത്രമല്ല വിജയം വരെ മുന്നേറാൻ (ഹസ്ത ലാ വിക്ടോറിയ സിയംബ്രെ) രെആഹ്വാനം ചെയ്യുന്ന ചെയുടെ വ്യക്തിത്വത്തിൻെറ തനതായ സാക്ഷ്യപത്രം കൂടിയാണ്.

ക്യൂബൻ വിപ്ലവത്തിൻെറ ഏററവും ശ്രേഷ്ഠമായ നേട്ടങ്ങളുടെ നേർകാഴ്ച തന്നെയാണ് തൻെറ യാത്രകളിൽ സോണി അനുഭവിച്ചത്. അമേരിക്കൻ സാമ്പത്തിക ഉപരോധത്തിനിടയിൽ ജീവൻ രക്ഷാ മരുന്നുകൾ പോലും ലഭ്യമല്ലാതിയിത്തീർന്ന പ്രതിസന്ധിയിൽ നിന്നാണ് സ്വന്തമായി മരുന്നുകൾ വികസിപ്പിച്ചെടുക്കുന്ന നിലയിലേക്ക് ക്യൂബ വളർന്നത്. ആരോഗ്യ രംഗത്തും വിദ്യാഭ്യാസ രംഗത്തും വൻ കുതിച്ചു ചാട്ടമാണ് വിപ്ലവാനന്തര ക്യൂബ നടത്തിയതെന്ന് കാണാം. ഊർജ്ജമേഖലയിലും സ്വയം പര്യാപ്തത കൈവരിക്കാൻ ക്യൂബക്കു സാധിച്ചു. സാക്ഷരതയ്ക്കും ആരോഗ്യത്തിനും നൽകിയ അതേ പ്രാധാന്യം കായിക മേഖലയ്ക്കും ക്യൂബ നൽകിയിരുന്നു. 1959 ൽ ഫിദൽ നടത്തിയ പ്രസ്താവന ഇതിൻെറ തെളിവാണ്. നമ്മുടെ രാജ്യത്തെ ഓരോ കുട്ടിക്കും മികവുററ കായിക വിദ്യാഭ്യാസ പരിപാടിയിലും ജനപ്രീതിയാർജ്ജിച്ച കായിക മത്സരങ്ങളിലും പങ്കെടുക്കാൻ അനുയോജ്യമായ അവസ്ഥാവിശേഷം സംജാതമാകുമ്പോൾ മാത്രമേ വിപ്ലവകാരികളുടെ പരിത്യാഗങ്ങൾ പരിപൂർണ വിജയത്തിലെത്തിയെന്ന് പറയാനാകൂ. ഒരു ജനതയെ അധിനിവേശത്തിൻെറ കഴുകൻ ചിറകടികളിൽ നിന്നും സംരക്ഷിച്ചു നിർത്തി അവരുടെ സമഗ്ര വികസനത്തിനു വേണ്ടി പൊരുതുന്ന ക്യൂബ അത്ഭുതകരമായ അനുഭവമായാണ് സോണി അവതരിപ്പിക്കുന്നത്.

വിപ്ലവത്തിൻെറ രണ സ്മാരകങ്ങളും ചരിത്രത്തിൻെറ അലയൊലികളുമുള്ള സാന്തിയാഗോ ദെ ക്യൂബയും ഹവാനയും വാക്കുകളുടെ ചിത്രഭംഗിയോടെയാണ് സോണി അവതരിപ്പിക്കുന്നത്. മുൻകൂട്ടി തയ്യാറാക്കിയ ക്യൂബൻ യാത്രാ പരിപാടിയിൽ കോയിമറിലേക്കുള്ള സന്ദർശന മില്ലാതിരുന്നിട്ടും ഹെമിംഗ് വേയുടെ ശ്രേഷ്ഠ കൃതിയായ കിഴവനും കടലും (- old man and the sea) വായിച്ച അനുഭവ തീവ്രതയിൽ നിന്നാണ് ക്യൂബ വിടുന്നതിൻെറ തലേ ദിവസം അവിടം സന്ദർശിക്കാൻ സോണി തീരുമാനിച്ചത്.

ചില ക്യൂബൻ ചിന്തകൾ എന്ന ഒടുവിലത്തെ അദ്ധ്യായം ക്യൂബൻ അനുഭവത്തിൻെറ ചുരുക്കെഴുത്താണ്. സോണി പറയുന്നത് ശ്രദ്ധിക്കുക ലോകചരിത്രത്തിൽ അനീതിക്കെതിരായി സംഘശക്തിയോടെ മനുഷ്യൻ നേടിയെടുത്ത മഹത്തായ വിജയങ്ങളിൽ പ്രമുഖ സ്ഥാനം ക്യൂബൻ വിപ്ലവത്തിനുണ്ട്. എന്നാൽ അതിനേക്കാൾ മഹത്തരമാണ് ആ വിപ്ലവത്തെ ചടുലമായി നിലനിർത്താൻ ക്യൂബൻ ജനത നടത്തിയ കഠിനാദ്ധ്വാനമാണ് യാത്രയിൽ ഞാൻ മനസ്സിലാക്കി. റാഞ്ചോലേയെന്ന ചെറുപട്ടണത്തിലും ഹവാനയിലും താമസിച്ചു കൊണ്ട് ക്യൂബൻ ജീവിതത്തെ അടുത്തറിയാൻ നടത്തിയ ശ്രമങ്ങളെ അടിസ്ഥാനമാക്കിയാണ് ഞാനിത് പറയുന്നത് എന്ന് സോണി പറയുമ്പോൾ മൗലികമായ അനുഭവങ്ങളുടെ സത്യസന്ധമായ അക്ഷരമുദ്രകളാണ് നമ്മൾ കാണുന്നത്.

ഹിന്ദു സംസ്ക്കാരത്തിലെ വസുധൈവകുടുംബക മെന്ന ആശയവും ക്രിസ്തീയ തത്ത്വശാസ്ത്രത്തിലെ അടിസ്ഥാന പ്രമാണങ്ങളിലൊന്നായ *ഹോളി കമ്മ്യൂണിയനും* ഇസ്ലാം മതം മുന്നോട്ടു വെക്കുന്ന കരുണയും സ്നേഹവുമെല്ലാം പ്രായോഗികമായി അനുഭവവേദ്യമാകുന്ന കമ്മ്യൂണിസ്ററ് ജീവിത ദർശനത്തിൻെറ ആവിഷ്കാരമാണ് ക്യൂബയിൽ താനനുഭവിച്ചതെന്ന് സോണി പറയുമ്പോൾ മതഭ്രാന്ത് വിതക്കുകയും കൊയ്യുകയും ചെയ്യുന്ന നമ്മുടേതു പോലുള്ള കെട്ട ഒരു സമൂഹം ഇരുന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു.

ഈ ഗ്രന്ഥത്തിൻെറ അവസാന ഖണ്ഡികയിൽ സോണി ജോൺ നടത്തുന്ന ഒരു കുംമ്പസാരമാണ് ഈ യാത്രാവിവരണത്തിൻെറ ക്ലൈമാക്സ് എന്ന് ഞാൻ വിശ്വസിക്കുന്നു. സോണി പറയുന്നു, ഒരു മാത്രയെങ്കിലും കമ്മ്യൂണിസത്തിൻെറ വികസന സങ്കല്പനങ്ങളെ കുറിച്ച് ഞാൻ സംശയാലുവായിരുന്നു എന്നത് വാസ്തവം. ഒരു പക്ഷെ മുതലാളിത്തത്തിൽ കുളിച്ചു നില്ക്കുന്ന മെൻബണിലെ കാഴ്ചകളിലെൻെറ കണ്ണുമഞ്ഞളിച്ചതു കൊണ്ടായിരിക്കാം. ക്രമേണ ഞാൻ ക്യൂബയുടെ സൗന്ദര്യമടുത്തറിഞ്ഞു. അനുപമമായ പ്രകൃതി സൗന്ദര്യത്തെക്കാളുപരി എന്നെ ആകർഷിച്ചത് ക്യൂബൻ സമൂഹത്തിൻെറ അതിരുകളില്ലാത്ത സാംസ്കാരിക സൗന്ദര്യമാണ് ഗ്രന്ഥം അവസാനിക്കുന്നത് ഒരു ചോദ്യത്തിലാണ് ഇനിയെന്നെങ്കിലും ആ അഭൗമ സൗന്ദര്യം നുകരാൻ ആ മരതക ദ്വീപിലെത്താൻ എനിക്കു കഴിയുമോ? തീർച്ചയായും സോണി ജോണിന് അത് സാധിക്കട്ടെ. ശരിക്കും ക്യൂബയിലേക്ക് സഞ്ചരിച്ച അനുഭവമാണ് ഈ യാത്രാവിവരണം നൽകുന്നത്. മടുപ്പിക്കാത്ത ഭാഷയിൽ, ഭാഷയുടെ ശ്രുതി വൈന്ദാതൃങ്ങളിലൂടെ കഥയുടെയും കവിതയുടെയും ഭാവുകത്വങ്ങളിലൂടെ, നർമ്മരസത്തിൻെറ ചിരിനനവുകളിലൂടെ വായനക്കാരന് ഒരു ക്യൂബൻ യാത്രാനുഭവം നൽകിയ മാറുന്ന ക്യൂബ, മാറാത്ത ക്യൂബ എന്ന സോണി ജോണിൻെറ പുസ്തകം മലയാളത്തിലെ സഞ്ചാര സാഹിത്യ ചരിത്രത്തിലെ അനിഷേധ്യമായ ഒന്നാണ് എന്ന കാര്യത്തിൽ വായനക്കാർക്ക് തർക്കമുണ്ടാവില്ല. എ കെ പി സി ടി എ യുടെ സജീവ പ്രവർത്തകനും ഇരിങ്ങാലക്കുട ക്രൈസ്ററ് കോളേജിലെ കായികാദ്ധ്യാപകനുമാണ് സോണി ജോൺ.

# സമര പ്രഖ്യാപന കൺവെൻഷൻ




മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി എൻജിനിയറിങ് കോളജുകളിൽ സ്ഥാനക്കയററം നൽകാനും കരിയർ അഡ്വാൻസ്മെൻറ് സ്കീം നിഷേധിക്കാനുമുള്ള യു ഡി എഫ് സർക്കാർ നീക്കത്തിൽ പ്രതിഷേധിച്ച് മാർച്ച് മൂന്നാംവാരം പണിമുടക്കാൻ എൻജിനീയറിങ് കോളേജ് അധ്യാപകരുടെ സംയുക്ത കൺവൻഷൻ തീരുമാനിച്ചു.

കെ. ജി. ഒ. എ, എ. കെ. പി. സി. ടി എ, കെ.ജി.ഒ.എഫ് എന്നീ സംഘടനകളുടെ സംയുക്താഭിമുഖ്യത്തിൽ നടന്ന കൺവെൻഷൻ എ സമ്പത്ത് എം. പി ഉദ്ഘാടനം ചെയ്തു. എൻജിനിയറിങ് കോളേജ് അധ്യാപകരുടെ മേഖലയിൽ 2003 ൽ സ്പെഷ്യൽ റൂൾസ് ഭേദഗതി ചെയ്തപ്പോൾ യോഗ്യതയും മാനദണ്ഡവും നിശ്ചയിച്ചതിനൊപ്പം 1990 ൽ നിലവിലുണ്ടായിരുന്ന അധ്യാപകർക്ക് ഇളവുകളോടെ സംരക്ഷണം നൽകിയിരുന്നു. പി.എസ്.സി ലിസ്ററിൽ നിന്നും നിയമിക്കപ്പെട്ട അധ്യാപകർക്കും ബാധകമാക്കിയിരുന്നു. അസോ. പ്രൊഫസർ, പ്രൊഫസർ തസ്തികയിലേക്ക് അധ്യാപകർക്ക് സമയബന്ധിതമായി കരിയർ അഡ്വാൻസ് സ്ക്രീം പ്രകാരം നിയമനം നൽകാനും ഉത്തരവിൽ വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ, ഉത്തരവിന് വിരുദ്ധമായി പ്രിൻസിപ്പൽ തസ്തികയിലേക്ക് നിയമനം നടത്തി. ഇതോടൊപ്പം അധ്യാപകർക്ക് കരിയർ അഡ്വാൻസ്മെൻറ് നിഷേധിക്കുന്ന തരത്തിൽ വ്യവസ്ഥകൾ ഉൾക്കൊള്ളിച്ചുള്ള തെരഞ്ഞെടുപ്പ് രീതി നടപ്പാക്കാനും സർക്കാർ ശ്രമിക്കുകയാണ്. ക്രമവിരുദ്ധമായ നടപടികളിൽ നിന്ന് സർക്കാർ പിന്തിരിയണമെന്ന് കൺവൻഷൻ ആവശ്യപ്പെട്ടു. എ.കെ.പി.സി.ടി.എ ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻ നായർ, കെ. ജി ഒ എ ജനറൽ സെക്രട്ടറി കെ. ശിവകുമാർ, എൻ നാരായണ ശർമ്മ, ഡോ. ആർ ശശികുമാർ, സി. അനിൽചന്ദ്രൻ എന്നിവർ സംസാരിച്ചു

# പ്രതിഷേധദിനം ആചരിച്ചു.

6-ാം യു.ജി. സി ശമ്പള കുടിശ്ശിഖ അനുവദിക്കുന്നതിനായുള്ള രണ്ടാം ഘട്ട പ്രക്ഷോഭത്തിൻെറ ഭാഗമായി ഐഫക്ടോയുടെ നേതൃത്വത്തിൽ രാജ്യത്തെ എല്ലാ സർവ്വകലാശാല കോളജ് ക്യാമ്പസ്സുകളിലും 2012 ഫെബ്രുവരി 17 വെള്ളിയാഴ്ച ബാഡ്ജ് ധരിച്ച് പ്രതിഷേധ ദിനം ആചരിച്ചു. ഇതിൻെറ ഭാഗമായി കേരളത്തിലെ സർവ്വകലാശാല കോളജ് അദ്ധ്യാപക സംയുക്തസമിതിയുടെ ആഭിമുഖ്യത്തിൽ സർവ്വകാലാശാല കോളജ് ക്യാമ്പസ്സുകളിൽ അധ്യാപകർ ബാഡ്ജ് ധരിച്ച് പ്രതിഷേധദിനം ആചരിച്ചു.

**അവകാശപത്രിക**

1. കേന്ദ്ര സംസ്ഥാന സർക്കാരുകൾ യുജി.സി ശമ്പളകുടിശ്ശിക ഉടൻ അനുവദിക്കുക.
2. ഉന്നതവിദ്യാഭ്യാസരംഗത്തെ കച്ചവടവൽക്കരണം അവസാനിപ്പിക്കുക.
3. യു.ജി.സി റെഗുലേഷനിലെ അപാകതകൾ പരിഹരിക്കുക .
4. സംസ്ഥാന സർക്കാരുകൾ കരിയർ അഡ്വാൻസ്മെൻറ് സ്കീ ഉടൻ പ്രഖ്യാപിക്കുക
5. പി. എഫ്. ആർ. ഡി. എ ബിൽ പിൻവലിക്കുക
6. കേന്ദ്ര സർക്കാരിൻെറ നിർദ്ദിഷ്ട വിദ്യാഭ്യാസ ബില്ലുകൾ ദേശീയതലത്തിൽ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കുക.

**മലപ്പുറം**

# വനിതാ കൺവെൻഷൻ

എ. കെ. പി. ടി. എ മലപ്പുറം ജില്ലാ കമ്മിററിയുടെ ആഭിമുഖ്യത്തിൽ ജനുവരി 19 ന് കെ. എസ്. ടി. എ ഹാളിൽ വെച്ച് വനിതാ കൺവെൻഷൻ സംഘടിപ്പിച്ചു. മഹിളാ അസോസിയേഷൻ നേതാവ് അഡ്വ. കെ. പി സുമതി പരിപാടി ഉദ്ഘാടനം ചെയ്തു. സാമൂഹ്യ പ്രതിബദ്ധതയുള്ള അദ്ധ്യാപക സമൂഹത്തിന് പൊതു സമൂഹത്തിൽ വലിയ മാററങ്ങൾ കൊണ്ടുവരാനാകുമെന്ന് അവർ അഭിപ്രായപ്പെട്ടു. സംഘടനാ ബോധം വളർത്തേണ്ടതിൻെറ ആവശ്യകതയും കൂട്ടായ്മയിലൂടെ വനിതാ മുന്നേററത്തിൻെറ സാദ്ധ്യതയും അവർ ചൂണ്ടിക്കാണിച്ചു. അരാഷ്ട്രീയവൽക്കരണം ചെറുത്ത് തോൽപിക്കേണ്ടതുണ്ട്.

സ്ത്രീകളും പൊതുമണ്ഡലവും എന്ന വിഷയത്തെക്കുറിച്ച് കാലടി ശങ്കരാ യൂണിവേഴ്സിററി പ്രൊഫസർ ഡോ. ഷംസാദ്ഹുസൈൻ പ്രഭാഷണം നടത്തി. പൊതുസ്ഥലങ്ങൾ സ്ത്രീകൾക്ക് അന്യമായി നിലക്കുന്ന അവസ്ഥ നമ്മുടെ സമൂഹത്തിൽ നില നില്ക്കുന്നുവെന്ന് അവർ പ്രകടിപ്പിച്ചു. വാക്കുകളിലൂടെയും ചിലപ്പോൾ നോട്ടത്തിലൂടെയും സമൂഹം സ്ത്രീയ്ക്ക് വിലക്കേർപ്പെടുത്തുന്നു.



കെ.പി. സുമതി



ഡോ. ഷംസാദ്


വിവിധ കോളേജുകളിൽ നിന്നായി അൻപതോളം അദ്ധ്യാപകർ പരിപാടിയിൽ പങ്കെടുത്തു.

ചർച്ചയിൽ ഡോ. കെ. കെ ബാലചന്ദ്രൻ. സി. പി സരസ്വതി ടീച്ചർ, ഡോ. എം. വിജയലക്ഷ്മി, കെ. ബാബുരാജൻ, എൻ. മമ്മദ്, സി. ബിനു എന്നിവർ പങ്കെടുത്തു. ഡോ. പി. സായുദേവി അദ്ധ്യക്ഷം വഹിച്ച ചടങ്ങിൽ ആതിര നായർ സ്വാഗതവും ഡോ. ജീന നന്ദിയും പറഞ്ഞു

**പാലക്കാട്**

# വനിതാ കൺവെൻഷൻ

എ. കെ. പി.സി.ടി.എ പാലക്കാട് ജില്ല വനിതാ കൺവെൻഷൻ 2012 ഫെബ്രുവരി 11-ാം തീയതി ആലത്തൂർ അഗ്രികൾച്ചർ ഡെവലപ്മെൻറ് ബാങ്ക് ഹാളിൽ വച്ച് നടന്നു. പാലക്കാട് ജില്ല പഞ്ചായത്ത് പ്രസഡൻറ് ശ്രീ. ടി. എൻ. കണ്ടമുത്തൻ കൺവെൻഷൻ ഉദ്ഘാടനംചെയ്തു. എ. കെ. പി.സി.ടി. തൃശ്ശൂർ ജില്ല വനിതാ സബ്കമ്മിററി കൺവീനർ ഡോ. കുശലകുമാരി മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. ടി. രമാദേവി, പ്രൊഫ. കെ. വാസുദേവൻ പിള്ള, പ്രൊഫ. ടി. എൻ. കൃഷ്ണൻ തുടങ്ങിയവർ ആശംസകൾ അർപ്പിച്ചു. ജില്ലാ പ്രസിഡൻറ് കെ. ലക്ഷ്മണൻെറ അദ്ധ്യക്ഷതയിൽ കൂടിയ യോഗത്തിൽ ഡോ. എ. സുജലക്ഷ്മി സ്വാഗതവും ഡോ .വി. കെ. സുധാകരൻ നന്ദിയും പറഞ്ഞു



കോഴിക്കോട്

# അക്കാദമിക് സെമിനാർ




എ.കെ.പി.സി.ടി.എ കോഴിക്കോട് ജില്ല കമ്മിറ്റിയുടെയും അക്കാദമിക് കമ്മിറ്റിയുടെയും സംയുക്താ 1മുഖ്യത്തിൽ ജില്ലയിലെ കോളേജ് അധ്യാപകർക്കായി കോഴിക്കോട് മലബാർ ക്രിസ്ത്യൻ കോളേജിൽ വെച്ച് ജില്ലതല പഠന ക്ലാസ്സും അക്കാദമിക് സെമിനാറും നടന്നു. കോളേജ് അധ്യാപക രംഗത്തേക്ക് പുതുതായി 1500ൽ പരം പ്രതി കൾ കടന്നു വന്ന സാഹചര്യത്തിൽ, സംഘടന പിന്നിട്ട നാൾ വഴികളെ കുറിച്ചും, അക്കാദമിക് രംഗത്തെ യു.ജി.സി റഗുലേഷനുകളെകുറിച്ചുമുള്ള അറിവ് പങ്കുവെക്കുന്നതിനാണ് സെമിനാർ സംഘടിപ്പിച്ചത്. സംഘടന അതിന്റെ 54 വർഷത്തെ ചരിത്രം രചിക്കുന്ന വേളയിലാണ് ഇത്തരം ഒരു പഠന ക്ലാസ്സ് നടത്തിയത് എന്നത് ശ്രദ്ധേയമാണ്. ആദ്യനാളുകളിൽ അധ്യാപകർ അനു വിക്കേണ്ടി വന്ന വെല്ലുവിളികളും സർവ്വീസ് രംഗത്തെ അസ്ഥിരതകളും, സംഘടനയുടെ മുൻ ജനറൽ സെക്രട്ടറിയായിരുന്ന പ്രൊഫ. വി. നാരായണൻകുട്ടി വിശദമായി പരാമർശിച്ചു. എ.കെ.പി.സി.ടി.എ സർവ്വീസ് സെല്ലിന്റെ കൺവീനർ പ്രൊഫ. കെ. എസ്. ജയചന്ദ്രൻ യു.ജി.സി റെഗുലേഷൻ 2010 നെകുറിച്ച് പ്രബന്ധമവതരിപ്പിച്ചു. ഡോ. ഡി.കെ ബാബു, ഡോ.യു.ഹേമന്ത് കുമാർ, ഡോ.എൻ.എം.സണ്ണി, ഡോ.കെ.കെ. അബ്ദുള്ള, ഡോ.പി.ടി.മാലിനി എന്നിവർ സംസാരിച്ചു.

# വനിത കൺവെൻഷൻ




കോഴിക്കോട് ജില്ലാ കമ്മിറ്റിയുടെയും വനിത സബ് കമ്മിറ്റിയുടെയും സംയു ക്താ 1മുഖ്യത്തിൽ ജില്ലതല വനിത കൺവെൻഷനും ,മുൻകാല അധ്യാപിക സംഗമവും നടത്തി. ആലങ്കാരിക പദവികളല്ല, മറിച്ച് അധികാരവും ഉത്തരവാ ദിത്വവുമുള്ള പദവികളാണ് സ്ത്രീകൾക്ക് നൽകേണ്ടത്. അത് സ്ത്രീകളുടെ അവകാശമാണ് ഔദാര്യമല്ല. അത്തരമൊരു മാറ്റം സാധ്യമാവണമെങ്കിൽ സംഘടനകൾ കൂടുതൽ സ്ത്രീ സൗഹൃദപരമാകേണ്ടതുണ്ട്. എ.കെ.പി.സി.ടി.എ സംസ്ഥാന വൈസ് പ്രസിഡണ്ട് ഡോ.ലേഖ നരേന്ദ്രൻ അ 1പ്രായപ്പെട്ടു. സംഘടനയുടെ വളർച്ചക്ക് അധ്യാപികമാർ വഹിച്ച പങ്ക് നിസ്തുലമാണ്, സംഘടനയെ മുൻനിരയിൽ നിന്ന് നയിക്കാനുള്ള കരുത്ത് ഇന്ന് അധ്യാപികമാർ നേടിക്കഴിഞ്ഞു, അധ്യാപികമാരിലാണ് സംഘടനയുടെ ാവി . 22-1-12ന് മലബാർക്രിസ്ത്യൻ കോളേജിൽ വെച്ച് നടന്ന കൺവെൻഷൻ ഉദ്ഘാടനം ചെയ്തു കൊണ്ട് സംസ്ഥാന ജനറൽ സെക്രട്ടറി ഡോ. വി. രാജേന്ദ്രൻ നായർ പറഞ്ഞു. ഡോ. ടി.എ.ഉഷാകുമാരി സ്ത്രീയും സമൂഹവും എന്ന വിഷയ ഡോ . ത്തെക്കുറിച്ച് സംസാരിച്ചു. ഡോ. പി.ടി.മാലിനി അദ്ധ്യക്ഷത വഹിച്ചു. ഡോ.എസ്. ശ്രീകുമാരി സ്വാഗതവും ഡോ.ഷീബ. പി .എസ് നന്ദിയും പറഞ്ഞു പ്രൊഫ. സി.ടി ഫ്രാൻസിസ്, ഡോ. യു.ഹേമന്തകുമാർ, ഡോ.എൻ. എം. സണ്ണി എന്നിവർ പങ്കെടുത്തു

**തൃശ്ശൂർ**

# അക്കാദമിക് സെമിനാറും വനിതാ കൺവെൻഷനും






എ കെ പിസിടിഎ തൃശ്ശൂർ ജില്ല വനിതാ കൺവെൻഷനും അക്കാദമിക് സെമിനാറും 2011 ഡിസംബർ 10-ാം തീയതി പ്രൊഫ. പി. ശങ്കരൻ നമ്പ്യാർ ഹാളിൽ വച്ച് നടന്നു. എ.കെ.പി.സി.ടി.എ തിരുവനന്തപുരം ജില്ല പ്രസിഡൻറ് പ്രൊഫ. ഒ.ജി. ഒലീന കൺവെൻഷൻ ഉദ്ഘാനംചെയ്തു. കൺവെൻഷനോടനുബന്ധിച്ച് നാടകവും സംഘടിപ്പിക്കുകയുണ്ടായി.

**എറണാകുളം**

# അക്കാദമിക് സെമിനാറും വനിതാ കൺവെൻഷനും




അവകാശസമരങ്ങളോടൊപ്പം തന്നെ ഉന്നത വിദ്യാഭ്യാസമേഖലയുടെ ഗുണപരമായ വളർച്ചയ്ക്കും വികാസത്തിനും ഊന്നൽ നല്കികൊണ്ടുള്ള പ്രവർത്തനങ്ങളും നടത്തേണ്ടതും നേതൃത്വം നല്കേണ്ടതുമാണ് പറഞ്ഞ തിരിച്ചറിവിൻെറ അടിസ്ഥാനത്തിൽ എ. കെ. പി. സി. ടി. എ എറണാകുളം ജില്ലാകമ്മിററി ഓറിയൻേറഷൻ പ്രോഗ്രാമും സി .ബി.സി. എസ്. എസ് അവലോകനവും നടത്തി. 2012 ജനുവരി 21-ാം തീയതി ആലുവ യു.സി കോളജിലെ വർക്കി മെമ്മോറിയൽ ഹാളിൽ നടന്ന ഓറിയൻേറഷൻ പ്രോഗ്രാം സർവ്വീസ് സെൻറർ കൺവീനർ പ്രൊഫ. കെ. എസ്. ജയചന്ദ്രൻ ഉദ്ഘാടനം ചെയ്തു. യോഗത്തിൽ ജില്ലാ പ്രസിഡൻറ് പ്രൊഫ. ബഷിപോൾ അദ്ധ്യക്ഷനായി. എറണാകുളം ജില്ലാ അക്കാദമിക് കമ്മിററി കൺവീനർ ഡോ. ജോർജ് ജോസഫ് സ്വാഗതവും ആശംസിച്ചു. മഹാത്മാഗാന്ധി സർവ്വകലാശാല മേഖലാ സെക്രട്ടറി ഡോ. തോമസ് മാത്യു സി. ബി. സി. എസ് അവലോകനം നടത്തി. തുടർന്ന് നടന്ന ചർച്ചയിൽ ധാരാളം അദ്ധ്യാപകർ പങ്കെടുത്തു. ജില്ലാ സെക്രട്ടറി ഡോ. കെ. കൃഷ്ണദാസ് കൃതജ്ഞത രേഖപ്പെടുത്തി.



ഉന്നത വിദ്യാഭ്യാസമേഖലയിൽ ധാരാളം സ്ത്രീകൾ കടന്നുവരുന്ന കോളജ് അദ്ധ്യാപകമേഖലയിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവരിൽ ഏകദേശം 90 ശതമാനത്തോളം സ്ത്രീകളാണ് എന്നത് വളരെ സന്തോഷകരമാണ്. എന്നാൽ സ്ത്രീകൾ സജീവ സംഘടനാ പ്രവർത്തനങ്ങളിൽ നിന്ന് ഒഴിഞ്ഞു മാറുന്നു. നൂററാണ്ടുകളായി സ്ത്രീകൾ പിന്തള്ളപ്പെട്ടതിൻെറ തുടർച്ചയാണ് ഈ പ്രവർത്തനം എങ്കിലും ഈ അവസ്ഥയ്ക്കു മാററം വരുത്തുവാൻ എ. കെ. പി.സി.ടി.എ പ്രതിജ്ഞാബദ്ധമാണ്. ഈ ആവശ്യം മുന്നിൽ കണ്ടുകൊണ്ടാണ് എറണാകുളം ജില്ലാ കൗൺസിൽ ആലുവാ യു. സി. കോളേജിൽ വച്ച് 2012 ജനുവരി 21-ാം തീയതി ശനിയാഴ്ച ഒരു വനിതാ സമ്മേളനം സംഘടിപ്പിച്ചത്. വനിതാ സമ്മേളനത്തിൽ എ.കെ.പി.സി.ടി.എ സംസ്ഥാന വനിതാ കൺവീനർ ഡോ. പി. എസ്. ഗീതാകുമാരി അദ്ധ്യക്ഷയായി. ജില്ലാ വനിതാ സെൽ കൺവീനർ പ്രൊഫ. എസ്. ലത സ്വാഗതം ആശംസിച്ചു. ഡോ. അജ്ഞനാ ശങ്കർ വിശിഷ്ടാതിഥികളെ പരിചയപ്പെടുത്തി. ഡോ. എസ്. ശാരദകുട്ടി വനിതാസമ്മേളനം ഉദ്ഘാടനം ചെയ്തു. സ്ത്രീകൾ കുടുംബഭരണത്തോടൊപ്പം തന്നെ സാമൂഹ്യബാധ്യതകൾ ഏറെറടുക്കണമെന്ന് ഡോ. ശാരദകുട്ടി ആവശ്യപ്പെട്ടു. ഒരു പുരുഷാധിപത്യ സമൂഹത്തിൽ സ്ത്രീകൾ ഇപ്പോഴു് കെസ്ത്രണത, കുലീനത തുടങ്ങിയ തെററിദ്ധരിക്കപ്പെട്ട വാക്കുകളിലും അർത്ഥങ്ങളിലും പെട്ട് ഉഴലുകയാണ്. സ്ത്രീകൾ സാമൂഹ്യ-സാംസ്കാരിക സംഘടനാരംഗങ്ങളിൽ സജീവമായി ഇടപെട്ടാൽ ഇന്നത്തെ ചൂഷണങ്ങൾക്ക് ശമനം വരുത്തുവാൻ സാധിക്കുമെന്ന് ഉദാഹരണങ്ങൾ ചൂണ്ടിക്കാട്ടി

**പത്തനംതിട്ട**

# വനിതാ കൺവൻഷൻ




അഗജഇാഅ പത്തനംതിട്ട ജില്ല വനിതാ കൺവൻഷൻ 2012 ജനുവരി 26-ാം തീയതി , പത്തനംതിട്ട ചഏഛഃ യൂണിയൻ ഓഫീസ് ഹാളിൽ വച്ച് നടന്നു. ജില്ലാ പ്രസിഡന്റ് ഡോ. ഡാനിയേൽ കുട്ടിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന കൺവൻഷൻ രക്തസാക്ഷി പ്രമേയവും, അനുശോചന പ്രമേയവും അവതരിപ്പിച്ചു കൊണ്ട് ആരംഭിച്ചു. തുടർന്ന് പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ മികച്ച പ്രവർത്തകയും വാഗ്മിയും, മണർകാട് സെന്റ് മേരീസ് കോളേജ് അദ്ധ്യാപികയുമായ പ്രൊഫസർ സൂജാ സൂസൻ ജോർജ്ജ് സമ്മേളനം ഉദ്ഘാടനം ചെയ്തു സ്ത്രീകളും സാമൂഹ്യ രാഷ്ട്രീയ ജീവിതവും എന്ന വിഷയത്തെ ആസ്പദമാക്കി പ്രശസ്ത എഴുത്തുകാരി ഡോ. ശാരദക്കുട്ടി പ്രഭാഷണം നടത്തി. യോഗത്തിൽ പത്തനംതിട്ട ജില്ലയിലെ വനിതാ അംഗങ്ങളിൽ മികച്ച പ്രവർത്തനങ്ങൾ കാഴ്ച വെച്ച് അവാർഡുകൾ കരസ്ഥമാക്കിയ ഡോ. എം. എസ് സുനിൽ, ഡോ. ഷീന ഈപ്പൻ എന്നിവരെയും മഹാത്മാഗാന്ധി സർവകലാശാല സെനറ്റ് അംഗം ഡോ. എലിസബത്ത് തോമസിനെയും ആദരിച്ചു. സമ്മേളനത്തിന് അഗജഇാഅ മുൻ സംസ്ഥാന ട്രഷറർ പ്രൊഫസർ ടി. കെ. ജി നായർ, ജില്ലാ സെക്രട്ടറി പ്രൊ. രാജശേഖരൻ പിള്ള , ഫാ. മാത്യൂസ് വാഴക്കുന്നം എന്നിവർ ആശംസകൾ അർപ്പിച്ചു. യോഗത്തിൽ വനിതാ സബ് കമ്മിറ്റി കൺവീനർ കൃഷ്ണകുമാരി, പ്രൊ. ഓമന കുമാരി എന്നിവർ സംസാരിച്ചു.


**വയനാട്**




# ക്രെഡിററ് ആൻഡ് സെമസ്ററർ സിസ്ററം അട്ടിമറിക്കുന്നതിനെ ചെറുത്തു തോല്പിക്കുക

എ. കെ. പി . സി. ടി. എ വയനാട് ജില്ലാ സമ്മേളനം ബത്തേരി സെൻറ് മേരീസ് കോളേജിൽ സി. പി. ഐ എം. ജില്ലാ സെക്രട്ടറി ശ്രീ . സി കെ ശശീന്ദ്രൻ ഉദ്ഘാടനം ചെയ്തു. ജില്ലാ പ്രസിഡൻറ് ഡോ . കെ. പി സാജു അദ്ധ്യക്ഷത വഹിച്ചു. പ്രൊഫ. കെ. എസ്. ജയചന്ദ്രൻ, ഡോ. ഡി. കെ ബാബു, ഡോ . എൻ മനോജ്, ഡോ. അബ്ദുൾ മജീദ്, ഡോ. വിജയകുമാർ, എ. ആർ. പ്രൊഫ വർഗീസ് വൈദ്യൻ, പ്രൊഫ. ജെയിംസ് മാത്യൂ, പ്രൊഫ. തോമസ് മോണോത്ത്, പ്രൊഫ. കെ. രാജഗോപാലൻ, പ്രൊഫ. കെ. ബാലഗോപാലൻ, പ്രൊഫ. കെ. സി അബ്രഹാം എന്നിവർ യോഗത്തിൽ സംസാരിച്ചു. ഈ വർഷം റിട്ടയർ ചെയ്യുന്ന പ്രൊഫ. വർഗ്ഗീസ് വൈദ്യൻ, പ്രൊഫ. സി. എം ജെയിംസ്, പ്രൊഫ. ചാക്കോച്ചൻ വട്ടമററം, പ്രൊഫ. കെ. എം മാത്യു എന്നിവർക്ക് യോഗത്തിൽ വെച്ച് ഹൃദ്യമായ യാത്രയയപ്പ് നൽകി. വളരെ തയ്യാറെടുപ്പോടെ യൂണിവേഴ്സിററി തലത്തിൽ കൊണ്ടു വന്ന സെമസ്ററർ ആൻഡ് ഗ്രേഡിംഗ് സമ്പ്രദായം സർക്കാർ അട്ടിമറിക്കാനുള്ള നീക്കത്തിനെതിരെ ശക്തമായ പ്രതിഷേധം സമ്മേളനത്തിൽ ഉയർന്നു വന്നു. പുതുതായി നിയമനം ലഭിച്ച അധ്യാപകരുടെ നിയമനാംഗീകാരം യൂണിവേഴ്സിററി അധികൃതർ മനഃപൂർവ്വം വെച്ചു താമസിപ്പിക്കുന്നതിൽ യോഗം ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി.

പുതിയ ഭാരവാഹികൾ ഡോ. സാജു കെ. പി ( പ്രസിഡൻറ്), പ്രൊഫ. തോമസ് മോണോത്ത് ( വൈ. പ്രസി) പ്രൊഫ. ജെയിംസ് മാത്യു ( സെക്രട്ടറി), പ്രൊഫ. ബിജു കെ . ജി ( ജോ. സെക്രട്ടറി), ഡോ. വിജയകുമാർ എ. ആർ ( ട്രഷറർ ). ഡോ. സുധാ ദേവി എ. ആർ ( വനിതാ സെൽ കൺവീനർ), ഡോ. ജോർജ്ജ് മാത്യു ( അക്കാദമിക് കമ്മിററി കൺവീനർ)




മീഡിയാ ഹൗസ് കോഴിക്കോട്-4 വില - 990/-

# എം.പി പോളിന്റെ സമ്പൂർണ്ണകൃതികൾ

**ഡി.പി ഗോഡ്‌വിൻ സാം രാജ്**
മലബാർ ക്രിസ്ത്യൻ കോളജ്
കോഴിക്കോട്

സാഹിത്യവിമർശകൻ, അധ്യാപകൻ, സംഘാടകൻ എന്നീ നിലകളിൽ ഒരു കാലഘട്ടത്തെ മുന്നിൽനിന്നും നയിച്ച പ്രതിഭാശാലിയാണ് പ്രൊഫ. എം.പി പോൾ. കോളേജ് വിദ്യാഭ്യാസ രംഗത്ത് അധ്യാപക പ്രസ്ഥാനങ്ങളൊന്നും രൂപപ്പെട്ടിട്ടില്ലാതിരുന്ന ഒരു കാലത്ത് അധ്യാപകന്റെ അവകാശങ്ങൾക്കുവേണ്ടി ധീരമായി പൊരുതുകയും കേരളത്തിലെ അതിശക്തമായ രണ്ടു മാനേജുമെന്റുകളെ നിലയ്ക്കനിറുത്തുകയും ചെയ്ത പ്രൊഫ. എം.പി പോളിനോട് അധ്യാപക പ്രസ്ഥാനങ്ങൾ എന്നു കടപ്പെട്ടിരിക്കുന്നു.

കലാകാരന്റെ കടമകളെയും, അവകാശങ്ങളെയും സംബന്ധിച്ച് വ്യക്തമായ നിലപാടുള്ള വ്യക്തിയായിരുന്ന പ്രൊഫ എ.പി പോൾ പുരോഗമന സാഹിത്യ പ്രസ്ഥാനത്തിന്റെ പ്രഥമ പ്രസിഡന്റായിരുന്ന അദ്ദേഹം നടത്തി പ്രസംഗങ്ങൾ ഇതിനു തെളിവാണ് മനുഷ്യന്റെ സർഗ്ഗാത്മകതയിലുള്ള അഭിമാനവും കൂട്ടായ്മയിലുള്ള വിശ്വാസവുമാണ്, സാഹിത്യകാരന്മാരുടെ, ലോകത്തിലെ ഏറ്റവും വലിയ കൂട്ടായ്മയായ 'സാഹിത്യ പ്രവർത്തക സഹകരണ സംഘം' എന്ന പ്രസ്ഥാനത്തിന്റെ രൂപീകരണത്തിനു വേണ്ടി മുന്നിൽ നിന്നും പ്രവർത്തിക്കാൻ അദ്ദേഹത്തെ പ്രേരിപ്പിച്ചത്.

പ്രൊഫ. എ.പി പോളിന്റെ 'സൗന്ദര്യ നിരീക്ഷണം' 'നോവൽ സാഹിത്യം' 'ചെറുകഥാ പ്രസ്ഥാനം' സാഹിത്യവിചാരം' ഗദ്യഗകി തുടങ്ങിയ കൃതികൾ പാഠപുസ്തകങ്ങളെന്ന നിലയിലും മറ്റും മലയാളികൾക്കു വളരെക്കാലമായി പരിചിതമായിരുന്നെങ്കിലും അദ്ദേഹത്തിന്റെ രചനകളുടെ മഹാഭൂരിപക്ഷവും പത്രമാസികകളുടെ താളുകളിൽ മറഞ്ഞുകിടക്കുകയായിരുന്നു. വിസ്തൃതിയിലും അവഗണനയിലുംപെട്ട് എന്നെന്നേയ്ക്കുമായി നമുക്കു നഷ്ടപ്പെട്ടുപോകുമായിരുന്ന ആ കൃതികളെല്ലാം തേടിപ്പിടിച്ച് രണ്ടു

# CURRENT BOOKS THRISSUR

ROUND WEST ,THRISSUR 680 001
PH: 0487-2335660,FAX:0487-2335642

## PUBLISHERS & DISTRIBUTORS FOR

Malayalam, English, Children's Literature, Fiction, Drama, Cinema, Journalism, Poetry, Philosophy, Psychology, Sociology, Politics, History, Economics, Commerce, Mathematics, Botany, Zoology, Chemistry, Physics, Medical, Computer, Engineering, Law, Electronics, Mechanical, Civil, Chemical Engineering, Veterinary, Agriculture, Aquaculture, etc.

## COSMO BOOKS

HO: Round West
Thrissur- 680 001
Phone: 0487-2335292, 2335570
Fax: 0487- 2335642
E-mail: cosmobooks@asianetindia.com

Br. Al-Ameen Bldg
Rly.Station Link Road
Kozhikode- 673002
Ph:0495-2703487
Fax:0495-2700049
E-mail:cosmoclt@eth.net

Br. Press Club Road
Ernakulam
Kochi-682011
Ph:0484-2353818

വാല്യങ്ങളായി ഡോ. കെ.വി തോമസ് സമാഹരിച്ചു പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. കോഴിക്കോട്ടെ 'മീഡിയാ ഹൗസ്' ആണു പ്രസാധകർ.



മതാത്മക ശിക്ഷണത്തിന്റെ കർശനമായ ചട്ടക്കൂട്ടിൽ വളർന്നു വന്ന എം.പി പോൾ സംഘടിത മതത്തിന്റെ സങ്കുചിത വീക്ഷണത്തിൽ നിന്നുമെല്ലെ അകന്നകത്ത് സംഘടിത ബഹുജന പ്രസ്ഥാനങ്ങളുടെ പക്ഷം ചേരുന്ന വീക്ഷണ പരിണാമത്തിന്റെ രേഖാചിത്രങ്ങൾ ഈ സമാഹാരത്തിലെ രചനകളിൽ നിന്നും ഈ ഗ്രന്ഥത്തിന്റെ അനുബന്ധമായി ചേർന്നിട്ടുള്ള അനുസ്മരണ ലേഖനങ്ങളിൽ നിന്നും നമുക്കു ലഭിക്കുന്നുണ്ട്. ഇവിടെ ഒരു കാര്യം പ്രത്യേകം എടുത്തുപറയേണ്ടതുണ്ട്. ഈ ഗ്രന്ഥത്തിന്റെ അനുബന്ധമായി മിസ്സിസ് എം.പി പോൾ, മക്കളായ ഡോ. വിൻസന്റ് പോൾ, പ്രൊഫ ലൂസി വർഗ്ഗീസ്, ഉഷ അഗസ്റ്റിൻ, തങ്കം പാപ്പാളി എന്നിവരെഴുതിയ സ്മരണകൾക്കൊപ്പം പ്രൊഫ. ജോസഫ് മുണ്ടശ്ശേരി, ഡോ. മാത്യു മൂട്ടത്ത്, ഡോ ജോർജ് ഓണക്കൂർ, ഡോ. കുര്യാസ് കുമ്പളക്കുഴി എന്നിവരുടെ ലേഖനങ്ങളും ചേർത്തിട്ടുണ്ട്.

ഇതിൽ ഡോ. കുര്യാസിന്റെ ലേഖനം വിജ്ഞാന പ്രദമെങ്കിലും പ്രൊഫ. എം.പി പോളിനെ ഇടതു പക്ഷമചേരിയിൽ നിന്നു മാറ്റി നിർത്തി പരിശോധിക്കാനുള്ള ഒരു ശ്രമം അതിൽകാണാം. "ക്രിസ്ത്യനുകരണ" മെഴുതിയ 'ആസ്തിക്യവാദ' മെഴുതിയ പോളിന് ഒരിക്കലും ഒരു കമ്മ്യൂണിസ്റ്റുകാരനോ കമ്യൂണിസ്റ്റ് അനുഭാവിയോ ആകുവാൻ ആവില്ലെന്നും മറിച്ചുള്ള വാദം കമ്യൂണിസ്റ്റുകാരുടെ പൊള്ളയായ അവകാശവാദം മാത്രമാണെന്നുമാണ് അദ്ദേഹത്തിന്റെ പക്ഷം. ഈ നിലപാടിന്റെ അന്തസ്സാർന്ന ശൂന്യത കാണാൻ ഏറെയൊന്നും പോകേണ്ടതില്ല. തിരുവനന്തപുരം പാറ്റൂർ പള്ളിയിലെ തെമ്മാടിക്കുഴി അതിനു മറുപടി പറയും. 'ആസ്തിക്യവാദം' പോലെയുള്ള ഗ്രന്ഥങ്ങൾ 'എം.പി പോളിന്റെ പരിശീലനക്കളരിയിലെ കോപ്പിയെഴുത്തു ഗ്രന്ഥങ്ങൾ മാത്രമാണെന്ന് ഡോ. കെ.വി തോമസ് ആമുഖത്തിൽ പറയുന്നുണ്ട്. അതാണ് ശരിയും.

മലയാളത്തിലെ ആദ്യത്തെ സൗന്ദര്യ ശാസ്ത്ര ഗ്രന്ഥമാണ് 'സൗന്ദര്യ നിരീക്ഷണം' സൗന്ദര്യം എന്താണെന്ന കാതലായ ചോദ്യത്തിന് അദ്ദേഹം. ഇതിൽ ഉത്തരം തേടുന്നു. സൗന്ദര്യമില്ലാത്ത കലാസൃഷ്ടിമറ്റെന്തൊക്കെ ധർമ്മങ്ങൾ നിർവ്വഹിക്കുന്നുണ്ടെങ്കിലും വ്യർത്ഥമാണെന്ന് അദ്ദേഹം പറയുന്നു. ഏറെ ചർച്ച ചെയ്യപ്പെട്ടതും ഇനിയും ചർച്ച ചെയ്യപ്പെടാവുന്നതുമാണ് ഈ ആശയം. 'കല കലയ്ക്കു വേണ്ടി' എന്നു വാദിക്കുന്നത് 'ഊണ് ഊണിന് വേണ്ടി' എന്നു വാദിക്കുന്നതു പോലെയാണെന്ന് അദ്ദേഹം പരിഹസിക്കുന്നു.

അധികാരികളുടെ മുമ്പിൽ കുലുങ്ങാത്ത എം.പി പോളിന്റെ ധീരധിഷണ സാഹിത്യ തമ്പുകാരക്കന്മാരുടെ മുമ്പിലും കുലുങ്ങുകയില്ലെന്ന് 'നോവൽ സാഹിത്യ'ത്തിന് അനുബന്ധമായി ചേർത്തിരിക്കുന്ന നോവൽ പഠനങ്ങളും നിരീക്ഷണങ്ങൾ നിഗമനങ്ങൾ' എന്ന പേരിൽ സമാഹരിച്ചിരിക്കുന്ന ലേഖനങ്ങളും സാക്ഷ്യപ്പെടുത്തുന്നു.

എം.പി പോൾ ചെറുകഥകളും ഗാനങ്ങളും രചിച്ചിട്ടുണ്ടെന്നു എത്ര പേർക്കറിയാം? ഇപ്രകാരം മലയാളത്തിലെ മൗലിക ചിന്തയുടെ പ്രചോദന കേന്ദ്രമായിരുന്ന ആ വ്യക്തിത്വത്തിന്റെ സമഗ്ര ശോഭ ഈ സമ്പൂർണ്ണ കൃതികളുടെ ആയിരത്തി അഞ്ഞൂറു പുറങ്ങളിൽ പറന്നു പ്രസരിക്കുന്നു.

# Babu's Catering Service

Mysore Road, Manthattikkunnu
Sulthan Bathery
Phone: 9847083774

Babu Proprietor
9447933871

# Amendments to the constitution of AKPCTA accepted by the State Council of the AKPCTA in its

## PROPOSED AMENDMENTS TO THE CONSTITUTION OF THE AKPCTA

**Memorandum of Association (Constitution)**

| Existing Provisions | Proposed amendments |
|---|---|
| **4. Aims and Objects**<br>The aims and objects of the AKPCTA shall be:- | **4. Aims and Objectives**<br>The aims and objectives of the AKPCTA shall be:- |
| Nil | 4(h) : to perpetuate the association with the teachers who retired from the AKPCTA by involving them in important events of the organisation |
| Nil | 9. Emblem<br>The emblem of the AKPCTA shall be the round figure obtained by writing the letters A,K,P,C,T,A in the specified pattern |


**ARTICLES OF ASSOCIATION (Rules)**

| Existing provisions | Proposed amendments |
|---|---|
| **4. Annual Subscription**<br>The annual subscription shall be Rs 100/-provided that a member may at any time................................. | **4. Annual Subscription**<br>The annual subscription shall be as decided by the State Council from time to time provided that a member may at any time.......... |
| 7 (c ): The President, The General Secretary and the Treasurer may each keep an imprest of Rs 1000-/, the Vice President and the Secretaries may each keep an imprest of Rs 500/- and the District President, District Secretaries and District Treasurer may each keep an imprest of Rs 300/- | 7(c) : The President, the General Secretary , the Treasurer, the Vice Presidents, the Secretaries, the District President, District Secretaries and District Treasurer may keep such an amount as imprest as decided by the State Working Committee |
| 11 (b): The administration of the Branch shall be vested in a Branch Committee consisting of a Branch President, Branch Vice President, Branch Secretary ........................ | 11 (b): The administration of the Branch shall be vested in a Branch Committee consisting of a Branch President, Branch Vice President, who shall be woman, as far as possible, Branch Secretary................. |
| Nil | 11(f) A Branch shall have an Academic Committee and a Women's Sub Committee. The conveners and members of Branch Academic Committee and Branch Women's Sub Committee shall be nominated by the Branch Committee. The President, Vice President, Secretary and Treasurer of the Branch shall be ex -officio members of these Committees. |
| 13 B (ii) : The District Vice- President, the District Secretary, the District Joint Secretary and the District Treasurer | 13 B (ii) : The District Vice- President , who shall be a woman, the District Secretary, the District Joint Secretary and the District Treasurer |
| Nil | **13 D District Academic Committee**<br>(i) Each District has an Academic Committee consisting of the District Academic Committee Convener and the Academic Committee Conveners of the Branches in the District<br>(ii) The District Vice President shall be the Chairperson of the District Academic Committee<br>(iii) The District President, Secretary and Treasurer shall be ex-officio members |
| Nil | **13 E District Women's Sub Committee**<br>(i) Each District has a Women's Sub Committee consisting of the District Women's Sub Committee Convener and the Women's Sub Committee Conveners of the Branches in the District<br>(ii) The District Vice President shall be the Chairperson of the Committee<br>(iii) The District President, Secretary and Treasurer shall be ex-officio members of the Committee |
| 14 (a) (ii): The elected delegates to the twelve District Councils as provided in sub Rule (v) of Rule 13A,the office bearers of the AKPCTA, the District Presidents and the District Secretaries during the immediately preceding year and elected representatives of the AKPCTA in the Senate and .............................. | 14 (a) (ii): The elected delegates to the twelve District Councils as provided in sub Rule (v) of Rule 13A,the office bearers of the AKPCTA, the District Presidents and the District Secretaries during the immediately preceding year and elected / nominated representatives of the AKPCTA in the Senate and ............................ |
| 16 (2) :The Secretaries of all District Councils for the year | 16(2) (i) :The Secretaries of all District Councils for the year |
| Nil | 16 (2)(ii) : Not more than one member of Syndicate each from Kerala, Calicut, Mahatma Gandhi, Kannur Universities, nominated by the State Working Committee, Convener of Academic Committee, Women's Sub Committee, Service Cell and the Chief Editor of the Journal shall be special Invitees to the State Working Committee |

| | |
|---|---|
| 16 B (a)(ii): Eight members to be nominated by the State Working Committee. The Convener of the Academic Committee shall be nominated from among these members by the State Working Committee. | 16 B(a) (ii). The Convener of the Academic Committee nominated by the State Working Committee. The District Academic Committee Conveners, also nominated by the State Working Committee. |
| 16B(a)(iii) The President, the General Secretary and the Treasurer of the Association will be ex- officio members Nil | 16B(a)(iii) The office bearers of the Association will be ex- officio members |
| Nil | **16 C Women's Sub Committee**<br>a) The Women's Sub Committee of the AKPCTA shall consists of<br>(i) The woman Vice President of the AKPCTA referred in Rule 20(a) as its Chairperson<br>(II) The Convener nominated by the State Working Committee from the women members of AKPCTA<br>(III) District Women's Sub Committee Conveners nominated by the State Working Committee from the women members of AKPCTA<br>(iv) The office bearers of the AKPCTA as ex-officio members<br>b) The Women's Sub Committee shall advise the State Committee on all matters relating to the welfare of Women teachers of AKPCTA |
| Nil | **16 D Service Cell**<br>I) The Service Cell of AKPCTA shall consist of a Convener and members nominated by the State Working Committee<br>(ii) The office bearers of the AKPCTA shall be ex-officio members of the Service Cell<br>iii) The Service Cell shall advise the State Committee on all service related matters of the members of AKPCTA |
| Nil | **16 E Chief Editor of the Journal**<br>The Chief Editor of "Kerala Private College Teacher", the Journal of AKPCTA shall be nominated by the State Working Committee. |
| Nil | **16 E Legal Cell**<br>i)The Legal Cell of the AKPCTA shall consists of a Convener and members nominated by the State Working Committee<br>(ii) The office bearers of the AKPCTA shall be ex-officio members of the Legal Cell<br>iii) The Legal Cell shall advise the State Committee on all legal matters affecting the members of AKPCTA |
| Nil | **16 F Ayurveda, Engineering, Education and Homoeo Sub Committees**<br>i) There shall be a subcommittee each for Ayurveda, Engineering, Training and Homoeo colleges. A Secretary under Rule 22 shall be the Convener of each subcommittee and its members shall be nominated by the State Working Committee<br>(ii) Each subcommittee will have a Joint Secretary nominated by the State Working Committee. She/he shall be a teacher of the subject concerned<br>iii) These subcommittees shall advise the State Committee on all matters arising from the respective areas.<br>18 (c) : The General Secretary may convene a meeting of office bearers of the AKPCTA if an emergency situation arises . The decisions taken in such a meeting shall be reported in the next meeting of the State Working Committee |
| **20 Two Vice-Presidents**<br>Nil<br>The Vice-President, in addition to the duties specified in 16 A (i)(a) and 24(1) shall have such other duties and functions as may be assigned to them from time to time by the president and/or any of the agencies mentioned in Rules 14,15 and 16 and 16A | **20 Two Vice-Presidents**<br>a) One of the two Vice-Presidents shall be a woman<br>b) The Vice-President, in addition to the duties specified in 16 A (i)(a) and 24(1) shall have such other duties and functions as may be assigned to them from time to time by the president and/or any of the agencies mentioned in Rules 14,15 and 16 and 16A |
| Nil | 21(f): As far as possible representations to government, University and other authorities shall be jointly signed by the President and the General Secretary |
| **22 Four Secretaries**<br>Para 1<br>Para 2<br>Para 3<br>Nil | **22 Four Secretaries**<br>Para 1<br>Para 2<br>Para 3<br>The State Secretaries shall occasionally convene meetings of the members of the State Working Committee from their area to discuss matters arising from the concerned area and to report to the next State Working Committee |
| **28 Dissolutions**<br>The AKPCTA may be dissolved by a resolution passed by a three-fourths majority of the members present and voting at a conference specially convened for the purpose | **28 Dissolutions:**<br>The AKPCTA may be dissolved by a resolution passed by a three-fourths majority of the members present and voting and a simple majority of the total membership of the AKPCTA at a conference specially convened for the purpose |

അജയഘോഷ് എസ്.
*എസ്.എൻ കോളേജ്, ചാത്തന്നൂർ*

# കനലെരിയുമ്പോൾ



പകലെരിയുന്ന സായന്തനത്തിൽ
ഞാനിനി ആർക്കാണ് കൂട്ടിരിക്കുക
ചോരവററിയ മിഴിയിണകളാൽ
നീയെന്നാണിനി പരിഭവമോതുക
ചിറകററ മോഹനൊമ്പരങ്ങൾ
അക്ഷരമററ നാവിൽ നിന്നും
ഞാനെങ്ങനെയാണിനി വായിച്ചെടുക്കുക
നീ ചൊന്ന സങ്കടങ്ങളുടെ അലകടൽ
കനൽമഴയായ് നെഞ്ചിലൂറുമ്പോൾ
ഞാനെങ്ങനെയാണ് ഹൃദയവാതിലടയ്ക്കുക?
നിൻെറ സ്വപ്നങ്ങളുടെ ബാക്കി പാത്രം
സിരകളിൽ അഗ്നി പടർത്തുമ്പോൾ
ഞാനാർക്കാണ് പകർന്ന് നൽകുക
കൽവിളക്കായ് നീ കണ്ണിലെരിയുമ്പോൾ
ഞാനെങ്ങനെയാണ് മിഴിയടച്ചുറങ്ങുക?

(അകാലത്തിൽ അന്തരിച്ച കാഞ്ഞിരംകുളം ഗവ. കോളജ് അദ്ധ്യാപകൻ ശ്രീ. എൻ. വി. ഗണേഷ്കുമാറിൻെറ സ്മരണയ്ക്ക് )

അഭിവാദ്യങ്ങൾ

എ.കെ.പി.സി.ടി.എ
54-ാം സംസ്ഥാന
സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ

എസ്. എച്ച്. കോളേജ്
തേവര

Sectt. 3/45/201... DIRECTORATE OF COLLEGIATE EDUCATION 21 JAN 2012 THIRUVANANTHAPURAM

GOVERNMENT OF KERALA

Higher Education (D) Department
Thiruvananthapuram,
Dated: 18-01-2012.

No. 170/D2/2012/H.Edn.

From

*The Principal Secretary to Government*

To

*The Director of Collegiate Education,*
*Thiruvananthapuram.*

Sir,

*Sub:- Higher Education Department- Private Aided Colleges- Concurrence for filling up of vacancies in Private Aided Colleges – instructions – forwarding of - reg.*

*Ref:- 1. Minutes of the meeting held by Hon'ble Minister for Education on 13/12/11*
*2. Government letter of even number dated 4/1/12*

****

*I am to invite your attention to the reference cited and to inform you that*

*1. Appointment to all vacancies, both teaching and non-teaching, arising due to Fresh appointment(s)/ Retirement/VRS/Promotion/Dying-in-harness and which are not supernumerary posts can be filled up by the Management of Private Aided Colleges without Government concurrence subject to the conditions that*

*a) An under taking in the format attached herewith shall be submitted along with the first salary bill of the new appointee*

*b) The Manager shall obtain an under taking from the appointee agreeing to refund all payments made to the appointee on account of this appointment in the event of any findings in future by the Government or by the Zonal Office of the Directorate of Collegiate Education that there was no sufficient work load at the time of this appointment*

*2. The Deputy Director of Collegiate Education shall before approving the disbursement of the salary of the new appointee verify*

*a) That the undertaking attached is in the prescribed format*

*b) That the posts against which the appointment has been made are not supernumerary posts*

*3. The Deputy Director of Collegiate Education shall complete the verification referred to above within three months from the date of approval of the appointment by the concerned University*

*The above instructions come into force forthwith. The Director of Collegiate Education should take immediate steps to inform all concerned about the undertaking prescribed by Government*

*Yours faithfully,*
*FINNY ZACHARIAH*
*Deputy Secretary*
*for Principal Secretary to Government*

*Approved for issue,*

*Section Officer*

അഭിവാദ്യങ്ങൾ

എ.കെ.പി.സി.ടി.എ
54-ാം സംസ്ഥാന
സമ്മേളനം

2012 മാർച്ച് 9,10,11 ▪ തൃശ്ശൂർ

എസ്.എൻ.കോളജ്
ചെമ്പഴന്തി

# ഇനി പവ്വർ കട്ടിൽ നിന്നും മോചനം!

ICROTEK
CHNOLOGY WE LIVE
INVERTORS

EXIDE
INDUSTRIAL

Velda
www.veldabattery.com




## INVERTOR & UPS

Price Starts from
**10,500/-**
625 VA +
70 AH Exide Battery

# BATTERY HOUSE

Vyaparabhavan, Calicut Road
PERINTALMANNA
e-mail: batteryhousepmna@gmail.com

THIRUVALLA
Offi: 04693-250850
Mob: 9495233045

**Tel: Shop: 04933-226850, 214850 Mob: 9388011370**

No. 234
KERALA PRIVATE COLLEGE TEACHER
Registered No. KL/TV (N)35/2012-2014
Rs. 11/- March 2012

AN ISO 9001:2008 & ISO 14001:2004 CERTIFIED COMPANY

CUSTOMER CARE
94460 19999

NO COMPROMISE IN QUALITY

PRINCE TMT™
STEEL BARS
കരുത്തിലാണ് കാര്യം

മാറ്റാൻ പറ്റാത്ത തീരുമാനം



വാർക്കകമ്പിയുടെ തിരഞ്ഞെടുക്കൽ സമയോചിതമായി ചെയ്യേണ്ട അതീവ പ്രാധാന്യമർഹിക്കുന്ന ഒന്നാണ്. കാരണം അവ ഒരിക്കൽ ഉപയോഗിച്ചു കഴിഞ്ഞാൽ പുറംമോടിക്കായി ഉപയോഗിക്കുന്ന വസ്തുക്കളെപ്പോലെ പിന്നീട് മാറ്റാനാവുന്നതല്ല.

PRINCE GROUP

PRINCE TMT STEELS PVT. LTD.,
Block No. 34, Kinfra Wise Park, Kanjikode (E), Palakkad - 678 621, Kerala. Tel: 0491-2566699, 2569245. Fax: 0491-2569799. E-mail: princetmt@gmail.com Website: www.princetmt.com

A QUALITY PRODUCT FROM PRINCE GROUP

Edited, Printed and Published by S. Viswanathan, AKPCTA State Committee Office, Vanchiyoor, Tvpm-35, Phone: 2463494 Fax: 0471-2468984, e-mail: akpctatvm@gmail.com, www.akpcta.org. Printing & Typeset: New Genial Printers, Tvpm-01. Ph: 3012141
Chief Editor: Dr. S. Jayaraj Kumar